# യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) SUCI [C] സംസ്ഥാന കമ്മിറ്റി മുഖപത്രം

സെപ്തംബർ 2016 വാല്യം 43 ലക്കം 5 *ചീഫ് എഡിറ്റർ : സി. കെ. ലൂക്കോസ്* പേജ് 16 വില 5.00 രൂപ


## ചരക്ക്-സേവന നികുതി (GST)

# കുത്തകകൾക്കുവേണ്ടിയുള്ള നികുതി ഘടനാപരിഷ്ക്കാരം

**ഏതാനും വർഷങ്ങളായി ചരക്ക്-സേവന നികുതി, അഥവാ ജിഎസ്ടി, അവതരിപ്പിക്കുന്നതിനെക്കുറിച്ച് ഭാരത സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്നു. ഇപ്പോൾ ഈ ബിൽ പാർലമെന്റ് പാസ്സാക്കി സംസ്ഥാനങ്ങളുടെ പരിഗണനയ്ക്കായി അയച്ചിരിക്കുന്നു. കേന്ദ്ര എക്സൈസ് ഡ്യൂട്ടി, മൂല്യവർദ്ധിത നികുതി അഥവാ വാറ്റ്, ഒക്ട്രോയ് ഡ്യൂട്ടി, പ്രവേശന നികുതി, കസ്റ്റംസ് ഡ്യൂട്ടി, സേവന നികുതി തുടങ്ങി വിവിധങ്ങളായ പരോക്ഷനികുതികൾ നമ്മുടെ രാജ്യത്ത് നിലവിലുണ്ട്. ഇവയെ എല്ലാം ഉൾപ്പെടുത്തി, ഇവയ്ക്കു പകരമായാണ് ജിഎസ്ടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്. അതായത്, എല്ലാ ചരക്കുകൾക്കും സേവനങ്ങൾക്കുംമേൽ ഇനിമുതൽ ജിഎസ്ടി എന്ന ഒറ്റനികുതി മാത്രമാകും ചുമത്തപ്പെടുക.**

2009-ൽ, അന്നത്തെ കോൺഗ്രസ് സർക്കാരാണ് ഈ നിർദ്ദേശം മുന്നോട്ടു വെച്ചത്. ഇപ്പോഴത്തെ ബിജെപി സർക്കാരാകട്ടെ ഇത് നടപ്പിൽ വരുത്തുന്നു. സിപിഐ(എം) അടക്കം, മിക്കവാറും പ്രതിപക്ഷപ്പാർട്ടികൾ ഒക്കെത്തന്നെ ജിഎസ്ടിക്ക് അനുകൂലമാണ്. ജിഎസ്ടി നിരക്ക് 18% ആയി നിജപ്പെടുത്തണമെന്ന ആവശ്യം കോൺഗ്രസ് മുന്നോട്ടു വെച്ചിരുന്നുവെങ്കിലും, അത് ആദർശത്തിലേറെ ബിജെപി സർക്കാരുമായി വിലപേശാനുള്ള ഉപകരണം മാത്രമായിരുന്നു. പക്ഷേ തത്വത്തിൽ, സിപിഐ(എം)അടക്കമുള്ള പ്രതിപക്ഷ പാർട്ടികൾ ഒന്നും തന്നെ ജിഎസ്ടിക്ക് എതിരല്ല. ജിഎസ്ടി അവതരിപ്പിക്കുന്നത് ജനത്തിന്റെ നടുവൊടിക്കുമോ, അവരെ കൂടുതൽ പാപ്പരാക്കുമോ, എന്നൊക്കെയുള്ള വിലയിരുത്തൽപോലും അവരുടെ പരിഗണനയിൽ ഇല്ല എന്നാണിത് കാണിക്കുന്നത്. വാസ്തവത്തിൽ, സർക്കാരിന്റെ ഭാഗത്തുനിന്നും സ്വാഗതാർഹമായ നീക്കമാണ് ജിഎസ്ടി എന്ന മട്ടിലുള്ള നിലപാടാണ് ജനങ്ങൾക്കുമുമ്പാകെ ഇവർ കൈക്കൊണ്ടിട്ടുള്ളതും. പ്രതിപക്ഷപാർട്ടികൾ ഉയർത്തിയ എതിർപ്പിന്റെ ചെറുസ്വരങ്ങളാകട്ടെ, കോൺഗ്രസും പ്രാദേശികപാർട്ടികളും ഭരിക്കുന്ന സംസ്ഥാനസർക്കാരുകൾക്ക് ജിഎസ്ടിയിൽ നിന്നുള്ള വരുമാനത്തിന്റെ പങ്ക് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ടു മാത്രമായിരുന്നു താനും. ജിഎസ്ടി നടപ്പിൽ വരുത്തുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാനനഷ്ടം പൂർണ്ണമായും പരിഹരിക്കാമെന്ന കേന്ദ്രധനകാര്യവകുപ്പു മന്ത്രി അരുൺ ജെയ്റ്റ്ലിയുടെ ഉറപ്പിന്മേൽ, എതിർപ്പിന്റെ ആ ചെറുസ്വരങ്ങൾ പോലും കെട്ടടങ്ങുകയുണ്ടായി. ഈ പശ്ചാത്തലത്തിൽ, ഭരിക്കുന്ന കുത്തകകളുടെ താൽപ്പര്യാർത്ഥമുള്ള ഈ പദ്ധതി യാതൊരു എതിർപ്പും കൂടാതെ നടപ്പാക്കപ്പെടുകയാണ്. ധനകാര്യമന്ത്രി അവകാശപ്പെടുന്നത്, ജിഎസ്ടി നടപ്പിലാക്കുമ്പോൾ ഇന്ത്യ ഒരു ഏകീകൃത കമ്പോളമാക്കപ്പെടുകയും, നികുതിക്കുമേലുള്ള നികുതി ഒഴിവായി ചരക്കുകൾക്കും സേവനങ്ങൾക്കും വില കുറഞ്ഞ് വ്യാപാരത്തിന് വളരെയധികം സഹായകരമാകുന്ന അവസ്ഥയുണ്ടാകുകയും ചെയ്യുമെന്നാണ്. ഇന്ത്യയുടെ ജിഡിപി വളർച്ചാനിരക്ക് പ്രതിവർഷം 2% വെച്ച് വർദ്ധിക്കുമെന്നും ജിഎസ്ടിയെ അനുകൂലിക്കുന്നവർ പറയുന്നു. നമുക്ക് ഈ അവകാശവാദത്തിന്റെ സാധുതയും, തുടർന്ന് എന്തുകൊണ്ട് ജിഎസ്ടി നടപ്പിലാക്കുന്നു എന്നും പരിശോധിക്കാം.

*(ശേഷം 12-ാം പേജിൽ)*

## കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ

## ഇടതുപക്ഷ ഐക്യമുന്നണി(LUF)യുടെ ആഭിമുഖ്യത്തിൽ

# സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ

**വിലക്കയറ്റം തടയുക, തൊഴിൽ നിയമ ഭേദഗതികൾ പിൻവലിക്കുക, റെയിൽവേ ചാർജ്ജ് വർദ്ധനവുകൾ പിൻവലിക്കുക, പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധനവ് പിൻവലിക്കുക, പ്രതിരോധം, ഔഷധനിർമ്മാണം, ചില്ലറ വില്പന തുടങ്ങിയ മേഖലകൾ പ്രത്യക്ഷ വിദേശ നിക്ഷേപത്തിന് തുറന്നുകൊടുക്കാനുള്ള തീരുമാനം റദ്ദ് ചെയ്യുക, കാർഷികോല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുക, വിദ്യാഭ്യാസ-സാമൂഹിക-സാംസ്കാരിക രംഗങ്ങളിലെ വർഗ്ഗീയവല്ക്കരണം അവസാനിപ്പിക്കുക, ദളിത് ജനവിഭാഗങ്ങൾക്കെതിരെ നടക്കുന്ന ആക്രമണങ്ങൾക്ക് അറുതി വരുത്തുക, ഇൻഡോ-യു.എസ്. സൈനിക സഹകരണ കരാർ റദ്ദ്ചെയ്യുക തുടങ്ങിയ ഡിമാന്റുകൾ ഉന്നയിച്ചുകൊണ്ട് ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26 ന് ജില്ലാ കേന്ദ്രങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിലേയ്ക്ക് പ്രതിഷേധ മാർച്ചും ധർണ്ണയും നടന്നു.**




തിരുവനന്തപുരം ജിപിഒയ്ക്കുമുന്നിൽ ഇടതുപക്ഷ ഐക്യമുന്നണി സംഘടിപ്പിച്ച ധർണ്ണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറിയും കേന്ദ്രകമ്മിറ്റിയംഗവുമായ സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്യുന്നു.

### തിരുവനന്തപുരം

ഇടതുപക്ഷ ഐക്യമുന്നണിയുടെ നേതൃത്വത്തിൽ ജിപിഒ ഓഫീസിന് മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടറി സഖാവ് സി.കെ.ലൂക്കോസ് ഉദ്ഘാടനം ചെയ്തു. സാധാരണ ജനങ്ങളെ ദുരിതത്തിലാഴ്ത്തുന്ന കുത്തകാനുകൂല നയങ്ങളിൽ നിന്ന് ശ്രദ്ധതിരിക്കാനാണ് വർഗ്ഗീയ-വിഭാഗീയ ഭ്രാന്ത് വളർത്തിയെടുക്കുന്നത്. എന്നാൽ, ഇന്ന് ഈ നയങ്ങൾക്കെതിരെ ഗുജറാത്തിലുൾപ്പെടെ വൻ പ്രതിഷേധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. “വാളെടുത്തവൻ വാളാൽ” എന്ന സ്ഥിതിയിലാണിന്ന് ബിജെപി സർക്കാർ, അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് ജിപിഒയുടെ മുന്നിൽ നടന്ന പ്രതിഷേധ ധർണ്ണയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാനസെക്രട്ടേറിയറ്റംഗം സഖാവ് ജി.എസ്.പത്മകുമാർ, എംസിപിഐ (യുണൈറ്റഡ്) സംസ്ഥാനകമ്മിറ്റിയംഗങ്ങളായ സഖാക്കൾ ശ്രീനിവാസദാസ്, പ്രതാപ്സിങ്, ആർഎംപി ജില്ലാസെക്രട്ടറി സഖാവ് ആർ.ബാലകൃഷ്ണപിള്ള, സഖാവ് പേരൂർക്കട മോഹനൻ എന്നിവർ പ്രസംഗിച്ചു. ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ ചെയർമാൻ സഖാവ് വി.കെ.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. കൺവീനർ സഖാവ്

*(ശേഷം 2-ാം പേജിൽ)*

പേജ് ഉള്ളടക്കം


- 3 സൈദ്ധാന്തിക പാഠങ്ങൾ
- 4 യുവജന സമ്മേളനങ്ങൾ
- 5 തെരുവുനായ ആക്രമണം
- 6 ഐഎൻപിഎ പ്രക്ഷോഭം
- 6 ടോൾപാതവിരുദ്ധ സമരം
- 7 ശിബ്ദാസ്ഘോഷ് അനുസ്മരണം
- 10 കലാവിദ്യാർത്ഥി സമരം
- 11 എംടിപി ആക്ട് ഭേദഗതിക്കെതിരെ
- 15 വിദ്യാർത്ഥി സമ്മേളനങ്ങൾ
- 16 സേവ് എജ്യൂക്കേഷൻ കൺവൻഷൻ

# ഇടതുപക്ഷ ഐക്യമുന്നണി പ്രക്ഷോഭം



കൊല്ലം ഹെഡ്പോസ്റ്റോഫീസ് മാർച്ച് എംസിപിഐ(യു) കേന്ദ്രക്കമ്മിറ്റിയംഗം അഡ്വ.രാജാദാസ് ഉദ്ഘാടനം ചെയ്യുന്നു

*(1-ാം പേജിൽ നിന്ന്)*

ആർ.ബിജു സ്വാഗതം പറഞ്ഞു. ധർണ്ണക്ക് ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ നേതാക്കളായ സഖാക്കൾ എം.ഷാജർഖാൻ, ഡി.സുന്ദരേശൻ, മുകുന്ദേഷ്, പേരൂർക്കട സുരേന്ദ്രൻ എന്നിവർ നേതൃത്വം നൽകി.

## കൊല്ലം

ഇടതുപക്ഷ ഐക്യമുന്നണി കൊല്ലം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ചിന്നക്കടയിൽ ഹെഡ്പോസ്റ്റ് ഓഫീസ് മാർച്ചും ധർണ്ണയും നടത്തി. ധർണ്ണ എംസിപിഐ(യു) കേന്ദ്ര കമ്മിറ്റിയംഗം അഡ്വ. രാജാദാസ് ഉദ്ഘാടനം ചെയ്തു. സാമ്പത്തിക രംഗത്തെ കടന്നാക്രമണങ്ങൾക്കൊപ്പം വർഗ്ഗീയമായ ചേരിതിരിവ് സൃഷ്ടിക്കാനുള്ള ബിജെപിയുടെ ശ്രമങ്ങൾ സമൂഹത്തെ ഭയാനകമായപ്രതിസന്ധിയിലേക്കാണ് നയിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു.

ട്യമാണ് ഇതിലൂടെ വെളിവാകുന്നത്. പ്രതിപക്ഷത്തിരുന്നപ്പോൾ നഖശിഖാന്തം എതിർത്തിരുന്ന നയങ്ങളാണ് നരേന്ദ്ര മോദി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. കുത്തകാനുകൂല നയങ്ങൾ തടസ്സമില്ലാതെ നടപ്പിലാക്കാനാണ് ജാതീയസ്പർദ്ധ വളർത്തി ജനങ്ങളെ തമ്മിലടിപ്പിക്കുന്നതെന്നും ഇതിനെതിരെ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇടതുപക്ഷ ഐക്യമുന്നണിയുടെ നേതൃത്വത്തിൽ കോട്ടയത്ത് നടന്ന ബിഎസ്എൻഎൽ ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്യുകയായിരുന്നു കെ.എസ്.ഹരിഹരൻ. എംസിപിഐ (യു) സംസ്ഥാന കമ്മിറ്റിയംഗം കെ.കെ.സാജു, എസ്യുസിഐ (സി) ജില്ലാ സെക്രട്ടേറിയറ്റ് അംഗം എൻ.കെ.ബിജു, ഇ.വി.പ്രകാശ്, എ.ജി.അജയകുമാർ എന്നിവരും പ്രസംഗിച്ചു. ഇടതുപക്ഷ ഐക്യമുന്നണി




ആലപ്പുഴ സെൻട്രൽ ടെലഗ്രാഫ് ഓഫീസ് മാർച്ച് എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗവും എൽയുഎഫ് സംസ്ഥാന കൺവീനറുമായ ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു

ഇടതുപക്ഷ ഐക്യമുന്നണി ജില്ലാ ചെയർപേഴ്സൺ ഷൈല കെ. ജോണിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജില്ലാ കൺവീനർ വി.എസ്. രാജേന്ദ്രൻ, എസ്. രാധാകൃഷ്ണൻ തുടങ്ങിയവർ പ്രസംഗിച്ചു. മാർച്ചിന് മുന്നോടിയായി ചിന്നക്കട റസ്റ്റ് ഹൗസിന് മുന്നിൽ നിന്നും ആരംഭിച്ച പ്രകടനത്തിൽ നൂറുകണക്കിന് മുന്നണി പ്രവർത്തകർ അണിനിരന്നു.

## കോട്ടയം

പ്രതിരോധം, ചില്ലറ വ്യാപാരം, ഔഷധ നിർമ്മാണം അടക്കമുള്ള മേഖലകളിൽ നൂറു ശതമാനം വിദേശനിക്ഷേപം അനുവദിച്ചതിലൂടെ മോദി സർക്കാർ ഇന്ത്യയിലെ സാധാരണക്കാരനെ ജാതിഭേദമില്ലാതെ

ജില്ലാ കൺവീനർ മിനി കെ.ഫിലിപ്പ് അദ്ധ്യക്ഷത വഹിച്ചു. ജില്ലാ ആശുപത്രിയുടെ മുന്നിൽനിന്നും ആരംഭിച്ച പ്രകടനത്തിന് കെ.പി.വിജയൻ, പിൻ.എൻ.തങ്കച്ചൻ, വി.പി.കൊച്ചുമോൻ, കെ.എൻ.രാജൻ, കെ.എസ്. ശശികല, റ്റി.ജെ.ജോണിക്കുട്ടി തുടങ്ങിയവർ നേതൃത്വം നൽകി.

## ആലപ്പുഴ

ആലപ്പുഴ ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26 ന് സെൻട്രൽ ടെലഗ്രാഫ് ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. മാർച്ച് എൽയുഎഫ് സംസ്ഥാന കൺവീനറും എസ്യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗവുമായ ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു.




കോട്ടയം ബിഎസ്എൻഎൽ ഓഫീസ് മാർച്ച് ആർഎംപി സംസ്ഥാനസെക്രട്ടേറിയറ്റംഗവും എൽയുഎഫ് ചെയർമാനുമായ സഖാവ് കെ.എസ്.ഹരിഹരൻ ഉദ്ഘാടനം ചെയ്യുന്നു

വിദേശ-സ്വദേശ കുത്തകകളുടെ ചൂഷണത്തിന് എറിഞ്ഞുകൊടുത്തിരിക്കുകയാണ് എന്ന് ഇടതുപക്ഷ ഐക്യമുന്നണി സംസ്ഥാന ചെയർമാൻ കെ.എസ്.ഹരിഹരൻ ചൂണ്ടിക്കാട്ടി. ബിജെപിയുടെ ദേശഭക്തിയുടെ കാപ

എംസിപിഐ(യു) സംസ്ഥാനകമ്മിറ്റിയംഗം സഖാവ് ഇ.ടി.ശശി അദ്ധ്യക്ഷനായിരുന്നു. സഖാക്കൾ വർഗ്ഗീസ് എം.ജേക്കബ്, എസ്.സീതിലാൽ, അഡ്വ.എം.എ.ബിന്ദു എന്നിവരും പ്രസംഗിച്ചു.




കോഴിക്കോട് ആദായനികുതി ഓഫീലേയ്ക്ക് നടത്തിയ മാർച്ച് ആർഎംപി സംസ്ഥാന സെക്രട്ടറി സഖാവ് എൻ.വേണു ഉദ്ഘാടനം ചെയ്യുന്നു

## എറണാകുളം

ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്)യുടെ ആഭിമുഖ്യത്തിൽ എറണാകുളത്ത് ടെലിഫോൺ എക്സ്ചേഞ്ചിലേയ്ക്ക് നടന്ന മാർച്ച് എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. "വികസനത്തിന്റെ വായ്ത്താരിമുഴ

മുഖ്യപ്രസംഗം നടത്തി. എസ്യുസിഐ(സി) ജില്ലാസെക്രട്ടേറിയറ്റംഗം പി.എം.ദിനേശൻ, എംസിപിഐ(യു) ജില്ലാ സെക്രട്ടറി എം.കെ. വിജയൻ എന്നിവർ പ്രസംഗിച്ചു. മേനകയിൽ നിന്നാരംഭിച്ച മാർച്ചിന് ജില്ലാ നേതാക്കൾ നേതൃത്വം കൊടുത്തു.




കണ്ണൂർ ടൗണിൽ നടന്ന പ്രതിഷേധ ധർണ്ണ പ്രമുഖ എഴുത്തുകാരനും ആക്ടിവിസ്റ്റുമായ കെ.സി.ഉമേഷ്ബാബു ഉദ്ഘാടനം ചെയ്യുന്നു.

ക്കുന്ന മോദിയുടെ നേതൃത്വത്തിൽ രാജ്യത്തെ തൊഴിലാളികൾക്കും പാവങ്ങൾക്കുമെതിരെ യുദ്ധപ്രഖ്യാപനമാണ് സർക്കാർ നടത്തുന്നത്. അമേരിക്കൻ സാമ്രാജ്യത്വവുമായി സൈനികസഹകരണത്തിലേർപ്പെടുന്ന മോദി രാജ്യത്തിന്റെ സാമ്രാജ്യത്വവിരുദ്ധ പാരമ്പര്യത്തെ വെല്ലുവിളിക്കുകയാണ്. പൊതുമേഖലാവ്യവസായങ്ങളും സേവനമേഖലകളും സ്വകാര്യവൽക്കരിക്കുന്നതുവഴി രാജ്യത്തെ ജനങ്ങളെ ഇരുട്ടിലേയ്ക്കു നയിക്കുകയാണ് ബിജെപി സർക്കാർ. അടിസ്ഥാനമേഖലകളിൽ യാതൊരുവികസനവും കൊണ്ടുവരുന്നി

## കോഴിക്കോട്

കോഴിക്കോട് ജില്ലാ ഇടതുപക്ഷഐക്യമുന്നണിയുടെ നേതൃത്വത്തിൽ മുതലക്കുളം മൈതാനിയിൽ നിന്ന് ആരംഭിച്ച പ്രകടനം ആദായനികുതി ഓഫീസിനു മുമ്പിൽ പോലീസ് തടഞ്ഞു. തുടർന്ന് നടന്ന പ്രതിഷേധ യോഗത്തിൽ എസ്യുസിഐ ജില്ലാസെക്രട്ടറി എ.ശേഖർ അദ്ധ്യക്ഷത വഹിച്ചു. ആർഎംപി സംസ്ഥാന സെക്രട്ടറി സ.എൻ വേണു ഉൽഘാടനം ചെയ്തു. സ.കുഞ്ഞിക്കണാരൻ സ്വാഗതം പറഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് വലിയ




പാലക്കാട് ഹെഡ്പോസ്റ്റോഫീസ് മാർച്ച് ആർഎംപി ചെയർമാൻ സഖാവ് ടി.എൽ.സന്തോഷ് ഉദ്ഘാടനം ചെയ്യുന്നു

ല്ലെന്നുമാത്രമല്ല, രാജ്യത്തെ ദരിദ്രജനകോടികളെ കുത്തകകളുടെ കൊടിയചൂഷണത്തിന് വിധേയരാക്കുകയാണ് ഇവർ" അദ്ദേഹം ചൂണ്ടിക്കാട്ടി. എൽയുഎഫ് ജില്ലാ ചെയർമാൻ ടി.കെ.സുധീർകുമാർ അദ്ധ്യക്ഷതവഹിച്ച യോഗത്തിൽ എൽയുഎഫ് സംസ്ഥാന വൈസ്ചെയർമാൻ കെ.ആർ.സദാനന്ദൻ

പ്രതീക്ഷനൽകിക്കൊണ്ട് ജന്മം കൊണ്ട ഇടതുപക്ഷഐക്യമുന്നണി പടിപടിയായി ജനാധിപത്യ പ്രക്ഷോഭണം വളർത്തിയെടുക്കുവാൻ ശ്രമിക്കുകയാണ്. അനുദിനമെന്നോണം ജനതാല്പര്യങ്ങൾ ചവിട്ടിമെതിച്ചുകൊണ്ട് കുത്തകകൾക്ക്

*(ശേഷം 3-ാം പേജിൽ)*

## സൈദ്ധാന്തിക പാഠങ്ങൾ

# സാംസ്ക്കാരിക രംഗത്തെ പ്രതിസന്ധിയും ഫാസിസവും

**– സ. ശിബ്ദാസ് ഘോഷ്**

*(1957-ൽ പാർട്ടിയുടെ ബംഗാളി മുഖപത്രമായ ഗണദാബിയിൽ പ്രസിദ്ധീകരിച്ച ലേഖനം. ദർപ്പൺ-ന്റെ വിശേഷാൽ പതിപ്പിനുവേണ്ടി 1966-ൽ വിപുലീകരിച്ച് പ്രസിദ്ധീകരിച്ചതിൽനിന്ന്.)*

(കഴിഞ്ഞ ലക്കം തുടർച്ച)

നമ്മുടെ രാജ്യത്ത് ബൂർഷ്വാ ജനാധിപത്യ സമ്പ്രദായം ആവിഷ്ക്കരിക്കപ്പെട്ടതുമുതൽ, ആത്മീയതയുടെയും പ്രകൃത്യാതീതവാദത്തിന്റെയും പരിപാലനം എല്ലാ മേഖലകളിലും വമ്പിച്ച അളവിൽ നടമാടുകയാണ്. സാമുദായികാചാരങ്ങൾ, പ്രവാചകന്മാരുടെയും അവതാരങ്ങളുടെയും ജന്മ-സമാധി വാർഷിക ദിനങ്ങളിലുള്ള മതപരമായ ഘോഷയാത്രകൾ, സമ്മേളനങ്ങൾ, ചർച്ചകൾ തുടങ്ങിയവയുടെ വർദ്ധനവും വ്യാപനവും തീർച്ചയായും ഏതൊരാൾക്കും കാണാനാകും. മാനവവാദത്തിന്റെയും ജനാധിപത്യ പരിഷ്ക്കാരങ്ങളുടെയും പേരിൽ ഹിന്ദു കോഡ് ബിൽ, വിധവാ വിവാഹ നിയമം തുടങ്ങിയവ പാസ്സാക്കിയിട്ടുണ്ടെങ്കിലും, അതേസമയം, പൗരാണിക കാലത്തെ പുനഃസ്ഥാപിക്കാനാവില്ല എന്ന് പൂർണ്ണമായും അറിഞ്ഞുകൊണ്ടു തന്നെ, പഴഞ്ചൻ ആശയങ്ങളായ ബ്രഹ്മചര്യയും ഹിന്ദുസ്ത്രീത്വവും ശരിയായ ആദർശമായി വാഴ്ത്തപ്പെടുകയും അതിനെ ചുറ്റിപ്പറ്റി പിന്തുണ സമാഹരിക്കപ്പെടുകയുമാണ്. അന്ധവിശ്വാസത്തിലധിഷ്ഠിതമായ *ഉത്തമ വീട്ടമ്മ*യാവുക എന്ന ആഹ്വാനവും ഹിറ്റ്ലറിന്റെ *അടുക്കളയിലേക്ക് പോവുകയും നല്ല അമ്മയാവുകയും ചെയ്യുക*യെന്ന കാഴ്ചപ്പാടും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്? സോഷ്യലിസത്തിന്റെ പേരിൽ അധരവ്യായാമം നടത്തവേ തന്നെ മേൽപ്പറഞ്ഞ തരത്തിൽ മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിയോജിപ്പിക്കുന്നത്, യുക്തിവിരുദ്ധമായ ആത്മീയ വിശ്വാസങ്ങളുടെയും വിവിധ പ്രകൃത്യാതീത ആശയങ്ങളുടെയും വിപുലമായ വിത്തുപാകലിന് സഹായകരമാവുകയാണ്. ഇന്ന് ഒട്ടുമിക്ക മതപരമായ ആഘോഷങ്ങളുടെയും മുൻനിര സംഘാടകർ മതാചാര്യന്മാരോ പുരോഹിതരോ അല്ല, മറിച്ച് നമ്മുടെ രാജ്യത്തെ രാഷ്ട്രീയ നേതാക്കൾ എന്നറിയപ്പെടുന്നവരാണ്. മതപരമായ ആഘോഷങ്ങളെ രാഷ്ട്രീയവുമായി കൂട്ടിയിണക്കുന്നതിന് കോൺഗ്രസ്സ് നേതാക്കന്മാർ മാത്രമല്ല മുൻകൈയെടുക്കുന്നത്, ഇടതുനേതാക്കളും കമ്മ്യൂണിസ്റ്റ് നേതാക്കളും എന്നറിയപ്പെടുന്നവർ പോലും ജനപ്രീതി സമ്പാദിക്കുന്നതിനുള്ള കുറുക്കുവഴിയായി കണ്ടുകൊണ്ട് യാതൊരു നിയന്ത്രണവുമില്ലാതെ മുഖ്യധാരയിൽ നിലകൊള്ളുകയാണ്. ഏറെ അമ്പരപ്പിക്കുന്ന കാര്യമാണത്!

ഒരു ഭാഗത്ത്, മുതലാളിത്ത സമൂഹത്തിന്റെ ഉൽപ്പാദക ശക്തികളെയും സൈനികശക്തിയെയും വളർത്തിയെടുക്കാനുള്ള വസ്തുനിഷ്ഠമായ ആവശ്യകത പരിഗണിച്ച് ശാസ്ത്രത്തിന്റെ സാങ്കേതികപരമായ വശങ്ങൾ പരിപാലിക്കപ്പെടുന്നു. മറുവശത്ത്, ചിന്തയുടെയും ആശയങ്ങളുടെയും വിവിധ മേഖലകളിൽ യുക്തിവിരുദ്ധവും 'വിശ്വാസസിദ്ധാന്ത'ങ്ങളെ ആധാരപ്പെടുത്തിയതുമായ പ്രകൃത്യാതീതവാദവും ഈശ്വരവിശ്വാസവും പരലോകവിശ്വാസവും മറ്റിതര ആശയവാദപരമായ സിദ്ധാന്തങ്ങളും പ്രോത്സാഹിപ്പിക്കപ്പെടുന്നു. സാങ്കേതിക വളർച്ചയ്ക്കുവേണ്ടി ശാസ്ത്രവും എന്നാൽ കല, സാഹിത്യം, മൂല്യങ്ങൾ തുടങ്ങി മനുഷ്യചിന്തയുടെ ഓരോരോ മേഖലയിൽ ആത്മീയതയും എന്ന രീതിയിൽ ഒരേസമയത്തുള്ള പ്രയോഗം നമ്മുടെ രാജ്യത്ത് സമ്പൂർണ്ണ ഫാസിസത്തിന്റെ വളർച്ചയ്ക്കുള്ള സുവ്യക്തമായ ദുസ്സൂചനയാണ് നൽകുന്നത്. എന്റെ അഭിപ്രായത്തിൽ, *തത്വചിന്തയുടെയും സംസ്കാരത്തിന്റെയും മേഖലകളിൽ, ആധുനിക ശാസ്ത്രത്തിന്റെയും ആത്മീയതയുടെയും ഒരു സവിശേഷ ലയനമാണ് ഫാസിസം.*

നമ്മുടെ രാജ്യത്ത്, ഭരണകൂടത്തിന്റെ സ്വഭാവത്തെ സംബന്ധിച്ച് സ്വേച്ഛാധിപത്യ സിദ്ധാന്തവും, പരസ്പര സംഘർഷത്തിൽ നിലകൊള്ളുന്ന വർഗ്ഗങ്ങൾ തമ്മിലുള്ള വർഗ്ഗസമരത്തിനുപകരം വർഗ്ഗസഹകരണസിദ്ധാന്തവും, മാനവവാദ ലോകവീക്ഷണത്തിന്റെ പേരിൽ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ നിരാകരണവും, സങ്കുചിതമായ ദേശീയവാദ പ്രചാരണവും, എല്ലാറ്റിനുമുപരി, ദേശീയ പാരമ്പര്യത്തിന്റെ പേരിലുള്ള മതാന്ധതയും പോലുള്ള എല്ലാത്തരം ബൂർഷ്വാ-പെറ്റിബൂർഷ്വാ വഷളൻ ആശയങ്ങളും പ്രചരിപ്പിച്ചുകൊണ്ടേയിരിക്കുക എന്നത് നവഫാസിസ്റ്റ് സംസ്കാരത്തിന്റെ ഒരു മുഖ്യ സവിശേഷതയായി മാറിയിട്ടുണ്ട്. *അന്ധത എത്ര കൂടുന്നുവോ അന്ധവിശ്വാസം അത്രത്തോളം വർദ്ധിക്കുന്നു* എന്ന ആപ്തവാക്യത്തിന്റെ പൊരുൾ നന്നായി തിരിച്ചറിയുന്ന ബൂർഷ്വാസി, സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ സംയമനത്തിന്റെയും സമാധാനത്തിന്റെയും ക്രമത്തിന്റെയും പേരിൽ അന്ധമായ അർപ്പണ മനോഭാവവും അച്ചടക്കബോധവും വളർത്തിയെടുക്കാൻ അങ്ങേയറ്റം പരിശ്രമിക്കുകയാണ്.

ഇവയൊന്നും കൂടാതെ, സമ്പൂർണ്ണ ഫാസിസത്തിന് ഒരു രാജ്യത്തും വളരാനാവില്ല. കാരണം, അന്ധമായ വിധേയത്വവും യാന്ത്രികമായ അച്ചടക്കബോധവും എല്ലാത്തരത്തിലും പെടുന്ന മുൻവിധികളുമാണ് ഫാസിസത്തിന്റെ അടിത്തറ. നമ്മുടെ രാജ്യത്ത്, സ്വതന്ത്രമായ ചർച്ചകൾക്കും സംവാദങ്ങൾക്കും അഭിപ്രായ കൈമാറ്റങ്ങൾക്കും വേണ്ടിയുള്ള ആഗ്രഹവും മനോഭാവവും ദേശീയ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിൽനിന്നും അതിവേഗം അപ്രത്യക്ഷമാവുകയാണ്. എല്ലാ വിവാദപരമായ വിഷയങ്ങളിലും — പൊങ്ങച്ചംകൊണ്ടുള്ള അഹങ്കാരമോ വലിയ ശക്തിയാണെന്നുള്ള സങ്കുചിതത്വമോ അല്ലെങ്കിൽ വിശ്വാസത്തിന്റേതായ ആ പഴയ സിദ്ധാന്തമോ നിരന്തരം അവതരിപ്പിക്കപ്പെടുകയാണ്. ഇടതുരാഷ്ട്രീയ പാർട്ടികളുടെ പ്രത്യേകിച്ചും പ്രബല ഇടതുപാർട്ടികളുടെ നേതാക്കളിലും അണികളിലും പോലും പ്രത്യയശാസ്ത്രപരമായ സഹിഷ്ണുതയുടെ അഭാവം വളരെ പ്രകടമാണ്. എതിരഭിപ്രായങ്ങളെയും വിമർശനങ്ങളെയും സഹിഷ്ണുതയോടെ വിലയിരുത്താനുള്ള മനോഭാവം വലിയ അളവിൽ അപ്രത്യക്ഷമാവുകയാണ്.

അന്ധമായ പാർട്ടി വികാരവും വരട്ടുവാദവും ദിനംപ്രതി വർദ്ധിച്ചുവരികയാണ്. എതിർ പാർട്ടികളെ അവഹേളിക്കുന്നതിനുവേണ്ടി നിരന്തരം വ്യാജപ്രചാരണങ്ങളഴിച്ചുവിടുന്നതിലും കള്ളക്കഥകൾ കെട്ടിച്ചമയ്ക്കുന്നതിലും അവരിൽ മിക്കവർക്കും യാതൊരു മനഃസാക്ഷിക്കുത്തുമില്ലായെന്നാണ് കാണപ്പെടുന്നത്. ഈ പ്രവൃത്തികളെല്ലാം ഗീബൽസിനെയും മുസ്സോളിനിയെയുമാണ് നമ്മെ ഓർമ്മിപ്പിക്കുന്നത്. അവരുടെ ഇത്തരം മനോഭാവമാണ് ദേശീയ ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും ഫാസിസ്റ്റ് മനോഘടന പരക്കാനിടയാക്കുന്നത് എന്നത് ഒരുപക്ഷെ അവർ അറിയുന്നുണ്ടാവില്ല.

ജന്മിത്തവിരുദ്ധ-സാമ്രാജ്യത്വവിരുദ്ധ ദേശീയവിമോചന സമര കാലഘട്ടത്തിൽ, ബൂർഷ്വാ മാനവവാദ മൂല്യങ്ങൾ പഴയ വ്യവസ്ഥയുടെ ഇരുണ്ട വേലിക്കെട്ടിനുള്ളിൽനിന്നും പുറത്തുവരാൻ രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരെ സഹായിക്കുകയുണ്ടായി. ദേശീയപ്രക്ഷോഭ കാലയളവിലുടനീളം അവരുടെ നൈതികവും ധാർമ്മികവുമായ കാഴ്ചപ്പാടിനെ നയിച്ചിരുന്നത് അതായിരുന്നു. പക്ഷെ മാറിയ സാഹചര്യത്തിൽ, അതായത് മുതലാളിവർഗ്ഗം അധികാരം പിടിച്ചെടുക്കുകയും നമ്മുടെ രാജ്യത്ത് ബൂർഷ്വാ ഭരണം സ്ഥാപിക്കുകയും ചെയ്തതിനെത്തുടർന്ന്, ചൂഷകവർഗ്ഗത്തെ സംബന്ധിച്ചിടത്തോളം അത് ഒരു വിശേഷാവകാശമായി മാറി.

ഇന്നെത്തിച്ചേർന്നിരിക്കുന്ന നിശ്ചിതമായ സാഹചര്യത്തിൽ, ഈ മാനവവാദ ആശയങ്ങളും തത്ത്വങ്ങളും മൂല്യങ്ങളും ദേശീയജീവിതത്തിൽ ഫാസിസ്റ്റ്പരമായ മാനസിക ഘടന വളർന്നുവരാൻ സഹായിക്കുകയാണ്. പലർക്കും ഒരുപക്ഷെ ഇത് ഉൾക്കൊള്ളാൻ പ്രയാസമുണ്ടാകും. ഫാസിസവും സാർത്രിന്റെ എക്സിസ്റ്റെൻഷ്യലിസവും ഒരേ മാനവവാദത്തിന്റെ സവിശേഷവും പരസ്പര വിരുദ്ധവുമായ രണ്ട് രൂപങ്ങളാണെന്ന വസ്തുത മനസ്സിലാക്കാൻ ശ്രമിക്കണമെന്ന് ചരിത്ര-സാമൂഹ്യശാസ്ത്ര വിദ്യാർത്ഥികളോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. സ്വാഭാവികമായും, മാനവവാദ മൂല്യങ്ങൾക്ക് ഇന്നത്തെ കാലഘട്ടത്തിൽ സാമൂഹ്യപുരോഗതിയെ നിരന്തരം പ്രോത്സാഹിപ്പിക്കാനും സമൂഹത്തിന്റെ മനോഘടന വിപ്ലവവൽക്കരിക്കാനും ഒട്ടും സാധ്യമല്ല. എന്നാൽ, ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യകതകളുമായി പൊരുത്തപ്പെടുന്ന, കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിത്തറയിലുള്ള, നൈതികവും ധാർമ്മികവുമായ പുതിയ മൂല്യങ്ങൾ ആവശ്യമായ അളവിൽ സാമൂഹ്യജീവിതത്തിൽ വളർന്നുവരികയോ വ്യാപിക്കുകയോ ചെയ്തിട്ടുമില്ല. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്ര പ്രസ്ഥാനത്തിന്റെ ദൗർബ്ബല്യമാണ് ഇതിന് പ്രധാന കാരണം. ഇത്തരമൊരു സാഹചര്യത്തിൽ, നമ്മുടെ സമൂഹത്തിൽ ധാർമ്മികതയുടെയും മൂല്യങ്ങളുടെയും രംഗത്ത് രൂപപ്പെട്ടിരിക്കുന്ന ഈ ശൂന്യതയാണ് സാംസ്കാരികരംഗത്തെ ഇന്നത്തെ പ്രതിസന്ധിയുടെ പ്രധാനകാരണം.

○

---

## എൽയുഎഫ് പ്രക്ഷോഭം...

*(2-ാം പേജിൽ നിന്ന്)*

വേണ്ടി മാത്രം ഭരണം നടത്തുന്ന നരേന്ദ്രമോദി സർക്കാരിൻെറ ജനദ്രോഹ നയങ്ങൾക്കെതിരെയുള്ള സമരത്തിൽ മുഴുവൻ ജനാധിപത്യ വിശ്വാസികളെയും അണിനിരത്തുകയാണിന്നത്തെ കടമയെന്ന് അദ്ദേഹം പറഞ്ഞു. ഇടതുപക്ഷഐക്യമുന്നണി നേതാവ് കെ.പി.പ്രകാശൻ, പി.എം.ശ്രീകുമാർ, എം.കെ.രാജൻഎന്നിവരും പ്രസംഗിച്ചു

### പാലക്കാട്

എൽയുഎഫ് പാലക്കാട് ജില്ലാക്കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 26-ന് ഹെഡ്പോസ്റ്റോഫീസ് മാർച്ച് നടന്നു. മാർച്ച് ആർഎംപി ചെയർമാൻ സഖാവ് ടി.എൽ.സന്തോഷ് ഉദ്ഘാടനം ചെയ്തു. മാർച്ചിന് മുന്നോടിയായി സ്റ്റേഡിയം ബസ്സ്റ്റാന്റിൽ നടന്ന യോഗത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറി സഖാവ് കെ.അബ്ദുൾ അസീസ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(സി) ജില്ലാക്കമ്മിറ്റിയംഗം സ. കെ.എം.ബീവി, ആർഎംപി ജില്ലാസെക്രട്ടറി സ.രാധാകൃഷ്ണൻ മണ്ണാർക്കാട് എന്നിവർ പ്രസംഗിച്ചു. സഖാക്കൾ കെ.പ്രദീപ്, കെ.രാമനാഥൻ, കെ.പ്രസാദ്, എൻ.സുഗന്ധി തുടങ്ങിയവർ നേതൃത്വം നൽകി.

### തൃശൂർ

മോദി സർക്കാരിന്റെ ജനദ്രോഹനയങ്ങൾ അവസാനിപ്പിക്കണെന്നാവശ്യപ്പെട്ട് കൊണ്ട് ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ തൃശ്ശൂർ സ്പീഡ് പോസ്റ്റോഫീസിലേക്ക് പ്രതിഷേധ മാർച്ച് നടന്നു.

വിലക്കയറ്റം തടയുക, റെയിൽവേ ചാർജ് സേവനനികുതിവർദ്ധനവുകൾ പിൻവലിക്കുക, ദളിത് ജനവിഭാഗങ്ങൾക്കുനേരയുള്ള അക്രമങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാന വ്യാപകമായി ജില്ലാ കേന്ദ്രങ്ങളിലേക്ക് നടക്കുന്ന പ്രതിഷേധ സമരത്തിന്റെ ഭാഗമായാണ് മാർച്ച് നടന്നത്. എൽ.യു.എഫ്. സംസ്ഥാന കമ്മിറ്റിയംഗം വി.കെ.മുരളി മാർച്ച് ഉൽഘാടനം ചെയ്തു.

ജനദ്രോഹ നയങ്ങൾ നടപ്പിലാക്കുന്ന കാര്യത്തിൽ മോദിയുടെ മാതൃക മൻമോഹൻസിംഗ് ആണെന്നും കുത്തകകൾക്ക് വേണ്ടി മോദി സ്വീകരിച്ചിരിക്കുന്ന നയങ്ങൾ സാധാരണക്കാരുടെ ജീവിതം താറുമാറാക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലകുറച്ചുകൊണ്ട് ഖജനാവിൽ നിന്നും പണം മുടക്കാതെ വിലക്കയറ്റം തടയുവാൻ കഴിയുമായിരുന്നിട്ടും അത് സർക്കാർ സ്വീകരിച്ചില്ല. ഇൻഡോ-അമേരിക്കൻ സൈനിക കരാർ ഉണ്ടാക്കി നമ്മുടെ സാമ്രാജ്വവിരുദ്ധ പാരമ്പര്യത്തെപ്പോലും തകർക്കുകയാണ് മോദി. ഇതിനെയെല്ലാം എതിരെ ജനങ്ങൾ സമരരംഗത്തിറങ്ങണമെന്നും സെപ്തം 2 ന്റെ ദേശീയ പണിമുടക്ക് വിജയിപ്പിക്കണമെന്നും അദ്ദേഹം തുടർന്നു പറഞ്ഞു.

ആർഎംപി ജില്ലാ പ്രസിഡന്റ് അഡ്വ. ഭഗത്സിംഗ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യുണിസ്റ്റ്) ജില്ലാ സെക്രട്ടറി ഡോ. പി.എസ്.ബാബു, ആർഎംപി ജില്ലാ സെക്രട്ടറി പി.ജെ.മോൻസി, എംസിപിഐ(യു) ജില്ലാ സെക്രട്ടറി പി.ആർ.സിദ്ധാർത്ഥൻ, എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാക്കമ്മിറ്റിയംഗം സി.കെ.ശിവദാസൻ എന്നിവർ പ്രസംഗിച്ചു.

### കണ്ണൂർ

കണ്ണൂർ ടൗണിൽ നടന്ന ധർണ്ണ പ്രമുഖ എഴുത്തുകാരനും ആക്ടീവിസ്റ്റുമായ കെ.സി.ഉമേഷ്ബാബു ഉദ്ഘാടനം ചെയ്തു. മോഹനൻമാസ്റ്റർ, കെ.കെ.സുരേഷ്, ഡോ. ഡി.സുരേന്ദ്രനാഥ്, പോൾ ടി.സാമുവൽ തുടങ്ങിയവർ പ്രസംഗിച്ചു. ○




**തൃശൂർ സ്പീഡ് പോസ്റ്റോഫീസ്മാർച്ച് എംസിപിഐ(യു) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ഇ.കെ.മുരളി ഉദ്ഘാടനം ചെയ്യുന്നു**

# എഐഡിവൈഒയുടെ ആഭിമുഖ്യത്തിൽ ജില്ലാ യുവജനസമ്മേളനങ്ങൾ

*തൊഴിലില്ലായ്മയ്ക്കും സാംസ്കാരിക അധഃപതനത്തിനും അശ്ലീലതയ്ക്കും വർഗ്ഗീയതയ്ക്കും അഴിമതിക്കും യുവജനദ്രോഹ നയങ്ങൾക്കുമെതിരെ സംസ്ഥാനത്ത് വിവിധ ജില്ലകളിൽ യുവജന സമ്മേളനങ്ങൾ നടന്നു. സെപ്തംബർ 18ന് മാവേലിക്കരയിൽ നടക്കുന്ന എഐഡിവൈഒ 2-ാം സംസ്ഥാന സമ്മേളനത്തിന് മുന്നോടിയായാണ് ഇവ സംഘടിപ്പിച്ചത്.*

**കോട്ടയം**

**2-ാ**മത് എഐഡിവൈഒ ജില്ലാ സമ്മേളനം കോട്ടയം ആനന്ദമന്ദിരം ഓഡിറ്റോറിയത്തിൽ നടന്നു. എസ്‌യുസിഐ(സി)ജില്ലാ സെക്രട്ടറി സഖാവ് ജയ്സൺ ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു.

ജിഹാദികളെ പ്രണയിക്കരുത് എന്ന നിലയിൽവരെ സംഘപരിവാർ ശക്തികൾ പ്രചാരണം നടത്തിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളെ വിപ്ലവകരമായി സംഘടിപ്പിക്കുവാൻ സാധിക്കണം. മോദി ഭരണത്തിൻ കീഴിൽ പ്രതിലോമ ആശയങ്ങൾ രാജ്യമെമ്പാടും ശക്തിപ്പെടുന്നത് തടയിടുവാനുള്ള മാർഗ്ഗം കമ്മ്യൂണിസ്റ്റ് ആദർശങ്ങൾ യുവാക്കളിലെത്തിക്കുക എന്നതാണ്, അദ്ദേഹം അഭിപ്രായപ്പെട്ടു. എഐഡിവൈഒ ജില്ലാ സെക്രട്ടറി ഇ.വി.പ്രകാശ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ടി.കെ.സുധീർകുമാർ സമാപന സന്ദേശം നൽകി.

എഐഎംഎസ്എസ് ജില്ലാ സെക്രട്ടറി സഖാവ് ആശാരാജ്, എഐഡിഎസ്ഒ ജില്ലാ സെക്രട്ടറി സഖാവ് ആർ.മീനാക്ഷി എന്നിവർ ആശംസാപ്രസംഗം നടത്തി. ദളിത് ജനവിഭാഗങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾ അവസാനിപ്പിക്കുവാൻ നടപടിയെടുക്കുക, ഓൺലൈൻ മദ്യവ്യാപാര നീക്കങ്ങൾ പിൻവലിക്കുക, തെരുവ് നായകളിൽ നിന്നും ജനങ്ങളെ രക്ഷിക്കുക തുടങ്ങിയ പ്രമേയങ്ങളും സമ്മേളനത്തിൽ അവതരിപ്പിച്ചു.

സഖാവ് രജിതാ ജയറാം(പ്രസിഡന്റ്), സഖാവ് അനിലബോസ് (സെക്രട്ടറി), സഖാക്കൾ കെ.സജി, ബിനോയ് പി.ജോണി, ശ്രീകാന്ത് വേണുഗോപാൽ(വൈസ് പ്രസിഡന്റ്സ്), അരവിന്ദ്, സി.ആർ.രാജേഷ്, പ്രശാന്ത് വിജയൻ(സെക്രട്ടേറിയറ്റ്), എ.ജി.വിശ്വനാഥ്(ട്രഷറർ) ആയിട്ടുള്ള 27 അംഗ ജില്ലാകമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

സമ്മേളനാനന്തരം ദളിത് ജനവിഭാഗങ്ങൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് നഗരത്തിൽ പ്രകടനവും യോഗവും നടത്തി.

**ആലപ്പുഴ**

ആഗസ്റ്റ് 21 ന് അമ്പലപ്പുഴ നീർക്കുന്നം എൻഎസ്എസ് ഹാളിൽ ആലപ്പുഴ ജില്ലാ സമ്മേളനം എസ്‌യുസിഐ(സി) സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്തു. എഐഡിവൈഒ ജില്ലാ പ്രസിഡന്റ് സഖാവ് ആർ.പാർത്ഥസാരഥി വർമ്മ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. സഖാക്കൾ കെ.ആർ.ശശി, ടി.ആർ.രാജിമോൾ എന്നിവർ പ്രസംഗിച്ചു.

സഖാവ് എൻ.ആർ.അജയകുമാർ(പ്രസിഡന്റ്), കെ.ബിമൽജി, ബിജുസേവ്യർ, കെ.എ.വിനോദ്(വൈസ്പ്രസിഡന്റ്സ്), ടി.ആർ.രാജിമോൾ (സെക്രട്ടറി), പ്രവീൺകുമാർ, മൈന ഗോപിനാഥ്, റ്റി.ഷിജിൻ (ജോ.സെക്ര), സി.ഹണി(ട്രഷറർ) ആയിട്ടുള്ള 15 അംഗ ജില്ലാകമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.




എഐഡിവൈഒ എറണാകുളം ജില്ലാസമ്മേളനത്തിനുമുന്നോടിയായി അയ്യപ്പൻകാവ് ജംഗ്ഷനിൽ നടന്ന പതാകയുയർത്തൽ




എഐഡിവൈഒ കോട്ടയം ജില്ലാസമ്മേളനാനന്തരം ദളിത് പീഡനങ്ങൾക്കെതിരെ നഗരത്തിൽ നടത്തിയ പ്രകടനത്തെ എഐഡിവൈഒ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ഇ.വി. പ്രകാശ് അഭിസംബോധന ചെയ്യുന്നു

**എറണാകുളം**

ആൾ ഇന്ത്യാ ഡെമോക്രാറ്റിക്ക് യൂത്ത് ഓർഗനൈസേഷൻ (എഐഡിവൈഒ)ന്റെ നേതൃത്വത്തിൽ 2-ാമത് എറണാകുളം ജില്ലാ യുവജനസമ്മേളനം സംഘടിപ്പിച്ചു. എറണാകുളം അയ്യപ്പൻകാവിൽ നടന്ന യുവജനസമ്മേളനം സംസ്ഥാനപ്രസിഡന്റ് ടി.കെ.സുധീർകുമാർ ഉദ്ഘാടനം ചെയ്തു.

"ഒളിമ്പിക്സിലെ നമ്മുടെ നാടിന്റെ നിരാശപ്പെടുത്തുന്ന പ്രകടനം രാജ്യത്തെ യുവജനതയുടെ അവസ്ഥയെയാണ് വെളിപ്പെടുത്തുന്നത്. പശുവിന്റെയും പട്ടിയുടെയും അവകാശത്തെക്കുറിച്ച് സംസാരിക്കുകയും നാടിന്റെ പൗരാണിക പാരമ്പര്യത്തെപ്പറ്റി മിഥ്യാഭിമാനബോധം വച്ചുപുലർത്തുകയും ചെയ്യുന്ന ഭരണാധികാരികൾ, ദാരിദ്ര്യത്തിന്റെയും അരക്ഷിതാവസ്ഥയുടെയും മധ്യത്തിലേയ്ക്ക് ജനിച്ചുവീഴുന്ന കുട്ടികളെ പുഴുക്കളെപ്പോലെയാണ് പരിഗണിക്കുന്നത്. ആധുനിക-പരിഷ്കൃതസമൂഹത്തെയും ജീവിതത്തെയും തിരിച്ചറിയാനാകാതെ ജാതിയും മതവും പറഞ്ഞും മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടിമകളായും പ്രാകൃതഗോത്രാചാരങ്ങളുടെ മധ്യത്തിൽ ജീവിക്കുന്ന ഒരു കൂട്ടമാക്കി ഈ നാട്ടിലെ യുവതലമുറയെ പരുവപ്പെടുത്താനാണ് ഭരണാധികാരികൾ ശ്രമിക്കുന്നത്. സാമൂഹ്യതിന്മകൾക്കെതിരെ ജനാധിപത്യബോധമുൾക്കൊണ്ട് പോരാട്ടം നയിക്കുവാൻ യുവാക്കൾ മുന്നിട്ടിറങ്ങുകയാണ് വേണ്ടത്" അദ്ദേഹം തുടർന്നുപറഞ്ഞു.

ജില്ലാപ്രസിഡന്റ് പി.പി.അഗസ്റ്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ സംസ്ഥാനസെക്രട്ടറി എൻ.കെ.ബിജു മുഖ്യപ്രഭാഷണം നടത്തി. സംഘപരിവാറിന്റെ നേതൃത്വത്തിൽ ദളിത്-ന്യൂനപക്ഷങ്ങൾക്കെതിരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ ശക്തമായ യുവജന പ്രതിരോധനിര വളർന്നുവരികയാണെന്നും നാടിന്റെ വിമോചനപോരാട്ടങ്ങളെ തള്ളിപ്പറഞ്ഞവർ ഇന്ന് ദേശസ്നേഹികളായി അവതരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഐഎൻഎ ഹീറോ വക്കം അബ്ദുൾഖാദറിനെപ്പോലെയുള്ള ധീരരക്തസാക്ഷികളുടെ പാരമ്പര്യത്തെ തള്ളിപ്പറയുന്നവരെ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയണമെന്ന് അദ്ദേഹം തന്റെ പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. എഐഡിഎസ്ഒ ജില്ലാപ്രസിഡന്റ് രശ്മിരവി, എഐഡിവൈഒ ജില്ലാനേതാക്കളായ ജോണി ജോസഫ്, ടി.സി.രാജമ്മ, മീര കെ.ജയൻ, ബാലമുരളി തുടങ്ങിയവർ പ്രസംഗിച്ചു.

കെ.ഒ.സുധീർ (പ്രസിഡന്റ്), എം.കെ.ഉഷ, എം.ആർ.രാജീവൻ, എം.വി.വിജയകുമാർ, ബിനു എൻ.ആർ.(വൈസ്പ്രസിഡന്റുമാർ), കെ.പി.സാൽവിൻ (സെക്രട്ടറി), കെ.വി.സന്തോഷ്, പി.ഡി.സിജു, പി.വി.രജീഷ് (ജോയിന്റ് സെക്രട്ടറിമാർ) അജിതാ വർഗ്ഗീസ് (ട്രഷർ)എന്നിവർ ഭാരവാഹികളായി 38 അംഗ ജില്ലാ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.

**തൃശ്ശൂർ**

കൊടുങ്ങല്ലൂർ, ടികെഎസ്പുരം കെപിഎം യുപി സ്കൂൾ ഹാളിൽ ആഗസ്റ്റ് 14 ന്, സഖാവ് എം.പ്രദീപന്റെ അദ്ധ്യക്ഷതയിൽ തൃശൂർ ജില്ലാ സമ്മേളനം നടന്നു. എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് സഖാവ് ടി.കെ.സുധീർകുമാർ സമ്മേളനം ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ(സി) ജില്ലാ സെക്രട്ടറി സഖാവ് പി.എസ് ബാബു പ്രസംഗിച്ചു.

വൈകിട്ട് 5 മണിക്ക് മേത്തല ഫീനിക്സ് ജംഗ്ഷനിൽ നടന്ന പൊതുസമ്മേളനത്തിൽ സഖാവ് എ.എം.സുരേഷ് അദ്ധ്യക്ഷത വഹിച്ചു. എഐഡിവൈഒ അഖിലേന്ത്യാ കൗൺസിലംഗം സഖാവ് പി.പി.പ്രശാന്ത്കുമാർ മുഖ്യപ്രസംഗം നടത്തി. സഖാക്കൾ പിഎസ്. ബാബു, എ.വി.ബെന്നി, കൃഷ്ണകുമാർ എന്നിവർ പ്രസംഗിച്ചു.

സഖാക്കൾ എ.എം.സുരേഷ് (പ്രസിഡന്റ്), കെ.വി.വിനോദ്, പി.കെ.ഷിബു, വിനോദ് ചാവക്കാട് (വൈസ് പ്രസിഡന്റ്സ്), സ.എ.വി. ബെന്നി (സെക്രട്ടറി) , ടി.കെ.ധർമ്മജൻ, കെ.വി.രാജീവൻ (ജോ.സെക്രട്ടറിമാർ), സ.നന്ദഗോപൻ(ട്രഷറർ) എന്നിവരടങ്ങുന്ന 15 അംഗ കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു.




എഐഡിവൈഒ ആലപ്പുഴ ജില്ലാസമ്മേളനം സംസ്ഥാനസെക്രട്ടറി സഖാവ് എൻ.കെ.ബിജു ഉദ്ഘാടനം ചെയ്യുന്നു

## കെഎസ്ഇബി കരാർ തൊഴിലാളികൾ പിഎസ്‌സി ഓഫീസിന് മുന്നിൽ റാലി നടത്തി

**അ**ഡീഷണൽ ലേബർ കമ്മീഷണർ തയ്യാറാക്കിയ അന്തിമലിസ്റ്റിലെ മുഴുവൻ തൊഴിലാളികൾക്കും എഴുത്തുപരീക്ഷക്ക് അനുമതി നൽകുക, ലിസ്റ്റ് അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക, നിയമനം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കെഎസ്ഇബി-പിസിസി ലൈൻ വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 17 ന് കരാർ തൊഴിലാളികൾ പിഎസ്‌സി ഓഫീസിന് മുന്നിൽ റാലി നടത്തി. യൂണിയൻ ജനറൽസെക്രട്ടറി എസ്.സീതിലാൽ റാലി ഉദ്ഘാടനം ചെയ്തു.

പ്രമുഖ ട്രേഡ്‌യൂണിയൻ നേതാവായിരുന്ന കെ.പി. കോസലരാമദാസിന്റെ നേതൃത്വത്തിൽ രണ്ട് പതിറ്റാണ്ടോളം തൊഴിലാളികൾ നടത്തിയ സമര-നിയമ പോരാട്ടങ്ങളുടെ ഭാഗമായി കരാർ തൊഴിലാളികൾ നേടിയെടുത്ത വിജയത്തെ അട്ടിമറിക്കുന്ന നടപടിയാണിപ്പോൾ പിഎസ്‌സി കൈക്കൊണ്ടിരിക്കുന്നതെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഹൈക്കോടതി, സുപ്രീംകോടതി, വൈദ്യുതി ബോർഡ്, തൊഴിൽ വകുപ്പ് എന്നിവ അനേകം നടപടിക്രമങ്ങളിലൂടെ രൂപം കൊടുത്ത 3020 പേരുടെ അന്തിമലിസ്റ്റാണ് നിയമനത്തിനായി പിഎസ്‌സിക്ക് കൈമാറിയത്. എന്നാൽ പിഎസ്‌സിയുടെ പുതിയ നോട്ടിഫിക്കേഷനിൽ യോഗ്യതാനിർണ്ണയത്തിനായി പുതിയ മാനദണ്ഡങ്ങൾ കൊണ്ടുവന്നിരിക്കുകയാണ്. ഇത്, ലിസ്റ്റിലുൾപ്പെട്ട 90% തൊഴിലാളികളെയും പുറത്താക്കാനുള്ള കുത്സിതശ്രമത്തിന്റെ ഭാഗമാണെന്നും അദ്ദേഹം പറഞ്ഞു. സംസ്ഥാന ജോയിന്റ് സെക്രട്ടറി പ്രഭജ്ഞനന്റെ അദ്ധ്യക്ഷതയിൽ കൂടിയ പ്രതിഷേധ യോഗത്തിൽ സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് വി.കെ.സദാനന്ദൻ, വൈസ് പ്രസിഡന്റ് പി.എം.ദിനേശൻ എന്നിവർ പ്രസംഗിച്ചു.

പട്ടം വൈദ്യുതി ഭവനുമുന്നിൽ നിന്നാരംഭിച്ച റാലിക്ക് സംസ്ഥാന നേതാക്കളായ വേണുഗോപാൽ, ജെ.സുരേഷ്, നന്ദകുമാർ, സജിമോൻ, മാത്തുക്കുട്ടി, ഡി.ഹരികൃഷ്ണൻ, അനൂപ് ജോൺ, വി.പി.കൊച്ചുമോൻ എന്നിവർ നേതൃത്വം നൽകി.

## തിരുവനന്തപുരം എയർപോർട്ട്

# ഭൂമി ഏറ്റെടുക്കലിനെതിരെ ജനകീയ പ്രതിഷേധം

തിരുവനന്തപുരം അന്തർദ്ദേശീയ വിമാനത്താവള വികസനത്തിന്റെ പേരിൽ വീണ്ടും കുടിയൊഴിപ്പിക്കൽ ഭീഷണിയുമായി അധികൃതർ രംഗത്തുവന്നിരിക്കയാണ്. ഇതിനെതിരെ വള്ളക്കടവ് വയ്യാമൂല പ്രദേശത്തെ ആയിരക്കണക്കിന് ജനങ്ങൾ സംഘടിതമായി സമരവേദിയിൽ അണിനിരന്നു. ശംഖുമുഖം ഭാഗത്തെ എയർപോർട്ട് ടെർമിനൽ മാറ്റി സ്ഥാപിക്കുന്നതിൽ പ്രതിഷേധിച്ച് അവിടത്തെ ജനങ്ങളും ഇതിനോടൊപ്പം ചേർന്നു.

വിമാനത്താവളവികസനത്തിന് വേണ്ടി നിരവധി തവണ കുടിയൊഴിപ്പിക്കപ്പെട്ടവരെയാണ് വീണ്ടും ദ്രോഹിക്കാൻ പദ്ധതിയിട്ടിരിക്കുന്നത്. 82 ഏക്കറിനുള്ളിൽ വരുന്ന എണ്ണൂറോളം കുടുംബങ്ങൾ കുടിയൊഴിപ്പിക്കൽ ഭീഷണിയിലാണ്.

വൻകിട വാണിജ്യ-വ്യവസായ സംരംഭകർക്ക് ഈ പ്രദേശമാകെ ഒരുക്കിക്കൊടുക്കാൻ അധികാരികൾ കാണിക്കുന്ന ഉത്സാഹമാണ് 'വികസനമെന്നപേരിൽ ഇപ്പോൾ കടന്നുവന്നിരിക്കുന്നത്. ജീവിക്കാനുള്ള ജനങ്ങളുടെ അവകാശത്തെ പിഴുതെറിയുന്ന 'വികസന മോഹികൾ'ക്കെതിരെ കക്ഷിരാഷ്ട്രീയവും ജാതി-മത പരിഗണനകളും മാറ്റിവെച്ച് ജനങ്ങൾ ഒറ്റക്കെട്ടായി ആക്ഷൻ കൗൺസിലിന് കീഴിൽ സംഘടിച്ചിരിക്കുകയാണ്.

സമരസമിതി ജനറൽ കൺവീനർ എ.സൈഫുദ്ദീൻ ഹാജി അദ്ധ്യക്ഷത വഹിച്ച പ്രതിഷേധ സംഗമം തിരുവനന്തപുരം അതിരൂപത മോൺസിഞ്ഞോർ ഫാദർ യൂജിൻ എച്ച്.പെരേര ഉദ്ഘാടനം ചെയ്തു. എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) ജില്ലാകമ്മിറ്റിയംഗം ആർ.ബിജു, ടി. ശരത്ചന്ദ്രപ്രസാദ്, കൗൺസിലർമാരായ ഷാജിതാനാസർ, കെ.ശ്രീകുമാർ, സോളമൻ വെട്ടുകാട്, ആക്ഷൻ കൗൺസിൽ കൺവീനർ എൻ.വിക്രമൻനായർ, വള്ളക്കടവ് വിശ്വൻ, ശ്രീവരാഹം വിജയൻ, വള്ളക്കടവ് നിസാം തുടങ്ങിയവർ സംസാരിച്ചു.

## കിരാലൂർ സ്കൂളിൽ മെഡിക്കൽ ക്യാമ്പ്

സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാചാപ്റ്ററിന്റെ മുൻകയ്യിൽ കിരാലൂർ സ്കൂളിലെ വിദ്യാർത്ഥികൾക്കും രക്ഷകർത്താക്കൾക്കും വേണ്ടി മെഡിക്കൽ ക്യാമ്പ് നടത്തി. മെഡിക്കൽ സർവീസ് സെന്ററിന്റെ സഹായത്തോടെയാണ് ക്യാമ്പ് നടത്തിയത്. ഡോ.ആനന്ദൻ, ഡോ.മുകന്ദൻ, ഡോ.പി.എസ്.ബാബു എന്നിവർ രോഗികളെ പരിശോധിച്ചു.

വാർഡ് മെമ്പർ അരുന്ധതി ഉദ്ഘാടനം ചെയ്തു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന പ്രസിഡന്റ് പ്രൊഫ.കെ.ബി.ഉണ്ണിത്താൻ അദ്ധ്യക്ഷത വഹിച്ചു. ആർട്ടിസ്റ്റ് ഗിരീശൻ മാസ്റ്റർ, സേവ് എജ്യൂക്കേഷൻ കമ്മിറ്റി ജില്ലാ സെക്രട്ടറി എം.പ്രദീപൻ എന്നിവർ സംസാരിച്ചു. സ്കൂൾ സംരക്ഷണ സമിതി പ്രസിഡന്റ് മോഹൻദാസ്, സെക്രട്ടറി ഹരികൃഷ്ണൻ മാസ്റ്റർ എന്നിവർ സന്നിഹിതരായിരുന്നു.

സ്കൂൾ അടച്ചുപൂട്ടാനുള്ള ഉത്തരവ് അദ്ധ്യായനവർഷാരംഭത്തിൽ കോടതിയിൽനിന്ന് മാനേജ്മെന്റ് നേടിയെടുത്തശേഷം, സാങ്കേതികമായി സ്കൂൾ അടച്ചുപൂട്ടാൻ സർക്കാർ അനുവദിക്കുകയും ചെയ്തതോടെ പുറത്താക്കപ്പെട്ട വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പഞ്ചായത്തിന്റെ താൽക്കാലിക കെട്ടിടത്തിൽ നാട്ടുകാരും സ്കൂൾ സംരക്ഷണ സമിതിയും ചേർന്ന് പുനഃരധിവസിപ്പിക്കുകയായിരുന്നു. സ്കൂൾ എന്തുവിലകൊടുത്തും സംരക്ഷിക്കുമെന്ന നിശ്ചയദാർഢ്യം നാട്ടുകാർക്കുള്ളപ്പോഴും, സ്കൂൾ ഏറ്റെടുക്കുമെന്ന സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപനം ഇനിയും നടപടികളിൽ കാണാറായിട്ടില്ല. ○






അന്യായമായ ഭൂമി ഏറ്റെടുക്കലിനെതിരായ ജനകീയ പ്രതിഷേധ കൂട്ടായ്മയിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) തിരുവനന്തപുരം ജില്ലാ കമ്മിറ്റിയംഗം സഖാവ് ആർ.ബിജു പ്രസംഗിക്കുന്നു. ○

# തെരുവുനായകൾ മൂലം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾക്ക് ശാശ്വത പരിഹാരം കാണുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുക

അനിയന്ത്രിതമാകുന്ന തെരുവുനായ പെരുപ്പത്താൽ ജനങ്ങളുടെ സ്വൈരജീവിതത്തിനു ഭീഷണി വർദ്ധിക്കുന്ന സാഹചര്യത്തിലും ഇതിനെതിരെ ഫലപ്രദ നടപടികളെടുക്കേണ്ട സർക്കാർ സംവിധാനങ്ങൾ നിഷ്ക്രിയമായിരിക്കുന്നു. തെരുവുനായ്ക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നത് ഏറിയപങ്കും പാവപ്പെട്ടവരും സ്ത്രീകളും വൃദ്ധരും കുട്ടികളുമാണ്.

കഴിഞ്ഞവർഷം കേരളത്തിൽ ഒന്നര ലക്ഷം ആളുകൾക്ക് പട്ടികടിയേറ്റുവെന്നും, പത്തുപേർ മരിച്ചുവെന്നുമാണ് ലഭ്യമായ ഏകദേശ കണക്ക്. ഈവർഷം ഇതിനോടകം നാൽപതിനായിരത്തിലേറെപേർ നായ്കളുടെ ആക്രമണത്തിന് വിധേയരായിരിക്കുന്നു. ഈയടുത്ത നാളിലാണ് വിഴിഞ്ഞത്തിനടുത്ത് സിൽവമ്മയെന്ന വൃദ്ധയെ ആക്രമിച്ചുകൊന്ന് മാംസം തിന്ന അതിദാരുണ സംഭവമുൾപ്പടെ ഉണ്ടായിരിക്കുന്നത്. സംസ്ഥാനമെമ്പാടും ആളുകൾ ആക്രമിക്കപ്പെടുന്നത് നിത്യസംഭവമാകുന്നു. ഇതിനു പുറമെ സാധാരണക്കാരുടെ ഉപജീവനമാർഗ്ഗമായ വളർത്തുമൃഗങ്ങളും പക്ഷികളുമുൾപ്പെടെയുള്ള ജന്തുക്കളെയും നായ്ക്കൾ ആക്രമിക്കുന്നതും കൊന്നു തിന്നുന്നതും പതിവായിരിക്കുന്നു. ദിവസേന സംസ്ഥാനത്തെ പ്രധാന പാതകളിൽ മാത്രം ഇരുനൂറോളം വാഹനാപകടങ്ങൾ തെരുവുനായകൾ കാരണമുണ്ടാകുന്നു. ഇത്തരം അപകടങ്ങളിൽ ജീവഹാനി സംഭവിക്കുന്നവരുടെയും മൃതപ്രായരായി ജീവിതം തള്ളിനീക്കേണ്ടി വരുന്നവരുടെയും എണ്ണം വർദ്ധിച്ചുവരുന്നു. മാലിന്യനിർമ്മാർജ്ജനത്തിൽ വരുത്തുന്ന വീഴ്ച തെരുവുനായ്ക്കളുടെ വർദ്ധനവിന് കാരണമാകുന്നുണ്ട്.

സാഹചര്യം ഇത്രമേൽ ഗുരുതരമായിട്ടും ശാശ്വത പരിഹാരം കാണുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാറിന്റെ ഭാഗത്തുനിന്നുണ്ടാവുന്നില്ല എന്നത് ആശങ്കയുളവാക്കുന്നതാണ്. തന്നെയുമല്ല തികച്ചും നിരുത്തരവാദപരവും യാഥാർത്ഥ്യത്തിനു നിരക്കാത്തതുമായ പ്രസ്താവനകൾ പുറപ്പെടുവിച്ചുകൊണ്ട് അധികാരസ്ഥാനത്തുള്ളവർ ജനങ്ങളെ അവഹേളിക്കുക കൂടിയാണ്. സർക്കാർ ആശുപത്രികളിൽ അടിയന്തരചികിൽസാ സംവിധാനമോ, എന്തിന് അവശ്യ മരുന്നുകളോ വാക്സിനോ പോലുമോ ഉറപ്പാക്കാതെ സ്വകാര്യ ആരോഗ്യകച്ചവടകേന്ദ്രങ്ങളുടെയും കുത്തക്കമരുന്നു ലോബിയുടെയും ലാഭക്കൊള്ളക്കിരയാകുവാൻ സാധാരണക്കാരെ എറിഞ്ഞുകൊടുക്കുകയാണ് സർക്കാർ.

കേരളത്തിൽ ഇരുപതുലക്ഷത്തോളം തെരുവുനായ്ക്കളുണ്ടെന്നാണ് ഏകദേശ കണക്ക്. നായയൊന്നിന് ആയിരത്തിനാനൂറ് രൂപ ചെലവിൽ വന്ധ്യംകരണ നടപടികൾ സർക്കാരിതരസംഘടനകളെ (എൻജിഒ) ചുമതലപ്പെടുത്തുകയെന്നതിലാണ് അധികാരികളുടെ താൽപര്യം. ഇത്തരം അശാസ്ത്രീയ പദ്ധതികൾ നടപ്പിലാക്കി കോടിക്കണക്കിന് രൂപയുടെ വെട്ടിപ്പ് നടത്തുവാനുള്ള നീക്കത്തിലാണിവരെല്ലാം.

നിരത്തിലിറങ്ങി നടക്കുന്ന ഏതൊരാളും ഒരിക്കലെങ്കിലും തെരുവുനായ്ക്കളാലുള്ള ഉപദ്രവം അനുഭവിച്ചിട്ടുള്ള ഈ സാഹചര്യത്തിൽ, യഥാർത്ഥസ്ഥിതിഗതികൾ മനസിലാക്കാതെയാണ് ദന്തഗോപുരവാസികളായ മൃഗാവകാശപ്രവർത്തകരും നായസംരക്ഷകരും വിചിത്രമായ അഭിപ്രായങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നത്. തികച്ചും അഴിമതി ഗ്രസ്തമായ ഈ മുതലാളിത്തവ്യവസ്ഥയിൽ തെരുവുനായശല്യത്തെ മറയാക്കിക്കൊണ്ട് ഗുരുതരമായ സാമ്പത്തികതിരിമറി ലക്ഷ്യം വച്ചുകൊണ്ടാകാം ഇത്തരക്കാർ നായസംരക്ഷണത്തെക്കുറിച്ച് വാചാലരായിക്കൊണ്ട് ഈവിധം രംഗം വഷളാക്കുന്നതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പാവപ്പെട്ടവരെ തെല്ലും പരിഗണിക്കാതെ കൂറ്റൻ വാക്സിൻ വ്യവസായലോബികളുടെ വാണിജ്യ താല്പര്യം മാത്രമാണ് ഇവർ സംരക്ഷിക്കുന്നത്.

ഭരണഘടനാ തത്വമനുസരിച്ച് മനുഷ്യനു നേരെയുണ്ടാകുന്ന ഏതുതരം കടന്നുകയറ്റത്തെയും ഫലപ്രദമായി ചെറുക്കേണ്ടത് ഭരണകൂടത്തിന്റെ ചുമതലയാണ്. വളർത്തുനായകളെന്നും തെരുവുനായകളെന്നും തരംതിരിച്ചുകൊണ്ടുള്ള മൃഗപ്രജനന-നിയന്ത്രണചട്ടങ്ങൾ -2001 പ്രകാരം വളർത്തുനായ്ക്കൾക്ക് പ്രതിരോധകുത്തിവെയ്പെടുക്കുന്നതുൾപ്പടെ അവയുടെ പരിപാലനവും പ്രജനന-നിയന്ത്രണവുമെല്ലാം ഉടമസ്ഥന്റെ ഉത്തരവാദിത്തവും, തെരുവുനായ്ക്കളുടേത് തദ്ദേശസ്ഥാപനങ്ങളുടെ കീഴിലുള്ള കമ്മിറ്റിയുടേതുമായി വ്യവസ്ഥചെയ്തിട്ടുള്ളതാണ്. അവ പ്രയോഗത്തിൽ വരുത്താതെ ഈ വിധത്തിൽ സാഹചര്യം വഷളാക്കിയത് അക്ഷരാർത്ഥത്തിൽ ഭരണകൂടത്തിന്റെ അനാസ്ഥയാണ്.

ഭരണഘടനാർപ്പിതമായ ഉത്തരവാദിത്തം ഏറ്റെടുക്കുവാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾ മടികാണിക്കുമ്പോൾ പൊതുജനങ്ങൾക്ക് തെരുവു നായ്ക്കളെ കൊന്നുകളയുന്നതിനായി ഇടപെടേണ്ടി വരുന്നു. എന്നാൽ പരസ്യമായും, അപരിഷ്കൃതമായ മാർഗ്ഗങ്ങളുപയോഗിച്ച് ക്രൂരമായ രീതിയിലും നായ്കളെ കൊല്ലുന്നത് ഒരു പരിഷ്കൃത സമൂഹത്തിന് അഭികാമ്യമല്ലാത്തതാണ്. നിയമത്തിന്റെ ഊരാക്കുടുക്കുകളെക്കുറിച്ച് അറിയാത്ത സാധാരണക്കാരെ, അത്തരം സാഹചര്യത്തിലേക്ക് തള്ളിവിടാതിരിക്കേണ്ടതുണ്ട്.

പുരാതന കാലം മുതൽക്കേ മനുഷ്യൻ നായ്ക്കളെ ഇണക്കി വളർത്തിയിരുന്നുവെങ്കിലും, അടിസ്ഥാനപരമായ വേട്ടയാടൽ സ്വഭാവം അവയ്ക്കുണ്ട്. പ്രത്യേകിച്ചും കൂട്ടമായി നീങ്ങുന്ന സാഹചര്യത്തിൽ ഈ ആക്രമണസ്വഭാവം കൂടുതൽ പ്രകടമാകുന്നു. വിഴിഞ്ഞത്തേതിനു സമാനമായി ഇന്ത്യയിൽ വിവിധയിടങ്ങളിൽ നടന്ന അതിദാരുണ സംഭവങ്ങളിൽ മിക്കവാറും ഇരകളായത് കുട്ടികളാണ്. ആയതിനാൽ തെരുവുനായകൾ മൂലം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾക്ക് അറുതി വരുത്തുന്നതിന് താഴെപ്പറയുന്ന ആവശ്യങ്ങൾ നടപ്പിലാക്കണം.

- തെരുവുനായ ഭീഷണിക്ക് ശാശ്വത പരിഹാരമുണ്ടാകുന്നതിന് ക്രിയാത്മകമായി അടിയന്തര നടപടികളെടുക്കുക. ഒരു നായ പോലും ഉടമസ്ഥനോടൊപ്പമല്ലാതെ തെരുവിൽകാണുന്നില്ലെന്ന് ഉറപ്പുവരുത്തുക. ഇതിനുതകുന്ന രീതിയിൽ നിലവിലെ നിയമങ്ങളും ചട്ടങ്ങളും പരിഷ്ക്കരിക്കുക.
- നായ്ക്കളുൾപ്പടെയുള്ള ജന്തുക്കളുടെ ആക്രമണങ്ങൾക്ക് വിധേയരാകുന്നവർക്ക് സൗജന്യ ചികിൽസാ സംവിധാനവും പ്രതിരോധ വാക്സിനുകളും ആശുപത്രികളിൽ ഉറപ്പാക്കുക.
- തെരുവുനായ നിയന്ത്രണ പ്രവർത്തനങ്ങളുടെ നടത്തിപ്പ് സർക്കാരിതര സംഘടനകൾക്ക് വിട്ടുകൊടുക്കാതെ സർക്കാർ നേരിട്ട് നടത്തുക. ഇതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിച്ച് ജീവനക്കാരെ സ്ഥിരമായി നിയമിക്കുക.
- വളർത്തുമൃഗങ്ങളെക്കുറിച്ച് പൊതുവായും, നായ്ക്കളെ സംബന്ധിച്ച് സവിശേഷമായും സെൻസസ് നടത്തുക. ഇതുവരെ നടപ്പിലാക്കിയ തെരുവുനായ നിയന്ത്രണ പദ്ധതികളെക്കുറിച്ച് സമഗ്രമായും, ചെലവാക്കിയ ഫണ്ടുകളെക്കുറിച്ച് വിശദമായും ഓഡിറ്റ് നടത്തുക.
- വളർത്തുനായ്ക്കൾക്ക് രജിസ്ട്രേഷനും, പ്രതിരോധകുത്തിവെയ്പ്പുകളുമുറപ്പുവരുത്തുക. മൃഗസംരക്ഷണ വകുപ്പിൽ ആവശ്യത്തിന് ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കുക.
- മാലിന്യനിർമ്മാർജ്ജനം കാര്യക്ഷമമാക്കുക
- തെരുവുനായകൾ മൂലം ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ മൃഗാവകാശപ്രവർത്തകരെയും, ജന്തുസ്നേഹികളെയും ബോദ്ധ്യപ്പെടുത്തുന്നതിന് നടപടികളെടുക്കുക.
- നായ്കളുടെ ആക്രമണം മൂലം ഉപജീവനമാർഗ്ഗം നഷ്ടമായവർക്ക് അർഹമായ നഷ്ടപരിഹാരം കാലതാമസം കൂടാതെ നൽകുക. ആക്രമണത്തിനിരയായ ജന്തുക്കൾക്ക് സൗജന്യ ചികിൽസയും പരിചരണവും ഉറപ്പു വരുത്തുക.
- തെരുവുനായ വിഷയത്തിൻമേൽ ഉന്നതസ്ഥാനങ്ങളിലിരിക്കുന്നവർ അപക്വവും, നിരുത്തരവാദപരവുമായ പ്രസ്താവനകൾ പുറപ്പെടുവിക്കുന്നതിൽ നിന്ന് പിന്തിരിയുക. ○

# വിദ്യാഭ്യാസ വായ്പ: ഐഎൻപിഎ പ്രക്ഷോഭം തുടരുന്നു

**തിരുവനന്തപുരത്ത് ജപ്തിവിരുദ്ധ ജനകീയ സമ്മേളനം**



**തിരുവനന്തപുരത്ത് നടന്ന വിദ്യാഭ്യാസവായ്പാ ജപ്തിവിരുദ്ധ ജനകീയ സമ്മേളനം കേരള സംസ്ഥാന ജനകീയപ്രതിരോധ സമിതി ജനറൽസെക്രട്ടറി ഡോ.വി.വേണുഗോപാൽ ഉദ്ഘാടനം ചെയ്യുന്നു.**

**(താഴെ) സമ്മേളത്തിന്റെ സദസ്സ്**



**വി**ദ്യാഭ്യാസ വായ്പയുടെ പേരിലുള്ള ജപ്തി നടപടികൾ പിൻവലിക്കുക, മതിയായ വരുമാനമുള്ള സ്ഥിരംതൊഴിൽ ഉറപ്പുവരുത്തുക തുടങ്ങിയ ഡിമാന്റുകളുന്നയിച്ചുകൊണ്ട് ആഗസ്റ്റ് 31-ന് തിരുവനന്തപുരത്ത് പ്രിയദർശിനി ഹാളിൽ ജനകീയ സമ്മേളനം നടന്നു. ഇൻഡ്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷനും (ഐഎൻപിഎ) വിദ്യാഭ്യാസവായ്പാ ജപ്തിവിരുദ്ധ സംഘാടക സമിതിയും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്. വിദ്യാഭ്യാസവായ്പയെടുത്ത് പഠനം പൂർത്തിയായവർക്കും രക്ഷിതാക്കൾക്കുമെതിരെ വ്യാപകമായ തോതിൽ ജപ്തിഭീഷണി ഉയർന്ന സാഹചര്യത്തിലാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടത്.

കേരള സംസ്ഥാന ജനകീയ പ്രതിരോധ സമിതി ജനറൽ സെക്രട്ടറി ഡോ. വി. വേണുഗോപാൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. വിദ്യാഭ്യാസ വായ്പ ഒരു കെണിയായി രൂപപ്പെട്ടിരിക്കുകയാണെന്നും അധികാരികളും ബാങ്കുദ്യോഗസ്ഥരും ചേർന്ന് കരുതിക്കൂട്ടി സാധാരണക്കാരെ ഈ കെണിയിൽപ്പെടുത്തി ചതിക്കുകയാണെന്നും ഡോ.വേണുഗോപാൽ കുറ്റപ്പെടുത്തി. വിദ്യാഭ്യാസ വായ്പയുടെ പേരിലുള്ള ജപ്തിഭീഷണിയെത്തുടർന്ന് സംസ്ഥാനത്ത് നിരവധി രക്ഷിതാക്കൾ ആത്മഹത്യ ചെയ്തത് ഗുരുതരമായ ഒരു സാമൂഹ്യപ്രശ്നത്തിലേക്കാണ് വിരൽചൂണ്ടുന്നതെന്ന് അദ്ദേഹം പറഞ്ഞു. സാമ്പത്തിക പരാധീനത മൂലം ഉന്നതവിദ്യാഭ്യാസം പ്രതിസന്ധിയിലായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പ അനുവദിക്കാനുള്ള തീരുമാനമെടുത്തത് ഗവണ്മെന്റാണെന്നും, അതുകൊണ്ടുതന്നെ, വായ്പയെടുത്തവർക്ക് അത് തിരിച്ചടയ്ക്കാൻ സാധിക്കുംവിധം സ്ഥിരം തൊഴിലും മതിയായ വരുമാനവും ഉറപ്പുവരുത്താൻ ഗവണ്മെന്റിന് ബാദ്ധ്യതയുണ്ടെന്നും അല്ലാത്തപക്ഷം വായ്പ പൂർണ്ണമായും എഴുതിത്തള്ളണമെന്നും ഡോ. വേണുഗോപാൽ അഭിപ്രായപ്പെട്ടു.

സംഘാടക സമിതി പ്രസിഡന്റ് ജി.ആർ.സുഭാഷ് അദ്ധ്യക്ഷത വഹിച്ചു. എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റംഗം ജി.എസ്.പത്മകുമാർ, ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി, വിളപ്പിൽശാല സമരനായകൻ എസ്.ബുർഹാൻ, എൽ.ഹരിറാം, ഐഎൻപിഎ ജില്ലാ സെക്രട്ടറി ഡി.ഹരികൃഷ്ണൻ, വടകര വാസുദേവൻ നായർ, സ്വർണ്ണരാജ്, മോഹൻ നെയ്യാറ്റിൻകര, ലോറൻസ്, ശരത്ചന്ദ്രൻ, സദാനന്ദൻ നായർ തുടങ്ങിയവർ പ്രസംഗിച്ചു.

ജി.ആർ.സുഭാഷ് പ്രസിഡന്റും ഡി.ഹരികൃഷ്ണൻ സെക്രട്ടറിയുമായി 46 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയുൾപ്പെടെ വിദ്യാഭ്യാസ വായ്പ ജപ്തിവിരുദ്ധ ജനകീയ സമിതിക്ക് സമ്മേളനം രൂപം നൽകി. താഴേത്തലങ്ങളിൽ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് ജപ്തിവിരുദ്ധ പ്രക്ഷോഭപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുമെന്ന് ഭാരവാഹികൾ അറിയിച്ചു ○

**വി**ദ്യാഭ്യാസ വായ്പയെടുത്ത് പഠിച്ചിറങ്ങിയ വിദ്യാർത്ഥികൾക്ക് ജോലി ലഭിക്കാത്തതിനാൽ അവരുടെ വായ്പ സർക്കാർ ഏറ്റെടുക്കണമെന്നും ജപ്തി നടപടി അവസാനിപ്പിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഇന്ത്യൻ നഴ്സസ് പാരന്റ്സ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ കുട്ടനാട് താലൂക്ക് ഓഫീസിലേയ്ക്ക് വമ്പിച്ച പ്രതിഷേധ മാർച്ച് നടന്നു. മാർച്ചും ധർണ്ണയും ഐഎൻപിഎ സംസ്ഥാന വൈസ് പ്രസിഡന്റ് എം.വി.ചെറിയാൻ ഉദ്ഘാടനം ചെയ്തു. ഐഎൻപിഎ ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയ പറമ്പിൽ, എസ്‌യുസിഐ(സി) കുട്ടനാട് താലൂക്ക് സെക്രട്ടറി ബിജു സേവ്യർ എന്നിവർ പ്രസംഗിച്ചു.

**വാ**യ്പയെടുത്ത് പഠനം നടത്തിയ, നഴ്സിംഗ് അടക്കമുള്ള പ്രൊഫഷണൽ കോഴ്സുകളും മറ്റ് ഉന്നത വിദ്യാഭ്യാസ കോഴ്സുകളും പാസായവർക്ക് ജോലി ലഭിക്കാത്തതുകൊണ്ട് തിരിച്ചടവ് സാധ്യമാകുന്നില്ല. ഇതിന്റെ പേരിൽ ബാങ്കുകളും റവന്യൂ അധികാരികളും ജപ്തി ഭീഷണി മുഴക്കുന്നതിനെതിരെ ഐഎൻപിഎ ചേർത്തല താലൂക്ക് കമ്മിറ്റിയുടെ നേതൃത്വത്തിൽ താലൂക്ക് ഓഫീസിലേയ്ക്ക് രക്ഷിതാക്കളും ഉദ്യോഗാർത്ഥികളും മാർച്ച് നടത്തി. ജില്ലാ പ്രസിഡന്റ് നന്ദനൻ വലിയപറമ്പ് ഉദ്ഘാടനം ചെയ്തു. മേഖലാ രക്ഷാധികാരി കെ.ആർ.സോമശേഖരപ്പണിക്കർ അദ്ധ്യക്ഷത വഹിച്ച പരിപാടിയിൽ ജില്ലാ സെക്രട്ടറി കെ.ജെ.ഷീല, കെ.ആർ.മനോഹരൻ, കെ.സോമൻ, കെ.എസ്.ശശിധരൻ, സി.കെ.ജയമ്മ, കെ.എ.വിനോദ്, പി.ബാബു, ടി.കെ.തോമസ്, ജി.രാജു, ഗീത സുഭാഷ് തുടങ്ങിയവർ പ്രസംഗിച്ചു. ○




**ആലപ്പുഴജില്ലയിൽ മാവേലിക്കര താമരക്കുളം മൂലംകുഴിയിൽ കൃഷ്ണൻകുട്ടി വിദ്യാഭ്യാസ വായ്പ തിരിച്ചടവിന്റെ പേരിൽ, റവന്യൂ അധികാരികളുടെ ജപ്തി ഭീഷണിയെ തുടർന്നു ആത്മഹത്യചെയ്തു. ഇതിനെ തുടർന്ന് എസ്ബിടി വള്ളികുന്നം ബ്രാഞ്ചിനു മുന്നിൽ നടന്ന പ്രതിഷേധ പരിപാടിയിൽ സഖാവ് എസ്. രാധാമണി പ്രസംഗിക്കുന്നു**





**ഇന്ത്യൻ നഴ്സസ് പേരന്റ്സ് അസോസിയേഷൻ കൊല്ലം ജില്ലാ കൺവൻഷൻ കൊട്ടാരക്കര വ്യാപാരഭവനിൽ ഐഎൻപിഎ സംസ്ഥാന സെക്രട്ടറി എസ്.മിനി ഉദ്ഘാടനം ചെയ്യുന്നു. ജില്ലാപ്രസിഡന്റ് സി.എം.ജോയി, ജില്ലാ സെക്രട്ടറി എസ്.രാഘവൻ, വൈസ്പ്രസിഡന്റ് ജി.ധ്രുവകുമാർ, ഷൈല കെ.ജോൺ, എം.ഗോപകുമാർ എന്നിവരും വേദിയിൽ.**

## 45 മീറ്റർ ടോൾപാത പദ്ധതി തടയും ബഹുജന കൺവൻഷൻ

**ദേ**ശീയപാത 17ൽ ഇടപ്പള്ളി മുതൽ മൂത്തകുന്നംവരെ ഗതാഗത കുരുക്കും അപകടങ്ങളും വർദ്ധിച്ച സാഹചര്യത്തിൽ അടിയന്തരമായി ഏറ്റെടുത്ത 30 മീറ്ററിൽ ആറുവരി പാത നിർമ്മിക്കണമെന്ന് കൂനമ്മാവിൽചേർന്ന ബിഒടി ടോൾവിരുദ്ധ ബഹുജന കൺവെൻഷൻ ആവശ്യപ്പെട്ടു. ഒരിക്കൽ അന്യായമായി കുടിയിറക്കപ്പെട്ട് പുറകോട്ട് മാറി അരികുപറ്റി ജീവിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങളെ 45മീറ്റർ ബിഒടി പദ്ധതിയുടെ മറവിൽ വീണ്ടും കുടിയിറക്കാൻ ശ്രമിച്ചാൽ തടയുമെന്ന് കൺവെൻഷനിൽ പങ്കെടുത്തവർ പ്രതിജ്ഞ ചെയ്തു.

എൻഎച്ച് 17 ആക്ഷൻകൗൺസിൽ സംസ്ഥാനകൺവീനർ ടി.കെ. സുധീർകുമാർ ഉദ്ഘാടനം ചെയ്തു. 45മീറ്റർ ബിഒടി പദ്ധതി തന്നെ നടപ്പാക്കുമെന്ന മുഖ്യമന്ത്രിയുടെ ഏകാധിപത്യശൈലി അംഗീകരിക്കാനാവില്ല. ബിഒടി കുത്തകകൾക്കുവേണ്ടിയല്ല, കുടിയിറക്കപ്പെട്ട് കഷ്ടതയനുഭവിക്കുന്ന ജനങ്ങൾക്കുവേണ്ടിയാവണം കാർക്കശ്യം കാണിക്കേണ്ടത്. രണ്ടും മൂന്നും പ്രാവശ്യം കുടിയിറക്കിയാലും തെരുവാധാരമാക്കിയാലും മിണ്ടരുത് എന്ന മുഖ്യമന്ത്രിയുടെ വാദം അങ്ങേയറ്റം അപലപനീയമാണെന്നും അദ്ദേഹം പറഞ്ഞു. വീണ്ടും കുടിയിറക്കലും ബിഒടി ടോൾ വ്യവസ്ഥയുമില്ലാതെ അടിയന്തരമായി 30 മീറ്ററിൽ 6വരി പാത നിർമ്മിക്കണമെന്ന പ്രമേയം ആക്ഷൻ കൗൺസിൽ സംസ്ഥാന പ്രസിഡണ്ട് ഇ.വി.മുഹമ്മദാലി, നൂറുകണക്കിന് ആളുകൾ തടിച്ചുകൂടിയ കൺവൻഷനിൽ അവതരിപ്പിച്ചു.

സംസ്ഥാന ജോ.കൺവീനർ രാജൻ ആന്റണി വിഷയമവതരിപ്പിച്ചു. സംയുക്ത സമരസമിതി ജില്ലാ കൺവീനർ കെ.വി.സത്യൻ മാസ്റ്റർ പ്രതിജ്ഞ ചൊല്ലി കൊടുത്തു. ഭൂമി സർവേ അടക്കമുള്ള നടപടികളുമായി ഉദ്യോഗസ്ഥർ തങ്ങളുടെ വളപ്പിൽ കടന്നാൽ അതിനെ ജീവൻ കൊടുത്തും ചെറുക്കുമെന്ന ദൃഢപ്രതിജ്ഞ സ്ത്രീകളടക്കമുള്ളവർ ആവേശത്തോടെ ഏറ്റുചൊല്ലി.

ജില്ലാ ചെയർമാൻ ഹാഷിം ചേന്നാമ്പിള്ളി അദ്ധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് യേശുദാസ്പറപ്പിള്ളി, എസ്എൻഡിപിയൂണിയൻ സെക്രട്ടറി ഹരിവിജയൻ, വെൽഫെയർ പാർട്ടി സെക്രട്ടറി ജ്യോതിവാസ് പറവൂർ, ബിഡിജെഎസ് പ്രസിഡന്റ് സി.എൻ.രാധാകൃഷ്ണൻ, പി.ജെ മോൻസി, ജമാൽ പാനായിക്കുളം(സോളിഡാരിറ്റി), കെ.എസ്.രവി(ശാസ്ത്ര സാഹിത്യ പരിഷത്ത് ), മുജീബ് റഹ്മാൻ (പിഡിപി), പി.എം.ദിനേശൻ(എസ്‌യുസിഐ-സി), മൊയ്തീൻ കുഞ്ഞ് (എസ്ഡിപിഐ), ജോസ് പോൾ വിതയത്തിൽ (റസിഡൻസ് അപ്പെക്സ് കൗൺസിൽ ), കുരുവിള മാത്യൂസ്, എം എൻ.ശിവദാസൻ (ജെഡിഎസ്), ആരിഫ മുഹമ്മദ്, ടോമി അറക്കൽ, ജയറാം മാസ്റ്റർ എന്നിവർ പ്രസംഗിച്ചു.

കൺവെൻഷന് അഭിവാദ്യമർപ്പിച്ചുകൊണ്ട് കൊടുങ്ങല്ലൂർ ബാനർ നാടക സംഘം പെരുവഴിയുടെ കഥ എന്ന തെരുവ് നാടകവും കൊച്ചിൻ സാക്സിലെ മുൻ വിദ്യാർഥികൾ ഗാനാർച്ചനയും അവതരിപ്പിച്ചു ○



**എറണാകുളം കൂനമ്മാവിൽ നടന്ന ബിഒടി ടോൾവിരുദ്ധ ബഹുജന കൺവൻഷനിൽ അന്യായമായ ഭൂമി ഏറ്റെടുക്കലിനെ ചെറുക്കുമെന്ന് കുടിയൊഴിപ്പിക്കൽ ഭീഷണി നേരിടുന്നവർ പ്രതിജ്ഞ ചെയ്യുന്നു**



ആഗസ്റ്റ് 5 ന് കൽക്കത്തയിൽ നടന്ന വമ്പിച്ച അനുസ്മരണ റാലിയിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ്ഘോഷ് പ്രസംഗിക്കുന്നു

## ആഗസ്റ്റ് 5

# സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണദിനം രാജ്യമെമ്പാടും സമുചിതം ആചരിച്ചു

**ചൂ**ഷിതരും അവഹേളിതരും മർദ്ദിതരും വിപ്ലവത്തിന്റെ തീപ്പന്തങ്ങൾ ഉയർത്തുകയാണ്. എസ്‌യുസിഐ(സി)യുടെ കൊടിക്കൂറയാണ് അവരുടെ കൈകളിൽ. ഇന്ത്യയിലെ 22 സംസ്ഥാനങ്ങളിലാണ് ഈ മുന്നേറ്റമിന്ന് ദൃശ്യമാകുന്നത്. തൊഴിലാളിവർഗ്ഗത്തിന്റെ മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷ് നമ്മുടെ മണ്ണിൽ വികസിപ്പിച്ചെടുത്ത കമ്മ്യൂണിസത്തിന്റെ മഹത്വത്താൽ പ്രചോദിതമായ, സംഘടിതവും പ്രബുദ്ധവുമായ വർഗ്ഗ-ബഹുജന മുന്നേറ്റമാണിത്. ജീവിതത്തിന്റെ നാനാ തുറകളിലുള്ളവരുടെ സുദൃഢമായ പരസ്പര ബന്ധത്താൽ പടുത്തുയർത്തപ്പെടുന്ന ഈ മുന്നേറ്റത്തിന്റെ ആഴമളക്കാൻ മുതലാളിവർഗ്ഗത്തിനാവില്ല. സമരങ്ങൾക്കും സംസ്ക്കാരത്തിനും മേൽ അവരഴിച്ചുവിടുന്ന ക്രൂരതകൾക്ക് ഈ പ്രസ്ഥാനത്തെ തകർക്കാനുമാവില്ല.

വിപ്ലവത്തിന്റെ ഈ മുന്നണിപ്പട ഈ യുഗത്തിലെ സമുന്നത മാക്സിസ്റ്റ് ചിന്തകരിലൊരാളും നമ്മുടെ പാർട്ടിയുടെ സ്ഥാപക ജനറൽ സെക്രട്ടറിയുമായ സഖാവ് ശിബ്ദാസ് ഘോഷിന്റെ 40-ാം ചരമവാർഷികം ആചരിക്കാൻ വിങ്ങുന്ന ഹൃദയത്തോടെ ഒത്തു ചേരുന്നു. ജീവിതത്തിന്റെ നീറുന്ന പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള പോരാട്ട വേദികളിൽ നിന്നാണവർ വരുന്നത്.

ഒരു വിപ്ലവകാരിയെ സംബന്ധിച്ചിടത്തോളം ഓരോ ദിനവും വിപ്ലവത്തിനായുള്ള പുനഃരർപ്പണത്തിന്റെ ദിനമാണ്. എന്നാൽ ആഗസ്റ്റ് 5 അതിൽ വേറിട്ടു നിൽക്കുന്നു. സഖാവ് ഘോഷിന്റെ ജീവിതാന്ത്യം വരെ നീണ്ടു നിന്ന യാതനാപൂർണ്ണമായ വിപ്ലവപോരാട്ടത്തിന്റെ സ്മരണ വേദനയോടെയെങ്കിലും നിശ്ചയദാർഢ്യത്തോടെ നമ്മൾ ഈ ദിനത്തിൽ പുതുക്കുന്നു. മഹത്തായ വിപ്ലവ പാഠങ്ങളും തൊഴിലാളി വർഗ്ഗ സംസ്ക്കാരവും നൈതികതയുമെല്ലാം സ്വന്തം ജീവിതത്തിൽ പ്രയോഗിച്ചുകൊണ്ട് മാനവ നാഗരികതയ്ക്കു മുന്നിൽ ഒരു ഉദാത്ത മാതൃകയായി, മഹത്തായ നേതൃത്വമായി അദ്ദേഹം ഉയർന്നുവന്നു. ഈ കടമകൾ പൂർത്തീകരിക്കാനുള്ള പോരാട്ടത്തിൽ അചഞ്ചലം മുന്നേറുമെന്ന പ്രതിജ്ഞയാണ് ഇന്ത്യയിലെ കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾ ഈ ദിനത്തിൽ പുതുക്കുന്നത്. ആഗസ്റ്റ് 5 ആചരണത്തിന്റെ ഉൾക്കാമ്പിതാണ്. മുതലാളിത്തം സാമ്പത്തിക-രാഷ്ട്രീയ-സാമൂഹിക മണ്ഡലങ്ങളിൽ അഴിച്ചുവിടുന്ന ആക്രമണങ്ങൾക്കെതിരെ ഉറച്ച ചുവടുവയ്പ്പുകളോടെ മുന്നേറുമെന്ന പ്രതിജ്ഞയോടെ രാജ്യമെമ്പാടും ആഗസ്റ്റ് 5 ആചരിക്കപ്പെട്ടു.

അന്നേദിവസം പാർട്ടി ഓഫീസുകളിലും സെന്ററുകളിലും കമ്മ്യൂണുകളിലുമെല്ലാം സഖാവ് ഘോഷിന്റെ ചിത്രത്തിൽ നേതാക്കളും പ്രവർത്തകരും ഹാരാർപ്പണം നടത്തി. സഖാക്കളെല്ലാം സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിത്രം ആലേഖനം ചെയ്ത ബാഡ്ജ് ധരിച്ചു. ഹാൾമീറ്റിംഗുകളും പൊതുയോഗങ്ങളും സംഘടിപ്പിച്ചു. ബുക്സ്റ്റാളുകളും ഉദ്ധരണി പ്രദർശനങ്ങളും സംഘടിപ്പിച്ചു. സഖാവ് ഘോഷിന്റെ കൃതികളും മറ്റ് പാർട്ടി പ്രസിദ്ധീകരണങ്ങളും ജനങ്ങളുടെയിടയിൽ വിതരണം ചെയ്തു.

പൊതുയോഗത്തിനു മുന്നോടിയായി നേതാക്കൾ സഖാവ് ഘോഷിന്റെ ചിത്രത്തിൽ പൂക്കൾ അർപ്പിച്ചു. തുടർന്ന് മഹാനായ നേതാവ് സഖാവ് ശിബ്ദാസ് ഘോഷിനെക്കുറിച്ചുള്ള ഗാനവും യോഗത്തിനൊടുവിൽ തൊഴിലാളിവർഗ്ഗ സാർവ്വദേശീയതയുടെ പ്രതീകമായ സാർവ്വദേശീയ ഗാനവും ആലപിച്ചു. ചില സംസ്ഥാനങ്ങളിൽ കാലാവസ്ഥ വളരെ പ്രതികൂലമായിരുന്നു. വിപ്ലവ പോരാട്ടം അക്ഷീണം മുന്നോട്ടുകൊണ്ടുപോകുമെന്ന് സഖാക്കൾ ഏകസ്വരത്തിൽ പ്രതിജ്ഞയെടുത്തു.

വിവിധ സംസ്ഥാനങ്ങളിലെ ആചരണപരിപാടികളുടെ ലഭ്യമായ റിപ്പോർട്ടുകൾ താഴെക്കൊടുക്കുന്നു

### പശ്ചിമബംഗാൾ

ആഗസ്റ്റ് 5 ന് പശ്ചിമബംഗാൾ സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ കൊൽക്കത്തയിൽ ആചരണ സമ്മേളനം നടന്നു. കനത്ത മഴയിലും ആയിരങ്ങൾ പങ്കെടുത്തു. ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ്, പോളിറ്റ് ബ്യൂറോ മെമ്പർ സഖാവ് മണിക് മുഖർജി, കേന്ദ്ര കമ്മിറ്റിയംഗങ്ങൾ, സംസ്ഥാന നേതാക്കൾ മുന്നണി സംഘടനാ നേതാക്കൾ തുടങ്ങിയവരൊക്കെ സഖാവ് ഘോഷിന്റെ ചിത്രത്തിൽ ഹാരാർപ്പണം നടത്തി. കോംസമോൾ വാളന്റീയർമാർ ഗാർഡ് ഓഫ് ഓണർ നൽകി. സംസ്ഥാന സെക്രട്ടറി സഖാവ് സൗമൻ ബസു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സഖാവ് പ്രൊവാഷ് ഘോഷാണ് മുഖ്യ പ്രസംഗം നടത്തിയത്. ബുദ്ധിജീവികൾ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, ജീവനക്കാർ, തൊഴിലാളികൾ, കർഷകർ തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലുള്ളവർ ആദ്യാവസാനം മീറ്റിംഗിൽ പങ്കെടുത്തു.

### കേരളം

മഹാനായ തൊഴിലാളിവർഗ്ഗനേതാവും ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് ദാർശനികനുമായ സഖാവ് ശിബ്ദാസ്ഘോഷിന്റെ 40-ാം ചരമവാർഷികദിനമായ ആഗസ്റ്റ് 5 സഖാവ് ശിബ്ദാസ്ഘോഷ് അനുസ്മരണ ദിനമായി കേരളത്തിലും സമുചിതം ആചരിക്കപ്പെട്ടു. ഒരാഴ്ച നീണ്ടുനിന്ന ആചരണപരിപാടിയാണ് പാർട്ടി സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനമനുസരിച്ച് സ്വീകരിക്കപ്പെട്ടത്. മുഖ്യമായും സഖാവ് ശിബ്ദാസ്ഘോഷിന്റെ അമൂല്യങ്ങളായ വിപ്ലവപാഠങ്ങൾ പുനഃരാവർത്തി പഠിക്കുന്നതിന് വേണ്ടിയുള്ള പഠന പരിപാടികൾ ജില്ലാതലത്തിലും പ്രാദേശികാടിസ്ഥാനത്തിലും സംഘടിപ്പിക്കപ്പെട്ടു. ആഗസ്റ്റ് 5 രാവിലെ സംസ്ഥാനത്തെ എല്ലാ പാർട്ടി ഓഫീസുകളിലും ചെങ്കൊടിയുയർത്തി; സഖാവ് ശിബ്ദാസ്ഘോഷിന്റെ ചിത്രം ആലേഖനം ചെയ്ത ബാഡ്ജ് സഖാക്കൾ ധരിച്ചു. വൈകുന്നേരം സംസ്ഥാനകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പത്തനംതിട്ട ജില്ലയിലെ തിരുവല്ലയിൽ പ്രകടനവും അനുസ്മരണസമ്മേളനവും നടന്നു.

തിരുവല്ല മുനിസിപ്പൽ ഓഫീസിന് സമീപത്തുനിന്ന് സമ്മേളനസ്ഥലമായ മുനിസിപ്പൽ ഓപ്പൺ ഓഡിറ്റോറിയത്തിലേയ്ക്ക് നടന്ന പ്രകടനത്തിൽ വനിതകളും കുട്ടികളുമുൾപ്പെടെ നൂറുകണക്കിന് സഖാക്കൾ പങ്കെടുത്തു. തുടർന്നു നടന്ന അനുസ്മരണസമ്മേളനം സഖാവ് ശിബ്ദാസ്ഘോഷിനെക്കുറിച്ചുള്ള ഗാനാലാപനത്തോടെ ആരംഭിച്ചു. തുടർന്ന് സഖാവ് ഘോഷിന്റെ ചിത്രത്തിൽ

(ശേഷം 8-ാം പേജിൽ)







◆ കേരള സംസ്ഥാന കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തിരുവല്ലയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ഛായാമുഖർജി മുഖ്യപ്രഭാഷണം നടത്തുന്നു. ◆ സമ്മേളനത്തിനുമുന്നോടിയായി നടന്ന പ്രകടനത്തിന്റെ മുൻനിര

# വിപ്ലവഅച്ചടക്കവും അന്തസ്സും അർപ്പണബോധവും മുറുകെ പി

(7-ാം പേജിൽ നിന്ന്)

പൂക്കളർപ്പിക്കപ്പെട്ടു. പാർട്ടി കേന്ദ്രകമ്മിറ്റിയുടെയും സംസ്ഥാനകമ്മിറ്റിയുടെയും സംസ്ഥാനത്തെ എല്ലാ ജില്ലാക്കമ്മിറ്റികളുടെയും പ്രതിനിധികൾ പൂക്കളർപ്പിച്ചു. തൊഴിലാളി-വനിതാ-യുവജന-വിദ്യാർത്ഥി പ്രസ്ഥാനങ്ങളുടെയും യുവകമ്മ്യൂണിസ്റ്റ് ദളമായ കോംസൊമോളിന്റെയും മെഡിക്കൽ



മധുരയിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് സി.കെ.ലൂക്കോസ് മുഖ്യപ്രഭാഷണം നടത്തുന്നു

സർവ്വീസ് സെന്ററിന്റെയും സംസ്ഥാനകമ്മിറ്റികളുടെ പ്രതിനിധികളും പൂക്കളർപ്പിച്ചു.

അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കേന്ദ്രകമ്മിറ്റിയംഗവും സംസ്ഥാനസെക്രട്ടറിയുമായ സഖാവ് സി.കെ. ലൂക്കോസ് അദ്ധ്യക്ഷത വഹിച്ചു. പാർട്ടി കേന്ദ്രകമ്മിറ്റിയംഗം സഖാവ് ഛായാ മുഖർജി മുഖ്യപ്രസംഗം നടത്തി. സംസ്ഥാനസെക്രട്ടേറിയറ്റംഗങ്ങളായ സഖാക്കൾ വി.വേണുഗോപാൽ, ജയ്സൺ ജോസഫ്, പത്തനംതിട്ട ജില്ലാസെക്രട്ടറി സഖാവ് എസ്.രാജീവൻ എന്നിവരും പ്രസംഗിച്ചു.

സ.ഛായാമുഖർജി തന്റെ പ്രസംഗത്തിൽ,



ലക്നൗവിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് ഗോപാൽകുണ്ടു മുഖ്യപ്രഭാഷണം നടത്തുന്നു

ഇൻഡ്യൻ മണ്ണിലെ യഥാർത്ഥ തൊഴിലാളി വർഗ്ഗ വിപ്ലവപ്പാർട്ടിയെന്ന നിലയിൽ എസ്‌യുസിഐ (കമ്മ്യൂണിസ്റ്റ്) കെട്ടിപ്പടുക്കാൻ വേണ്ടി സഖാവ് ശിബ്ദാസ്ഘോഷ് നടത്തിയ ചരിത്രപ്രധാനമായ സമരത്തെപ്പറ്റി പറഞ്ഞു. ശരിയായ വിപ്ലവപ്പാർട്ടിയില്ലാതെ വിപ്ലവം സാദ്ധ്യമല്ല എന്ന മഹാനായ ലെനിന്റെ പാഠം അനുസരിച്ച് ഇൻഡ്യയിൽ യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടി കെട്ടിപ്പടുക്കാനുള്ള അങ്ങേയറ്റം കഠിനമായ സമരം അദ്ദേഹം ഏറ്റെടുത്തു. ഒരു പിടി യുവവിപ്ലവകാരികൾ മാത്രമാണ് ആ സമരത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അന്ന് അദ്ദേഹത്തോടൊപ്പം ചേർന്നത്. അന്തർദ്ദേശീയ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ അംഗീകാരമോ മറ്റെന്തെങ്കിലും തരത്തിലുള്ള പിന്തുണയോ അവർക്കുണ്ടായിരുന്നില്ല. സാമ്പത്തികസഹായം നൽകാനാരുമുണ്ടായിരുന്നില്ല. മാദ്ധ്യമങ്ങളുടെ പിന്തുണയുണ്ടായിരുന്നില്ല. എന്നാൽ ഈ പ്രതിബന്ധങ്ങൾക്കൊന്നും സഖാവ് ശിബ്ദാസ്ഘോഷിനെ തളർത്താൻ കഴിഞ്ഞില്ല. മാർക്സിസം-ലെനിനിസം എന്ന മഹത്തായ വിപ്ലവപ്രത്യയശാസ്ത്രത്തെ അദ്ദേഹം ഇൻഡ്യൻ മണ്ണിൽ സമൂർത്തവൽക്കരിച്ചു. അങ്ങനെ അദ്ദേഹം ഇൻഡ്യൻ വിപ്ലവത്തിന്റെ ശരിയായ സിദ്ധാന്തം ആവിഷ്കരിച്ചു. ആ സിദ്ധാന്തത്തെ അടിസ്ഥാനപ്പെടുത്തി 1948 ഏപ്രിൽ 24-ന് പശ്ചിമബംഗാളിലെ ഒരു ചെറുപട്ടണമായ ജോയ്നഗറിൽ എസ്‌യുസിഐ (സി)ക്ക് രൂപം നൽകി. അന്ന് ആരോരും അറിയാത്ത ഏതാനും ചെറുപ്പക്കാർ ചേർന്ന് രൂപം നൽകിയ ഈ പാർട്ടി ഇന്ന് ഇൻഡ്യയിലെ 22 സംസ്ഥാനങ്ങളിൽ ഘടകങ്ങളുള്ള പാർട്ടിയായി വളർന്നത് സഖാവ് ശിബ്ദാസ്ഘോഷ് ആവിഷ്കരിച്ച ശരിയായ വിപ്ലവസിദ്ധാന്തത്തിന്റെ പിൻബലം കൊണ്ട് മാത്രമാണ്.



ബാംഗ്ലൂരിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പോളിറ്റ്ബ്യൂറോമെമ്പർ സഖാവ് അസിത് ഭട്ടാചാര്യ മുഖ്യപ്രഭാഷണം നടത്തുന്നു




ഹരിയാനയിലെ റോത്തക്കിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ എസ്‌യുസിഐ (സി) കേന്ദ്രകമ്മിറ്റിയംഗം സഖാവ് ശങ്കർസാഹ മുഖ്യപ്രഭാഷണം നടത്തുന്നു

ഇന്ന് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) രാജ്യത്തുടനീളം ജനാധിപത്യസമരങ്ങളുടെ പക്ഷത്ത് അചഞ്ചലം നിലകൊള്ളുന്ന പാർട്ടിയെന്ന നിലയിൽ ഉയർന്നുവന്നുകൊണ്ടിരിക്കുകയാണ്. സഖാവ് ശിബ്ദാസ്ഘോഷ് പഠിപ്പിച്ചതുപോലെ, നാം ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്നത് ജനാധിപത്യ സമരങ്ങളിലൂടെയാണ്. യോജിച്ച സമരങ്ങളിലൂടെ ജനങ്ങളെ അവരുടേതായ സമരക്കമ്മിറ്റികളിൽ അണിനിരത്താനും അതിലൂടെ ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങൾക്ക് ജന്മം നൽകാനും നാം ശ്രമിക്കുന്നു. ശരിയായ വിപ്ലവ സിദ്ധാന്തത്തിനും ശരിയായ വിപ്ലവപ്പാർട്ടിക്കുമൊപ്പം ജനങ്ങളുടെ സ്വന്തം സമരോപകരണങ്ങളുടെ രൂപീകരണവും മുതലാളിത്ത വിരുദ്ധ സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ വിജയത്തിന് അനിവാര്യമാണ് – സഖാവ് ഛായാ മുഖർജി പറഞ്ഞു.

മരണാസന്ന മുതലാളിത്ത വ്യവസ്ഥിതിയുടെ അപരിഹാര്യമായ പ്രതിസന്ധി ഇന്ന് ലോകത്തെവിടെയുമുള്ള മുതലാളിത്ത രാജ്യങ്ങളിലെ ജനങ്ങളുടെ ജീവിതം താറുമാറാക്കുകയാണ്. കൂടുതൽ കൂടുതൽ ജനവിഭാഗങ്ങൾ നിലനില്പിന് വേണ്ടി സമരപാതയിൽ അണിനിരക്കാൻ നിർബ്ബന്ധിതരായിത്തീർന്നുകൊണ്ടിരിക്കുന്നു. ഈ ജനകീയസമരങ്ങൾ മുതലാളിത്ത വിരുദ്ധ വിപ്ലവത്തിലേയ്ക്ക് നയിക്കുമെന്ന് ഭയപ്പെടുന്ന മുതലാളിവർഗ്ഗം ആസന്നമായ ആ വിപ്ലവത്തിന് തടയിടുകയെന്ന ലക്ഷ്യത്തോടെ ഫാസിസത്തിൽ അഭയം പ്രാപിക്കുന്നു. നമ്മുടെ രാജ്യത്തെ മുതലാളിവർഗ്ഗം ഏറ്റവും പിന്തിരിപ്പൻ പാർട്ടിയായ ബിജെപിയെ കേന്ദ്രത്തിൽ അധികാരത്തിലേറ്റിയിരിക്കുകയാണ്. രാജ്യത്തെ സമ്പൂർണ്ണഫാസിസത്തിലേയ്ക്ക് നയിക്കുകയെന്ന ലക്ഷ്യത്തോടെ ബിജെപി ഗവണ്മെന്റ് ജനങ്ങളുടെ യുക്തിചിന്തയെ കെടുത്താനുള്ള ഗൂഢാലോചനയിലേർപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസ- സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം അന്ധമായ വിശ്വാസങ്ങളെയും മനോഭാവത്തെയും പ്രോത്സാഹിപ്പിക്കുന്നത് അതിന്റെ ഭാഗമായിട്ടാണ്. ഉന്നതമായ സംസ്കാരത്തിലും പ്രബുദ്ധതയിലും അധിഷ്ഠിതമായ ജനാധിപത്യബഹുജനസമരങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ ഈ ഗൂഢപദ്ധതിയെ പരാജയപ്പെടുത്തുക എന്നതാണ് ഇന്നത്തെ അടിയന്തരാവശ്യകത. എന്നാൽ ഈ കർത്തവ്യം അവഗണിച്ച് സിപിഐ (എം), പ്രതിലോമത്വത്തെ ചെറുക്കാനെന്ന പേരിൽ കോൺഗ്രസ്സുമായി ഐക്യമുണ്ടാക്കുകയാണ്. ഇൻഡ്യൻ മുതലാളി വർഗ്ഗത്തിന്റെ വിശ്വസ്ത രാഷ്ട്രീയകക്ഷിയായ കോൺഗ്രസ്സുമായി സിപിഐ(എം) ഉണ്ടാക്കുന്ന ഈ അവസരവാദപരമായ

(ശേഷം 9-ാം പേജിൽ)



ത്രിപുരയിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ സഖാവ് ശങ്കർദാസ് ഗുപ്ത മുഖ്യപ്രഭാഷണം നടത്തുന്നു



നാഗ്പൂരിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ഒഡീഷ സംസ്ഥാന സെക്രട്ടറി സഖാവ് ദുർജതിദാസ് പ്രസംഗിക്കുന്നു

# ടിച്ച് രാജ്യമെമ്പാടും പ്രൗഢോജ്ജ്വലമായ ആഗസ്റ്റ് 5 ആചരണം




ഒഡീഷയിൽ കട്ടക്കിൽ നടന്ന അനുസ്മരണസമ്മേളനത്തിൽ എസ്‌യുസിഐ(സി) കേന്ദ്രക്കമ്മിറ്റിയംഗം സഖാവ് സൗമൻ ബോസ് മുഖ്യപ്രഭാഷണം നടത്തുന്നു

(8-ാം പേജിൽ നിന്ന്)

ഐക്യം ഇടതുപക്ഷ രാഷ്ട്രീയത്തെ ദുർബ്ബലപ്പെടുത്തുകയും, ഫലത്തിൽ പ്രതിലോമശക്തികൾക്ക് കരുത്ത് പകരുകയുമാണ് ചെയ്യുന്നത് - സഖാവ് ഛായാമുഖർജി ചൂണ്ടിക്കാട്ടി.

സഖാവ് സി.കെ.ലൂക്കോസ് തന്റെ അദ്ധ്യക്ഷപ്രസംഗത്തിൽ, കേരളത്തിലെ ഇടതുജനാധിപത്യമുന്നണി സർക്കാർ അവരുടെ ചെയ്തികളിലൂടെ സംസ്ഥാനത്തെ ഇടതു-ജനാധിപത്യ അന്തരീക്ഷത്തിന് ഹാനി വരുത്തിക്കൊണ്ടിരിക്കയാണെന്ന് അഭിപ്രായപ്പെട്ടു. അധികാരത്തിലേറി ചുരുങ്ങിയ നാളുകൾക്കുള്ളിൽത്തന്നെ ഈ സർക്കാർ കുത്തകകൾക്ക് അനുകൂലവും ജനവിരുദ്ധവുമായ നയങ്ങളിലൂടെ തനിനിറം പുറത്തുകാട്ടിയിരിക്കുന്നു. ബിജെപിയെപ്പോലുള്ള പ്രതിലോമശക്തികളാണ് ഇതിൽ നിന്ന് മുതലെടുക്കുന്നത്. പശ്ചിമബംഗാളിൽ തുടർച്ചയായ 34 വർഷക്കാലത്തെ ഭരണത്തെത്തുടർന്നുണ്ടായ കനത്ത തിരിച്ചടിയിൽ നിന്ന് പാഠമുൾക്കൊള്ളാൻ സിപിഐ(എം) നേതൃത്വത്തിന് സാധിച്ചിട്ടില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ജനങ്ങളുടെ യോജിച്ച ജനാധിപത്യസമരങ്ങൾ വളർത്തിയെടുക്കുന്നതിലൂടെ മാത്രമേ ശരിയായ ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ ബാനർ ഉയർത്തിപ്പിടിക്കാൻ സാധിക്കുകയുള്ളൂ. എസ്‌യുസിഐ(സി)യും ആർഎംപി, എംസിപിഐ (യു) എന്നീ ഇടതുപക്ഷപ്പാർട്ടികളും ചേർന്ന് രൂപീകരിച്ചിട്ടുള്ള ഇടതുപക്ഷ ഐക്യമുന്നണിയാണ് കേരളത്തിൽ ഇടതുപക്ഷരാഷ്ട്രീയത്തിന്റെ ശ്രേഷ്ഠമായ പതാക ഉയർത്തിപ്പിടിക്കുന്നത് - അദ്ദേഹം പറഞ്ഞു.

സഖാവ് വി.വേണുഗോപാൽ തന്റെ പ്രസംഗത്തിൽ ഇടതുപക്ഷ ഐക്യമുന്നണിയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന സമരപരിപാടി വിശദീകരിച്ചു. മോദിസർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ എല്ലാ ജില്ലാകേന്ദ്രങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രസർക്കാർ ഓഫീസുകൾക്ക് മുന്നിൽ ആഗസ്റ്റ് 26-ന് നടത്തുന്ന പ്രതിഷേധപരിപാടി വിജയിപ്പിക്കാൻ അദ്ദേഹം ജനങ്ങളോടഭ്യർത്ഥിച്ചു. കേന്ദ്രഗവണ്മെന്റിന്റെ തൊഴിലാളിവിരുദ്ധ നയങ്ങൾക്കെതിരെ കേന്ദ്ര ട്രേഡ്‌യൂണിയൻ സംയുക്തവേദിയുടെ ആഹ്വാനപ്രകാരം സെപ്തംബർ 2-ന് നടക്കുന്ന ദേശീയ പൊതുപണിമുടക്ക് വൻ വിജയമാക്കാനും അദ്ദേഹം അഭ്യർത്ഥിച്ചു. തൊഴിലാളിവർഗ്ഗ സാർവ്വദേശീയ ഗാനാലാപനത്തോടെയാണ് യോഗം അവസാനിച്ചത്.

## കർണ്ണാടക

കർണ്ണാടക സംസ്ഥാന കമ്മിറ്റി ആഗസ്റ്റ് 5 ന് ബാംഗ്ലൂരിലെ സ്‌കൗട്ട്‌സ് ആന്റ് ഗൈഡ്‌സ് ഹാളിലാണ് ആചരണ യോഗം സംഘടിപ്പിച്ചത്. 14 ജില്ലകളിൽ നിന്നുള്ള പ്രവർത്തകരും അനുഭാവികളും യോഗത്തിൽ പങ്കെടുത്തു. പോളിറ്റ് ബ്യൂറോ മെമ്പർ സഖാവ് അസിത് ഭട്ടാചാര്യ മുഖ്യ പ്രസംഗം നടത്തി. സംസ്ഥാന സെക്രട്ടറി സഖാവ് കെ.രാധാകൃഷ്ണ പ്രസംഗിച്ചു.

## തമിഴ്‌നാട്

തമിഴ്‌നാട് സംസ്ഥാന സംഘാടക കമ്മിറ്റി ആഗസ്റ്റ് 13 ന് മധുരയിലെ ഗൗരിപാളയത്താണ് അനുസ്മരണ യോഗം സംഘടിപ്പിച്ചത്. സംസ്ഥാന സെക്രട്ടറി സഖാവ് എ.രംഗസ്വാമി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സി.കെ.ലൂക്കോസ് മുഖ്യ പ്രസംഗം നടത്തി.

## ബീഹാർ

ആഗസ്റ്റ് 5 ന് പാറ്റ്നയിലെ ഐഎംഎ ഹാളിൽ ബീഹാർ സംസ്ഥാന കമ്മിറ്റി അനുസ്മരണ യോഗം സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് ശിവശങ്കർ പതാകയുയർത്തി. സംസ്ഥാന സെക്രട്ടേറിയറ്റംഗം സഖാവ് അരുൺ സിംഗിന്റെ അദ്ധ്യക്ഷതയിൽ നടന്ന അനുസ്മരണ യോഗത്തിൽ പാർട്ടി കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സത്യവാൻ മുഖ്യപ്രഭാഷണം നടത്തി.

## ഉത്തർപ്രദേശ്

ആഗസ്റ്റ് 7 ന് ലഖ്നൗവിൽ ഉത്തർപ്രദേശ് സംസ്ഥാന കമ്മിറ്റി അനുസ്മരണ യോഗം സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് വി.എൻ.സിംഗ് അദ്ധ്യക്ഷനായിരുന്നു. കേന്ദ്ര കമ്മിറ്റിയംഗം സഖാവ് ഗോപാൽകുണ്ടു മുഖ്യ പ്രഭാഷണം നടത്തി.

## ഹരിയാന

ഹരിയാനയിൽ സംസ്ഥാനതല അനുസ്മരണ സമ്മേളനം റോത്തക്കിൽ ആഗസ്ററ് 7 ന് നടന്നു. കേന്ദ്ര കമ്മിറ്റിയംഗവും എഐയുടിയുസി ജനറൽ സെക്രട്ടറിയുമായ സഖാവ് ശങ്കർ സാഹ മുഖ്യപ്രസംഗം നടത്തിയ യോഗത്തിൽ സംസ്ഥാന സെക്രട്ടറി സഖാവ് സത്യവാനും പ്രസംഗിച്ചു. കേന്ദ്ര-സംസ്ഥാന ബിജെപി ഗവണ്മെന്റുകളുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഒക്ടോബർ 4 ന് മുഖ്യമന്ത്രിയുടെ വസതിയിലേയ്ക്ക് പ്രതിഷേധ മാർച്ച് സംഘടിപ്പിക്കുവാനും സമ്മേളനത്തിൽ തീരുമാനിച്ചു.

## ഗുജറാത്ത്

ഗുജറാത്ത് സംസ്ഥാന സംഘാടക കമ്മിറ്റി ആഗസ്റ്റ് 8 ന് വഡോദരയിലാണ് സംസ്ഥാനതല അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചത്. കേന്ദ്ര കമ്മിറ്റിയംഗം സഖാവ് ഛായാമുഖർജി മുഖ്യപ്രസംഗം നടത്തി. ഗുജറാത്തിൽ ദലിതർക്കുനേരെ നടക്കുന്ന ആക്രമണങ്ങളെ സംസ്ഥാന സെക്രട്ടറി സഖാവ് ദ്വാരികാനാഥ് റാത്ത് അപലപിച്ചു.

മുഖ്യ പ്രഭാഷണം നടത്തി. കോംസമോൾ വാളന്റിയർമാർ ഗാർഡ് ഓഫ് ഓണർ നൽകി.

## മഹാരാഷ്ട്ര

മഹാരാഷ്ട്രയിലെ മുംബൈയിൽ ആഗസ്റ്റ് 6 ന് അനുസ്മരണ സമ്മേളനം നടന്നു. മുംബൈ നഗരത്തിൽ നടന്ന പൊതു സമ്മേളനത്തിൽ മുംബൈ ഓർഗനൈസിംഗ് കമ്മിറ്റി സെക്രട്ടറി സഖാവ് അനിൽ കുമാർത്യാഗി അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര കമ്മിറ്റിയുടെ പ്രതിനിധിയായി സഖാവ് ദ്വാരികാനാഥ് റാത്ത് മുഖ്യപ്രസംഗം നടത്തി. നാഗ്പൂരിലെ രാംനഗറിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ ഒഡീഷ സംസ്ഥാന സെക്രട്ടറി സഖാവ് ദുർജതി ദാസ് മുഖ്യ പ്രസംഗം നട



ഭോപ്പാലിൽ നടന്ന ആഗസ്റ്റ് 5 ആചരണ സമ്മേളനത്തിന്റെ സദസ്സ്



ചത്തീസ്ഘട്ടിൽ നടന്ന ആഗസ്റ്റ് 5 ആചരണ സമ്മേളനത്തിന്റെ സദസ്സ്

## ഒഡീഷ

ഒഡീഷ സംസ്ഥാന കമ്മിറ്റി ആഗസ്റ്റ് 7 ന് കട്ടക്കിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറി സഖാവ് ദുർജതിദാസ് അദ്ധ്യക്ഷത വഹിച്ചു. കേന്ദ്ര കമ്മിറ്റിയംഗം സഖാവ് സൗമൻ ബസു

(ശേഷം 10-ാം പേജിൽ)



മുംബൈയിൽ നടന്ന ആഗസ്റ്റ് 5 ആചരണ സമ്മേളനത്തിൽ സഖാവ് ദ്വാരികാ നാഥ് റാത്ത് പ്രസംഗിക്കുന്നു



മദ്ധ്യപ്രദേശിലെ സാഗറിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സഖാവ് സ്വപൻചാറ്റർജി പ്രസംഗിക്കുന്നു

# വിജയത്തിലേക്ക് മുന്നേറുന്ന കലാ വിദ്യാർത്ഥി പ്രക്ഷോഭം

**സുദീർഘമായ പ്രക്ഷോഭത്തിലൂടെ നേടിയെടുത്ത കലാ അധ്യാപക നിയമന ഉത്തരവ് ഉടൻ നടപ്പിലാക്കുവാൻ ആവശ്യപ്പെട്ട് കേരളത്തിലെ കലാവിദ്യാർത്ഥികൾ പ്രക്ഷോഭരംഗത്താണ്. ആഗസ്റ്റ് 12ന്സെക്രട്ടേറിയേറ്റിനു മുന്നിൽ നടന്ന കലാധർണ്ണയും ഡിപിഐ ഓഫീസിലേക്കുള്ള മാർച്ചും തലസ്ഥാനത്തിന് പുതിയ അനുഭവമായി.**

**ചി**ത്രം വരച്ചും പാട്ട് പാടിയും നൃത്തം ചവിട്ടിയും തെരുവ് നാടകം അവതരിപ്പിച്ചുമാണ് കലാവിദ്യാർത്ഥികൾ പുതിയ സമരമാതൃക സൃഷ്ടിച്ചത്. കലാവിദ്യാർത്ഥികൾ കഴിഞ്ഞ ഒരു വർഷത്തിലേറേയായി നടത്തിവന്ന സമരത്തിലൂടെയാണ് 2016 ഫെബ്രുവരി 27ന് കലാ അദ്ധ്യാപകരെ നിയമിക്കാനുള്ള ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചത്. 2010 മുതൽ കലാ അദ്ധ്യാപകരെ നിയമിക്കാനായി കേന്ദ്ര സർക്കാർ എസ്എസ്എ വഴി 500 കോടിയോളം രൂപ നൽകുന്നുണ്ട്. എന്നാൽ കഴിഞ്ഞ കാലങ്ങളിലെല്ലാം ഈ തുക ചെലവഴിക്കാതിരിക്കുകയോ, വകമാറ്റി ചെലവഴിക്കുകയോ ആണ് സംസ്ഥാന സർക്കാരുകൾ ചെയ്തത്. കലാ അദ്ധ്യാപകരെ നിയമിക്കാനുള്ള ഉത്തരവ് പുറത്തിറങ്ങിയിട്ടും അത് നടപ്പിലാക്കാൻ അധികാരികൾ തയ്യാറാകാത്തതിൽ പ്രതിഷേധിച്ചുകൊണ്ടാണ് കലാവിദ്യാർത്ഥികൾ വീണ്ടും സമരവുമായി രംഗത്തുവന്നത്.

പ്രമുഖ ചിത്രകാരനും ലളിതകലാ അക്കാദമി മുൻ ചെയർമാനുമായ കാട്ടൂർ നാരായണപ്പിള്ള സെക്രട്ടേറിയറ്റ് നടയിൽ ചിത്രം വരച്ചുകൊണ്ട് സമരം ഉദ്ഘാടനം ചെയ്തു. ആറു മാസം മുൻപ് കാലാദ്ധ്യാപകരെ നിയമിക്കാനുള്ള നടപടികൾ പൂർത്തിയായിട്ടും പ്രമുഖരായ നിരവധി കലാകാരന്മാരുടെ സമ്മർദ്ദം ഉണ്ടായിട്ടും നിയമനം നടത്താത് നീതികരിക്കാനാവില്ല. തൊഴിലിനുവേണ്ടി എന്നതിനെക്കാളുപരി സംസ്കാരത്തെ ശക്തിപ്പെടുത്താനാണീ സമരമെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു.

സർക്കാർ-എയ്ഡഡ് സ്കൂളുകളിലെ ബഹുഭൂരിപക്ഷം വരുന്ന നിർദ്ധനരായ കുട്ടികൾക്ക് കലയുടെ ലോകം അന്യമാക്കുന്ന തരത്തിലുള്ള നടപടികളാണ് നടക്കുന്നതെന്ന് തുടർന്ന് സംസാരിച്ച ലോകപ്രശസ്ത നാടകനടനും അഭിനയ കലാകേന്ദ്രത്തിന്റെ ഡയറക്ടറുമായ രഘൂത്തമൻ പറഞ്ഞു.

കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന ചെയർമാൻ എം.പ്രദീപൻ അദ്ധ്യക്ഷത വഹിച്ചു. സ്കൂൾ ഓഫ് ഡ്രാമാ അസിസ്റ്റന്റ് പ്രൊഫ. ശ്രീജിത്ത് രമണൻ, നാടകസംവിധായകൻ മണിവർണ്ണൻ, ബാനർ ഫിലിം സൊസൈറ്റി കൺവീനർ ആർ. ബിജു, സാംസ്കാരിക പ്രവർത്തകൻ ഡോ.കെ.പ്രസന്നകുമാർ, കെ.പി.സുരേന്ദ്രൻ, എസ്എഫ്ഐ സംസ്ഥാന ജോയിന്റ് സെക്രട്ടറി ഖദീജത്ത് സൂഹൈല, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം എ. ഷൈജു എന്നിവർ പ്രസംഗിച്ചു.

സെക്രട്ടേറിയറ്റിനുമുന്നിലെ കലാ സമരത്തിനും ഡിപിഐ ഓഫീസ് മാർച്ചിനും കലാ വിദ്യാർത്ഥി സമരസമിതി സംസ്ഥാന വൈസ് ചെയർപേഴ്സൺമാരായ ഡോ.എൻ ഷിബിജ, വിദ്യാ ആർ.ശേഖർ, സംസ്ഥാന കൺവീനർ മണിപ്രസാദ്, ട്രഷറർ ഗിൽജിത്ത്, ജെബിൻ ജെസ്മസ്, കലാ വിദ്യാർത്ഥി സമരസമിതി ജില്ലാ കൺവീനർ ജെയിംസ്, ഷാജി (പെർഫോമിംഗ് ആർട്സ്), രാഹുൽ, ശരത്ത്(സ്വാതി തിരുനാൾകോളേജ്), ജെബിൻ, കിഷോർ, ഉണ്ണികൃഷ്ണൻ (ഫൈൻ ആർട്സ്, തിരുവനന്തപുരം), കൃഷ്ണകുമാർ, പ്രിൻസ് (കേരളാ യൂണിവേഴ്സിറ്റി, സംഗീത ഡിപ്പാർട്ട്മെന്റ്), മദുവന്ദി (വിമെൻസ് കോളേജ്, സംഗീത ഡിപ്പാർട്ട്മെന്റ്), രതീഷ് കൃഷ്ണ (പെർഫോമിംഗ് ആർട്സ്), സഹദ് പി.എസ്, ശ്യാം പ്രകാശ് (സ്കൂൾ ഓഫ് ഡ്രാമ), ഗോപൻ (കാലടി സർവ്വകലാശാല), വിഷ്ണു (രാജാ രവിവർമ്മ കോളേജ്, മാവേലിക്കര), എന്നിവർ നേതൃത്വം നൽകി.

തുടർന്ന് ഡിപിഐ ഓഫീസിലേയ്ക്ക് മാർച്ച് നടത്തി. സെക്രട്ടേറിയറ്റ് നടയിൽ വെച്ച് തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജിലെ വിദ്യാർത്ഥികൾ വരച്ച ചിത്രങ്ങളുമേന്തിയാണ് ഡിപിഐ ഓഫീസ് മാർച്ച് നടത്തിയത്. ഡിപിഐ ഓഫീസിനുമുന്നിൽ വിദ്യാർത്ഥികൾ കുത്തിയിരിപ്പ് സമരം നടത്തി. പ്രമുഖ ചിത്രകാരൻ ആർ.പാർത്ഥസാരഥി വർമ്മ ഉദ്ഘാടനം ചെയ്തു. എല്ലാത്തരം ബുദ്ധിമുട്ടുകളെയും പ്രതിസന്ധികളെയും നേരിട്ടുകൊണ്ട് കലാവിദ്യാർത്ഥികൾ നടത്തിയ ഐതിഹാസികമായ സമരത്തിലൂടെ നേടിയെടുത്ത കലാ അദ്ധ്യാപക നിയമന ഉത്തരവ് ഉടനടി നടപ്പിലാക്കികൊണ്ട് കലാ ലോകത്തെ സംരക്ഷിക്കണമെന്ന് അദ്ദേഹം സർക്കാരിനോട് ആവശ്യപ്പെട്ടു. സ്കൂൾ ഓഫ് ഡ്രാമ വിദ്യാർത്ഥികൾ തെരുവ് നാടകവും സ്വാതി തിരുനാൾ സംഗീത കോളേജിലെ വിദ്യാർത്ഥികൾ സംഗീതപരിപാടിയും അവതരിപ്പിച്ചു.




**തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളേജിൽ നടന്ന കലാ വിദ്യാർത്ഥി സംഗമത്തിൽ ആർ.പാർത്ഥസാരഥിവർമ്മ പ്രസംഗിക്കുന്നു**

### സമരം ജില്ലകളിൽ ശക്തമാവുന്നു

സെക്രട്ടേറിയേറ്റ് ധർണ്ണയ്ക്കും ഡിപിഐ ഓഫീസ് സമരപരിപാടിക്കും മുന്നോടിയായി കേരളത്തിലെ കലാ ക്യാമ്പസ്സുകളിൽ ചെറുതും വലുതുമായ നിരവധി പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി മുഖ്യമന്ത്രി, വിദ്യാഭ്യാസമന്ത്രി, ഡിപിഐ എന്നിവർക്ക് കേരളത്തിലെ മുഴുവൻ കലാക്യാമ്പസ്സുകളിൽ നിന്നും കലാധ്യാപക നിയമനം ആവശ്യപ്പെട്ടുകൊണ്ട് ആയിരക്കണക്കിന് കത്തുകൾ അയക്കുകയുണ്ടായി. കാലടി ശ്രീ ശങ്കരാ സർവ്വകലാശാല, പാലക്കാട് ചെമ്പൈ സംഗീതകോളേജ് എന്നിവിടങ്ങളിൽ പ്രത്യക്ഷ പ്രക്ഷോഭപരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.സ്വാതിതിരുനാൾ സംഗീതകോളേജിൽ കലാവിദ്യാർത്ഥി സമരസമിതിയുടെ തിരുവനന്തപുരം ജില്ലാ സമ്മേളനവും സംഘടിപ്പിച്ചു.

സാധാരണക്കാരന്റെ മക്കൾ പഠിക്കുന്ന സ്കൂളുകളിൽ ശാസ്ത്രീയ കലാപഠനം നിഷേധിക്കരുതെന്നും സഹജമായ കലാവാസനയെ മികവുറ്റതാക്കാൻ കലാപരിശീലനം അനിവാര്യമാണെന്നും നടൻ പ്രേംകുമാർ അഭിപ്രായപ്പെട്ടു. കലാവിദ്യാർത്ഥി സമരസമിതിയുടെ ആഭിമുഖ്യത്തിൽ സ്വാതിതിരുനാൾ സംഗീതകോളേജിൽ നടന്ന കലാവിദ്യാർത്ഥിസംഗമം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കലാ വിദ്യാർത്ഥികൾ നടത്തുന്ന സമരത്തിന് അദ്ദേഹം എല്ലാ വിധത്തിലുള്ള പിന്തുണയും അറിയിച്ചു.

കല ഐച്ഛികമായി പഠിച്ചവരെ കലാ അധ്യാപകരായി നിയമിച്ച് കലാ പഠനം ശാസ്ത്രീയമാക്കുവാനുള്ള ആവശ്യം അംഗീകരിച്ചുകൊണ്ടുള്ള കലാധ്യാപക നിയമന ഉത്തരവിനെ അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെയാണ് കലാസംഗമം സംഘടിപ്പിച്ചത്. സ്കൂളുകൾ ലാഭകരമല്ലാതാക്കുന്നതുവഴി തൊഴിൽ നഷ്ടപ്പെടുന്ന അധ്യാപകരെ കലാ അധ്യാപകരായി നിയമിക്കാനുള്ള നീക്കം അവസാനിപ്പിച്ച് കല ഐച്ഛികമായി അഭ്യസിച്ച ബിരുദധാരികളെ അദ്ധ്യാപകരായി നിയമിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു. വിദ്യാ ആർ.ശഖർ അധ്യക്ഷത വഹിച്ച കൺവൻഷനിൽ സംസ്ഥാന സമിതി ചെയർമാൻ എം.പ്രദീപൻ, ചിത്രകാരൻ ആർ. പാർത്ഥസാരഥിവർമ്മ, നാടകഗവേഷകൻ ജയിംസ്, ഡോ.പ്രസന്നകുമാർ, എ. ഷൈജു, സ്വാതിതിരുനാൾ സംഗീതകോളേജ് പ്രതിനിധി സി രാഹുൽ, തുടങ്ങിയവർ പ്രസംഗിച്ചു. സുബിൻലാൽ സ്വാഗതവും ആതിര നന്ദിയും പ്രകാശിപ്പിച്ചു.

സംഗമത്തോടനുബന്ധിച്ച് സംഗീതവിദ്യാർത്ഥികളുടെ സംഗീത ആവിഷ്കരണങ്ങളും നടന്നു. വിദ്യാ ആർ ശേഖർ ചെയർപേഴ്സണും ജയിംസ് കെ ജെ കൺവീനറുമായുള്ള തിരുവനന്തപുരം ജില്ലാ കലാ വിദ്യാർത്ഥി സമരസമിതി രൂപീകരിച്ചു. സ്വാതിതിരുനാൾ സംഗീത കോളേജ്, ഫൈൻ ആർട്സ് കോളേജ്, കേരള യൂണിവേഴ്സിറ്റി മ്യൂസിക് ഡിപ്പാർട്ട്മെന്റ്, വ്യൂമൺസ് കോളേജ് മ്യൂസിക് ഡിപ്പാർട്ട്മെന്റ്, കേരളയൂണിവേഴ്സിറ്റി വിഷൽ ആൻഡ് പെർഫോമിങ്ങ് ആർട്സ് എന്നിവിടങ്ങളിലെ പ്രതിനിധികൾ അടങ്ങിയ ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയെയും തെരഞ്ഞെടുത്തു.

പാലക്കാട് ചെമ്പൈ സ്മാരക സംഗീതകോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ പാലക്കാട് സിവിൽ സ്റ്റേഷനു മുന്നിൽ സംഗീതധർണ്ണ സംഘടിപ്പിച്ചു. കലാ അധ്യാപക നിയമന ഉത്തരവ് ഉടൻ നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് കലാവിദ്യാർത്ഥി സമരസമിതിയുടെ ആഭിമുഖ്യത്തിലായിരുന്നു സംഗീത ധർണ്ണ. കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന ചെയർമാൻ എം. പ്രദീപൻ ധർണ്ണ ഉദ്ഘാടനം യ്തെു. ചെമ്പൈ സംഗീതകോളേജ് യൂണിയൻ ചെയർമാൻ ടി. സുന്ദർദാസ് അധ്യക്ഷത വഹിച്ചു. ടി.ശശീന്ദ്രൻ, സേവ് എഡ്യൂക്കേഷൻ കമ്മിറ്റി പ്രതിനിധി എ.റജീന, സനൽ ശശീന്ദ്ര, ടി. കുഞ്ഞികൃഷ്ൻ, എം. ടി. ഷിജിൽ എന്നിവർ പ്രസംഗിച്ചു.

സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കലാ അധ്യാപകനിയമന ഉത്തരവ് അടിയന്തരമായി നടപ്പിലാക്കണമെന്നും കല ഐച്ഛികവിഷയമായി പഠിച്ചവരെ തന്നെ കലാ അധ്യാപകരായി നിയമിക്കണമെന്നും ആവശ്യപ്പെട്ട് കലാവിദ്യാർത്ഥി സമരത്തിന്റെ ഭാഗമായി ശ്രീ ശങ്കരാചാര്യസംസ്കൃതസർവ്വകലാശാല മുഖ്യ കേന്ദ്രത്തിലും വിദ്യാർത്ഥികൾ സമരരംഗത്തിറങ്ങി. വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് വൈവിധ്യമാർന്ന രീതിയിലായിരുന്നു പ്രക്ഷോഭം. തിരുവാതിര സംഗീതകച്ചേരി, ക്യാരിക്കേച്ചർ രചന എന്നിവയും പ്രക്ഷോഭത്തിന്റെ ഭാഗമായി നടന്നു. കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന നിർവ്വാഹക സമിതി അംഗം എ.എം. സേതു അധ്യക്ഷത വഹിച്ചു. എസ്.എഫ്.ഐ ജില്ലാ പ്രസിഡണ്ട് നിഖിൽ ബാബു ഉദ്ഘാടനം ചെയ്തു. ഡോ. ധർമ്മരാജ് അടാട്ട്, രമേഷ് വർമ്മ, ചിത്രകാരൻ പാർത്ഥസാരഥി വർമ്മ, കലാവിദ്യാർത്ഥി സമരസമിതി സംസ്ഥാന വൈസ് ചെയർപേഴ്സൺ ഡോ. ഷിബിജ എന്നിവർ പ്രസംഗിച്ചു.

### കലാവിദ്യാർത്ഥി പ്രക്ഷോഭം വിജയത്തിലേക്ക്

കലാവിദ്യാർത്ഥി പ്രക്ഷോഭം ശക്തമായി മുന്നോട്ടുപോയാൽ, സ്കൂളുകളിൽ നിന്നും കുട്ടികൾ കൊഴിഞ്ഞുപോയതുവഴി നിലവിൽ തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്ന അധ്യാപകരെ കലാഅധ്യാപക മേഖല ഉൾപ്പെടെയുള്ള ഒഴിവുകളിൽ പുനർവിന്യസിക്കുവാനുള്ള നീക്കത്തിന് തിരിച്ചടിയാകുമെന്ന് മനസ്സിലാക്കിയ വിദ്യാഭ്യാസ വകുപ്പ് അടിയന്തരയോഗം ചേരുകയും, കലാഅധ്യാപകനിയമനം സംബന്ധിച്ചുള്ള പ്രഖ്യാപനം നടത്തുകയുമായിരുന്നു. പ്രതിമാസം 29,000 രുപ ശമ്പളത്തിൽ താത്കാലികാടിസ്ഥാനത്തിൽ 2500 കലാ കായിക അധ്യാപകരെ നിയമിക്കുമെന്നാണ് വിദ്യാഭ്യാസവകുപ്പ് തിരുമാനമായി പുറത്തുവന്നത്. എന്നാൽ കഴിഞ്ഞ 2016 ഫെബ്രുവരി 27ന്റെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൻപ്രകാരം 6000ൽപരം കലാ കായിക അധ്യാപകരെയാണ് നിയമിക്കേണ്ടിയിരുന്നത്. കഴിഞ്ഞ അധ്യായനവർഷം നാടകം, നൃത്തം, സംഗീതം, ചിത്രകല തുടങ്ങിയ നാല് കലകളാണ് പത്താം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികളുടെ പാഠ്യവിഷയമാക്കിയിട്ടുള്ളത്. ഈ നാലു കലകൾക്കുള്ള അധ്യാപകരെ നിയമിക്കുവാനാശ്യപ്പെട്ടാണ് കലാവിദ്യാർത്ഥികൾ സമരം നടത്തിവരുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഭാഗമായി പുതുതായി സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയ നാടകത്തിനും നൃത്തത്തിനും അധ്യാപകരെ നിയമിക്കുമോയെന്ന് ഇനിയും ഉറപ്പായിട്ടില്ലാത്ത സാഹചര്യത്തിൽ പ്രക്ഷോഭം തുടരുവാനാണ് കലാവിദ്യാർത്ഥി സമരസമിതിയുടെ തീരുമാനം. ○

## ആഗസ്റ്റ് 5 ആചരണം...

( 9-ാം പേജിൽ നിന്ന്)

ത്തി. എഐഡിവൈഒ അഖിലേന്ത്യാ സെക്രട്ടറി സഖാവ് പ്രതിഭാ നായിക്കും പങ്കെടുത്തു.

### ത്രിപുര

ആഗസ്റ്റ് 5 ന് ത്രിപുരയിലെ അഗർത്തലയിൽ നടന്ന അനുസ്മരണ സമ്മേളനത്തിൽ സംസ്ഥാന സംഘാടക കമ്മിറ്റി സെക്രട്ടറി സഖാവ് അരുൺകുമാർ ഭൗമിക് അദ്ധ്യക്ഷനായി. ഒഡീഷ സംസ്ഥാന കമ്മിറ്റിയംഗം സഖാവ് ശങ്കർദാസ് ഗുപ്ത മുഖ്യപ്രസംഗം നടത്തി.

### മദ്ധ്യപ്രദേശ്

ആഗസ്റ്റ് 5 ന് മദ്ധ്യപ്രദേശിലെ സാഗറിൽ സംസ്ഥാനതല അനുസ്മരണ സമ്മേളനം നടന്നു. ഭോപ്പാൽ, സാഗർ, ഇൻഡോർ, ഗ്വാളിയോർ, ഗുണ, അശോക് നഗർ, ദേവാസ്, വിദിശ, റെയ്സൺ തുടങ്ങി വിവിധ ജില്ലകളിൽ നിന്നായി നൂറുകണക്കിന് പ്രവർത്തകരും അനുഭാവികളും യോഗത്തിൽ പങ്കെടുത്തു. സഖാവ് ശിബ്ദാസ് ഘോഷിന്റെ കൃതികളിൽ നിന്നുള്ള ഉദ്ധരണികളുടെ പ്രദർശനം സംസ്ഥാന ഓഫീസ് സെക്രട്ടറി സഖാവ് യു.പി.ബിശ്വാസ് ഉദ്ഘാടനം ചെയ്തു. ഉത്തർപ്രദേശ് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് സ്വപൻ ചാറ്റർജി, മദ്ധ്യപ്രദേശ് സംസ്ഥാന സെക്രട്ടറി സഖാവ് പ്രതാപ് സമൽ, സംസ്ഥാന കമ്മിറ്റിയംഗം സഖാവ് രാമാവതാർ ശർമ്മ എന്നിവരും പ്രസംഗിച്ചു.

### ഉത്തരാഖണ്ഡ്

ഉത്തരാഖണ്ഡിൽ ആഗസ്റ്റ് 7 ന് ഡെറാഡൂണിലാണ് അനുസ്മരണ സമ്മേളനം നടന്നത്. സഖാവ് പ്രതാപ് സമൽ മുഖ്യപ്രസംഗം നടത്തി. സഖാവ് മുകേഷ് സെംവളും പ്രസംഗിച്ചു.

### പഞ്ചാബ്

പഞ്ചാബിലെ ബുദ്ധലതയിൽ ആഗസ്റ്റ് 9 നാണ് അനുസ്മരണ സമ്മേളനം നടന്നത്. പഞ്ചാബ് യൂണിറ്റ് ഇൻചാർജ്ജ് സഖാവ് അമീന്ദർ പാൽസിംഗ് അദ്ധ്യക്ഷനായി. സഖാവ് പ്രതാപ്സമൽ മുഖ്യപ്രസംഗം നടത്തി.

### ജാർഖണ്ഡ്

ഇതുകൂടാതെ ജാർഖണ്ഡിലെ ഘാട്ട്ശില മാർക്സിസം-ലെനിനിസം-ശിബ്ദാസ്ഘോഷ് ചിന്ത പഠനകേന്ദ്രത്തിൽ മുതിർന്ന പോളിറ്റ്ബ്യൂറോ മെമ്പർ സഖാവ് രഞ്ജിത് ധർ പങ്കെടുത്ത അനുസ്മരണ യോഗം നടന്നു.

ഹൈദരാബാദ്, ഡൽഹി, ദുർഗ്, ജയ്പ്പൂർ തുടങ്ങിയ സ്ഥലങ്ങളിൽ നടന്ന യോഗങ്ങളിൽ പോളിറ്റ് ബ്യൂറോ അംഗം സഖാവ് അസിത് ഭട്ടാചാര്യ പങ്കെടുത്തു. ○

# ഗർഭഛിദ്ര നിയമം (എം.ടി.പി ആക്റ്റ്) ഭേദഗതിക്കെതിരെ ബഹുജന കൺവൻഷൻ നടത്തി





തിരുവനന്തപുരത്ത് ബഹുജനകൺവൻഷൻ പ്രമുഖ ഗൈനക്കോളജിസ്റ്റ് ഡോ.നിർമ്മലാ സുധാകരൻ ഉദ്ഘാടനം ചെയ്യുന്നു.

ഗർഭഛിദ്ര നിയമം (മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രെഗ്നൻസി ആക്ട് (MTP ACT -1971) ഭേദഗതി ചെയ്യാൻ ആരോഗ്യമന്ത്രാലയം തീരുമാനിച്ചിച്ചതിന്റെ പശ്ചാത്തലത്തിൽ മെഡിക്കൽ സർവ്വീസ് സെന്ററും( എംഎസ്സി) അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയും സംയുക്തമായി ആഗസ്റ്റ് 9 -ാം തീയതി തിരുവനന്തപുരത്ത് ബഹുജന കൺവൻഷൻ നടത്തി. പ്രസ്സ് ക്ലബ്ബ്ഹാളിൽ ചേർന്ന കൺവൻഷൻ തിരുവനന്തപുരം എസ്എറ്റി മെഡിക്കൽ കോളേജ് ഗൈനക്കോളജി വിഭാഗം മേധാവി ഡോ. നിർമ്മലാ സുധാകരൻ ഉദ്ഘാടനം ചെയ്തു. - സാധാരണയായി ആരോഗ്യരംഗത്തെ വിഷയങ്ങളിൽ ഡോക്ടർമാരും ആരോഗ്യ പ്രവർത്തകരും അഭിപ്രായം പറയട്ടെ എന്നൊരു രീതി നമ്മുടെ സമൂഹത്തിലുണ്ട്. എന്നാൽ സ്ത്രീകളുടെ ജീവനെയും ആരോഗ്യത്തെയും വളരെ ഗുരുതരമായ രീതിയിൽ ബാധിക്കുന്ന ഈ നീക്കത്തിനെതിരെ അതിശക്തമായ പ്രക്ഷോഭണം നടത്താൻ പൊതുസമൂഹം മുന്നോട്ടു വരണമെന്ന് ഡോ.നിർമ്മല സുധാകരൻ ആഹ്വാനം ചെയ്തു. നിയമപരമല്ലാത്ത സാഹചര്യത്തിലൂടെയും സുരക്ഷിതമല്ലാത്ത കൈകളിലൂടെയും നടന്നിരുന്ന ഗർഭം അലസിപ്പിക്കൽ ശ്രമങ്ങളിലൂടെ ഗർഭപാത്രം പൊട്ടിപ്പറിഞ്ഞ് വികൃതമാക്കപ്പെട്ട രീതിയിൽ ഒരു കാലത്ത് നമ്മുടെ ആശുപത്രികളിൽ സ്ത്രീകൾ പ്രവേശിക്കപ്പെട്ടിരുന്നെങ്കിൽ ഇന്ന് അത്തരം സംഭവങ്ങൾ ഇല്ലെന്ന് തന്നെ പറയേണ്ടിവരും, ഡോക്ടർ ചൂണ്ടിക്കാട്ടി. അങ്ങനെ നടന്നിരുന്ന പ്രവർത്തനങ്ങൾ ഗർഭപാത്രത്തിന് ക്ഷതം, അണുബാധ, മാനസികവും ശാരീരികവുമായ മറ്റ് ആഘാതങ്ങൾ എന്നിവയ്ക്കും പലപ്പോഴും സ്ത്രീയുടെ ജീവൻതന്നെ നഷ്ടപ്പെടുന്ന സാഹചര്യവും സൃഷ്ടിക്കപ്പെട്ടു. ആ കാലഘട്ടങ്ങളിൽ ആശുപത്രികളിലെ തീയറ്ററുകളോട് ചേർന്ന് സെപ്റ്റിക് വാർഡുകൾ പ്രവർത്തിച്ചിരുന്നു. പലപ്പോഴും മരണവക്കിൽ നിന്നും വളരെ ശ്രമപ്പെട്ടാണ് ഡോക്ടർമാർ അത്തരക്കാരുടെ ജീവൻ രക്ഷിച്ചിരുന്നത്.

1971 ൽ ഗർഭഛിദ്രനിയമം പാസ്സാക്കപ്പെട്ടതിനെ തുടർന്ന് കർശനമായ നിയമത്തിന്റെ പിൻബലത്തിൽ പ്രാകൃതമായ അത്തരം സാഹചര്യം ഇല്ലാതാക്കാനും അതുവഴി സ്ത്രീകളുടെ ജീവൻ സംരക്ഷിക്കുവാനും നമുക്ക് കഴിയുന്നു. ഇന്നിപ്പോൾ നമ്മുടെ ആശുപത്രികളിലെ സെപ്റ്റിക് വാർഡുകൾ അടച്ചുപൂട്ടാൻ സാധിച്ചതും ഈ നിയമത്തിന്റെ വലിയൊരു വിജയമാണ് . സ്ത്രീ ശരീരം ഉപയോഗിക്കപ്പെട്ട ശേഷം വലിച്ചെറിയപ്പെടുന്ന സാഹചര്യത്തിൽ അവൾക്കിഷ്ടമില്ലാത്ത ഗർഭം വഹിക്കേണ്ടിവരുമ്പോൾ അത്തരക്കാർക്കുണ്ടാകുന്ന ശാരീരികവും മാനസികവുമായ ആഘാതം എന്നീ അവസ്ഥകളെയെല്ലാം വിശദമായി പഠിച്ചിട്ടാണ് 1971 -ൽ ഗർഭഛിദ്ര നിയമം പാസ്സാക്കിയത്. എന്നാൽ 1971-ൽ പാസ്സാക്കി വിജയകരമായി നടപ്പിലാക്കിവന്ന നിയമം ഇന്ന് ഭേദഗതിക്ക് വിധേയമാക്കുമ്പോൾ നിലവിലെ നിയമം ഉറപ്പാക്കി വന്നിരുന്ന എല്ലാ മുന്നേറ്റങ്ങളെയും തടസ്സപ്പെടുത്തും. അതിനാൽ ഇപ്പോഴുദ്ദേശിക്കുന്ന ഭേദഗതിയിൽ നിന്നും കേന്ദ്രഗവൺമെന്റ് പിൻമാറുക തന്നെ വേണമെന്നും ഡോ. നിർമ്മല സുധാകരൻ അഭിപ്രായപ്പെട്ടു.

ഇന്ന് പെൺകുട്ടികളുടെ എണ്ണം ക്രമാതീതമായി കുറഞ്ഞുകൊണ്ടിരിക്കുന്നതായി റിപ്പോർട്ടുകൾ പുറത്തുവരുന്ന സാഹചര്യത്തിൽ 24 ആഴ്ച പ്രായപൂർത്തിയായ ഗർഭത്തിലുള്ള കുട്ടിയുടെ ലിംഗമേതാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട്, അത് പെൺകുട്ടിയാണെങ്കിൽ ഇല്ലാതാക്കാനുള്ള പ്രവണത വർദ്ധിക്കുമെന്ന് നിരവധി സംസ്ഥാനങ്ങളിലെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് തുടർന്ന് സംസാരിച്ച കോന്നി മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ.എസ്. സജിത്കുമാർ അഭിപ്രായപ്പെട്ടു. പുതിയ നിർദ്ദേശപ്രകാരം അത് 24 ആഴ്ചയായി ദീർഘിപ്പിക്കുമ്പോൾ, എവിടെയും ആർക്കും ചെയ്യാവുന്ന ഒന്നായി തീരുമ്പോൾ ഭീതിജനകമായ ഒരു അവസ്ഥാവിശേഷം സൃഷ്ടിക്കപ്പെടുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

അഖിലേന്ത്യാ മഹിളാ സാംസ്കാരിക സംഘടനയുടെ സംസ്ഥാന സെക്രട്ടറി ശ്രീമതി ഷൈല കെ. ജോൺ മുഖ്യപ്രസംഗം നടത്തി. നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതി അടിയന്തരമായി പിൻവലിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുന്ന പ്രമേയം എഐഎംഎസ്എസ് തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് എം.എ. സൂസി അവതരിപ്പിച്ചു. സ്ത്രീ സുരക്ഷാ സമിതി ജില്ലാ പ്രസിഡന്റ് എൽ.ഹരിറാം കൺവൻഷനിൽ പങ്കെടുത്ത് സംസാരിച്ചു.

മെഡിക്കൽ സർവ്വീസ് സെന്റർ സംസ്ഥാന കോ-ഓർഡിനേറ്റർ ഡോ.കെ.ഹരിപ്രസാദിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്.മിനി സ്വാഗതവും എ.സബൂറ കൃതജ്ഞതയും രേഖപ്പെടുത്തി. ○

## സെപ്റ്റംബർ 2 ദേശീയ പൊതു പണിമുടക്ക്

# തൊഴിലാളിഐക്യത്തോടെയുള്ള തയ്യാറെടുപ്പുകൾ

**കേന്ദ്ര ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത സെപ്റ്റംബർ 2 ദേശീയ പൊതുപണിമുടക്കിന്റെ വിജയത്തിനായി വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം നടന്നുവരികയാണ്. ജൂലൈ 10ന് തൃശൂരിൽ നടന്ന സംസ്ഥാന കൺവൻഷന്റെ തീരുമാന പ്രകാരം എല്ലാ ജില്ലകളിലും കൺവൻഷനുകൾ നടന്നു.**

ഡൽഹിയിൽ നടന്ന കേന്ദ്ര ട്രേഡ് യൂണിയനുകളുടെ അഖിലേന്ത്യാ സമ്മേളനത്തിൽ തീരുമാനിക്കപ്പെട്ടതുപോലെ, ആഗസ്റ്റ് 9 ക്വിറ്റ് ഇന്ത്യ ദിനത്തിൽ എല്ലാ ജില്ലകളിലും പ്രകടനം, ധർണ/സത്യാഗ്രഹം എന്നിവ നടന്നു. അതുമായി ബന്ധപ്പെട്ടുനടന്ന സംയുക്ത ജാഥകൾക്ക് ആവേശകരമായ സ്വീകരണമാണ് ലഭിച്ചത്. വിവിധ തൊഴിൽകേന്ദ്രങ്ങളിലും വ്യവസായ കേന്ദ്രങ്ങളിലുമുണ്ടായ തൊഴിലാളി പങ്കാളിത്തം, സമരത്തിനാധാരമായ ഡിമാന്റുകൾ സ്വന്തം ജീവിതാവശ്യതകളാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് തൊഴിലാളികൾ ട്രേഡ് യൂണിയൻ അഫിലിയേഷനുകൾക്കതീതമായി പൊതുപണിമുടക്കിനെ പിന്തുണക്കുന്നു എന്നതിന്റെ തെളിവായിരുന്നു.

ജൂലൈ 25ന് തിരുവനന്തപുരം ജില്ലാ കൺവൻഷനും ക്വിറ്റ് ഇന്ത്യാ ദിനത്തിൽ പാളയം മാർക്കറ്റിനു മുമ്പിൽ ധർണയും ആഗസ്റ്റ് 25, 26 തിയ്യതികളിലായി രണ്ട് മേഖലാ ജാഥകളും നടന്നു. 26ന് ഗാന്ധിപാർക്കിൽ നടന്ന സമാപന സമ്മേളനത്തിൽ സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ പ്രസംഗിച്ചു.

ആഗസ്റ്റ് 9 ന് കൊല്ലം ചിന്നക്കടയിൽ നടന്ന സത്യാഗ്രഹത്തിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റ് സ. എസ്.രാധാകൃഷ്ണൻ പ്രസംഗിച്ചു. ആഗസ്റ്റ് 19, 20 തീയതികളിലായി കൊല്ലം, കരുനാഗപ്പള്ളി-കുന്നത്തൂർ, കൊട്ടാരക്കര-പത്തനാപുരം, പുനലൂർ-ചടയമംഗലം എന്നീ മേഖലകളിലായി 4 ജാഥകൾ നടന്നു.

എഐയുടിയുസി ജില്ലാ പ്രസിഡന്റ് സ. എസ്.രാധാകൃഷ്ണൻ വൈസ് ക്യാപ്റ്റനായ കൊല്ലം താലൂക്ക് പ്രചരണജാഥ പരവൂരിൽ നിന്നും ആരംഭിച്ചു. എഐയുടിയുസി ജില്ലാ കമ്മറ്റിയംഗം സഖാവ് ബി.രാമചന്ദ്രൻ ജാഥാംഗമായിരുന്നു.

പത്തനംതിട്ട ഹെഡ് പോസ്റ്റാഫീസിനു മുമ്പിൽ ആഗസ്റ്റ് 9ന് നന്ന ധർണ്ണയിൽ എഐയുടിയുസി ജില്ലാ പ്രസിഡന്റും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാസെക്രട്ടറിയുമായ സ. എസ്.രാജീവൻ പ്രസംഗിച്ചു. ആഗസ്റ്റ് 17,18 തീയതികളിൽ വാഹന ജാഥ നടന്നു.

ആലപ്പുഴ ഇഎംഎസ് സ്റ്റേഡിയത്തിനുമുമ്പിൽ ആഗസ്റ്റ് 9ന് നടന്ന സത്യാഗ്രഹത്തിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.ആർ.സതീശൻ, ജില്ലാ ജോയിന്റ് സെക്രട്ടറി അഡ്വ. എം.എ.ബിന്ദു എന്നിവർ പ്രസംഗിച്ചു. ആഗസ്റ്റ് 25, 26, 27 തീയതികളിലായി പ്രചരണ ജാഥയും നടന്നു.

കോട്ടയം പഴയ പോലീസ് സ്റ്റേഷൻ മൈതാനത്ത് ആഗസ്റ്റ് 9ന് നടന്ന ഏകദിന സത്യാഗ്രഹത്തിൽ നൂറുകണക്കിന് തൊഴിലാളിൾ പങ്കെടുത്തു. സംയുക്ത ട്രേഡ് യൂണിയൻ ജില്ലാ കൺവീനറും എഐയുടിയുസി ജില്ലാ സെക്രട്ടറിയുമായ സഖാവ് വി.പി.കൊച്ചുമോൻ, സഖാവ് കെ.എൻ.രാജൻ എന്നിവർ സംസാരിച്ചു. ആഗസ്റ്റ് 22, 23 തീയതികളിലായി മൂന്ന് മേഖലാ ജാഥകളും നടന്നു.

കട്ടപ്പന ടൗൺ ഹാളിൽ നടന്ന ഇടുക്കി ജില്ലാ കൺവൻഷനിൽ എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ്. എം.ബി.രാജശേഖരൻ പ്രസംഗിച്ചു.

എറണാകുളം ജില്ലാ സംയുക്ത ട്രേഡ്‌യൂണിയൻ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ തൃപ്പൂണിത്തുറ ലായം കൂത്തമ്പലത്തിൽ ആഗസ്റ്റ് 9ന് തൊഴിലാളി സംഗമം നടന്നു. എഐയുടിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് എൻ.ആർ.മോഹൻകുമാർ പ്രസംഗിച്ചു. ആഗസ്റ്റ് 17,18 തീയതികളിലായി നടന്ന ജില്ലാ പ്രചരണ ജാഥയിൽ ജില്ലാ സെക്രട്ടറി സഖാവ് പി.എം.ദിനേശൻ പങ്കെടുത്തു.

തൃശ്ശൂർ തെക്കെഗോപുരനടയിൽ ആഗസ്റ്റ് 9ന് നടന്ന തൊഴിലാളി ധർണ്ണയിൽ എഐയുടിയുസി ജില്ലാ പ്രസിഡണ്ട് ഡോ. പി.എസ്.ബാബു, ജില്ലാ സെക്രട്ടറി സഖാവ് സി.കെ.ശിവദാസൻ എന്നിവർ പ്രസംഗിച്ചു. കൊടുങ്ങല്ലൂർ മേഖലാ ജാഥയിൽ സഖാവ് സി.ആർ.ഉണ്ണികൃഷ്ണൻ സഖാവ് എ.വി. ബെന്നി എന്നിവർ പ്രസംഗിച്ചു.

പാലക്കാട് ജില്ലയിലെ പ്രചരണ ജാഥകളിൽ എഐയുടിയുസി ജില്ലാ പ്രസിഡണ്ട് സഖാവ് കെ.അബ്ദുൾ അസീസ്, ജില്ലാ സെക്രട്ടറി സഖാവ് കെ.പ്രദീപ് എന്നിവർ പങ്കെടുത്തു.

ആഗസ്റ്റ് 9ന് കോഴിക്കോട് ആദായ നികുതി ഓഫീസ്സിനു മുമ്പിൽ നടന്ന മാർച്ചും ധർണ്ണയിലും എഐയുടിയുസി ജില്ലാ സെക്രട്ടറി സഖാവ് പി.എം.ശ്രീകുമാർ പ്രസംഗിച്ചു.

കണ്ണൂർ ഹെഡ്പോസ്റ്റാഫീസ്സിനു മുന്നിൽ ആഗസ്റ്റ് 9 ന് നടന്ന ധർണ്ണയിലും പ്രചാരണ ജാഥയിലും സഖാക്കൾ സഖാക്കൾ കെ.ജയരാജ്, അഡ്വ.പി.സി.വിവേക്, അഡ്വ. സനൂപ് എന്നിവർ പങ്കെടുത്തു. ○



ദേശീയപണിമുടക്കിനുമുന്നോടിയായി അരയൻകാവിൽ സംയുക്തട്രേഡ്‌യൂണിയൻ സമിതി സംഘടിപ്പിച്ച ധർണ്ണ എഐയുടിയുസി എറണാകുളം ജില്ലാപ്രസിഡന്റ് എൻആർ.മോഹൻകുമാർ ഉദ്ഘാടനം ചെയ്യുന്നു

GST

# മൂല്യവർദ്ധിത നികുതിപോലെതന്നെ ചരക്കുസേവന നികുതിയും ജനവിരുദ്ധം

(1-ാം പേജിൽ നിന്ന്)

**മുതലാളിത്തത്തിനുള്ളിലെ പരിഷ്കരണനടപടികളൊന്നും ജനങ്ങൾക്ക് അനുകൂലമായിരിക്കില്ല**

ജിഎസ്ടിയെ സംബന്ധിക്കുന്ന ചർച്ചകളിലേക്കു കടക്കുന്നതിനു മുമ്പേ ആവർത്തിക്കട്ടെ, ഭരിക്കുന്ന കുത്തകകളുടെ താൽപ്പര്യങ്ങൾ അനുസരിച്ചുള്ളതല്ലാതെ യാതൊരുവിധ പരിഷ്കാരമോ, നടപടിയോ, ചുവടുവെയ്പ്പോ ഒരു മുതലാളിത്തരാജ്യത്തിലെ ബൂർഷ്വാ സർക്കാർ ആലോചിക്കുകയോ കൈക്കൊള്ളുകയോ ഇല്ല. ഈ കാലഘട്ടത്തിലാകട്ടെ, അപരിഹാര്യമായി വളരുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയെ മറികടക്കാൻ നിഷ്ഫലമെങ്കിലും, ആഗോളവൽക്കരണ-ഉദാരവൽക്കരണ കുറിപ്പടികളുമായി, വേവലാതിയോടെ ശ്രമിച്ചുകൊണ്ടിരിക്കുകയാണ് മുഴുവൻ മുതലാളിത്ത-സാമ്രാജ്യത്വ ലോകവും. അതുകൊണ്ടുതന്നെ, മുതലാളിത്ത രാജ്യങ്ങളിലെ മുതലാളിത്ത ഭരണകൂടവും അവരുടെ രാഷ്ട്രീയ കാര്യകർത്താക്കളും സർക്കാരുകളും, സ്വദേശിയും വിദേശിയുമായ കുത്തകകളുടേയും കോർപ്പറേറ്റുകളുടേയും സ്ഥാപിതതാൽപ്പര്യങ്ങൾ സംരക്ഷിക്കുവാനുതകുന്ന നിയമങ്ങളും നിയന്ത്രണങ്ങളും ചട്ടങ്ങളും മാത്രമേ ആവിഷ്കരിക്കുകയുള്ളു. എന്നിട്ട്, ജനത്തെ തെറ്റിദ്ധരിപ്പിക്കാനായി, തങ്ങളുടെ വഞ്ചനയെ മറച്ചുവെക്കാനായി, കൈനിറയെ വാഗ്ദാനങ്ങളും ഉറപ്പുകളും നൽകും. അതുകൊണ്ടു തന്നെ, ഇത്തരം നടപടികളും നിയമങ്ങളും ചട്ടങ്ങളും പരിഷ്കാരങ്ങളും ജനങ്ങൾക്ക് എന്തെങ്കിലും ആശ്വാസം കൊണ്ടുവരുമെന്ന് ആരെങ്കിലും പ്രതീക്ഷ വെച്ചു പുലർത്തിയാൽ, അതു സങ്കൽപ്പമോ ആത്മവഞ്ചനയോ മാത്രമാകും. അതേ സമയം, ഓരോ ദിവസവും കൂടുതൽ രൂക്ഷമായി കൊണ്ടിരിക്കുന്ന മുതലാളിത്ത പ്രതിസന്ധി മൂലം സാമ്പത്തികവും രാഷ്ട്രീയവുമായ അധികാരം തങ്ങളിലേക്ക് കൂടുതൽ ദൃഢീകരിച്ച് കേന്ദ്രീകരിക്കുന്നതിൽ നിർബന്ധബുദ്ധി കാണിക്കുകയാണ് കുത്തകമുതലാളിത്തം. അതിലൂടെ എതിർപ്പിന്റെ യഥാർത്ഥ സ്വരങ്ങളെ അട്ടിമറിക്കാനും, ഹീനമായ ലക്ഷ്യങ്ങളെ, മധുരം പുരട്ടിയ നിർദ്ദേശങ്ങളാൽ പൊതിഞ്ഞവതരിപ്പിച്ച് യഥാർത്ഥ പ്രശ്നങ്ങളിൽ നിന്നും കുബുദ്ധിയോടെ ശ്രദ്ധ തിരിച്ചുവിടാനും അവർ ശ്രമിക്കുന്നു. ഇതു മനസ്സിലാക്കിക്കൊണ്ടു വേണം ജിഎസ്ടിയെ സംബന്ധിച്ച ചർച്ചകൾ നമ്മൾ നടത്താൻ. ഭാരതസർക്കാർ സ്വീകരിക്കുകയും നിരന്തരമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന വിനാശകരമായ മുതലാളിത്ത-ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെയും നടപടികളുടെയും ഭാഗമായി തന്നെയാണ് ചരക്കു-സേവന നികുതി അവതരിപ്പിക്കുന്നതെന്നും നമ്മൾ മനസ്സിലാക്കേണ്ടതുണ്ട്. അപ്പോൾ പ്രധാനചോദ്യം എന്നത്, ഈ നികുതിസംവിധാനം എത്രത്തോളം സുഗമവും ബുദ്ധിമുട്ടില്ലാത്തതുമായിരിക്കും എന്നതല്ല. മറിച്ച്, കേന്ദ്രീകരിച്ച്, ദൃഢീകരിക്കപ്പെട്ട ഈ ശക്തമായ ഏകീകൃത നികുതിസംവിധാനം ജനത്തിന്റെ ചോര എത്രത്തോളം ഊറ്റും എന്നതാണ് അറിയേണ്ടത്.

**ചരക്കു-സേവനനികുതി – കൂടുതൽ വിശദാംശങ്ങൾ**

ചരക്കു-സേവന നികുതിയുടെ പ്രയോക്താക്കൾ വാദിക്കുന്നത്, വിവിധങ്ങളായ നികുതികളുള്ള സംവിധാനം നിലനിൽക്കുന്നതു മൂലം നികുതി വെട്ടിപ്പു മുതൽ തെറ്റായ നികുതി കണക്കുകൂട്ടലും തർക്കങ്ങളും വരെ ,നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കപ്പെടുന്നു എന്നാണ്. മാത്രവുമല്ല, നേരിട്ടുള്ള വിദേശനിക്ഷേപം, കൂട്ടുസംരംഭങ്ങൾ, തന്ത്രപരമായ സഖ്യങ്ങൾ എന്നീ വഴികളിലൂടെല്ലാം വിദേശനിക്ഷേപകർ കൂടുതലായി ഇന്ത്യൻ കമ്പോളത്തിലേക്ക് എത്തുന്ന സാഹചര്യത്തിൽ, നികുതിസംവിധാനത്തെ സുഗമമാക്കുകയെന്നത് അതീവപ്രാധാന്യമുള്ള ആവശ്യമാകുന്നു. കൂടാതെ, വിവിധങ്ങളായ നികുതി സംവിധാനങ്ങൾ നിലനിൽക്കുന്നത്, ഇരട്ടനികുതിയിലേക്കും നികുതിക്കുമേൽ നികുതിയിലേക്കും നയിക്കുന്നു. ജിഎസ്ടി ഈ പ്രശ്നങ്ങളെല്ലാം പരിഹരിക്കും. അന്തിമ ഉപഭോക്താവ്, വിതരണ ശൃംഖലയിലെ അവസാനവിൽപ്പനക്കാരൻ ചുമത്തുന്ന ജിഎസ്ടി മാത്രം ഒടുക്കിയാൽ മതിയാകും. (അതായത്, നേരത്തേ അടച്ച നികുതി വിതരണശൃംഖലയിലെ ശേഷമുള്ള ഘട്ടങ്ങളിൽ കുറവു ചെയ്യുന്നു) സന്ദർഭവശാൽ ഇവിടെ വിതരണശൃംഖലയെന്നു പറയുന്നത്, അസംസ്കൃതവസ്തുക്കളുടെ സംഭരണം മുതൽ ചില്ലറ വിൽപ്പനശാല വഴി ഉൽപ്പന്നത്തിന്റെ വിൽപ്പന വരെയുള്ള മൂല്യവിതരണ സംവിധാനത്തിന്റെ സാങ്കേതിക സംജ്ഞയാണ്. ഇതിൽ, സ്ഥാപനത്തിനും ഉപഭോക്താക്കൾക്കുമിടയിൽ നിർണ്ണായക ബന്ധം നിലനിർത്തുന്ന, മേൽത്തട്ടിലും താഴേത്തട്ടിലുമുള്ള പങ്കാളികളും ഉൾപ്പെടുന്നു. സ്ഥാപനത്തിന്റെ മേൽത്തട്ടിൽ, അസംസ്കൃതവസ്തുക്കൾ, ഘടകങ്ങൾ, സാമ്പത്തികസഹായം, ഉൽപ്പന്നമോ സേവനമോ നിർമ്മിക്കാനാവശ്യമായ നൈപുണ്യം എന്നിവ നൽകുന്ന മറ്റ് സ്ഥാപനങ്ങൾ ഉണ്ടാകും. അതേപോലെ താഴേത്തട്ടിലാകട്ടെ, മൊത്തവിൽപ്പനക്കാരും ചില്ലറവിൽപ്പനക്കാരുമടങ്ങുന്ന വ്യാപാരപങ്കാളികളും ഉണ്ടാകും. സാമ്പത്തികശാസ്ത്രമനുസരിച്ച്, വിതരണശൃംഖലയുടെ ഓരോ ഘട്ടത്തിലും മൂല്യവർദ്ധനവ് ഉണ്ടാകുന്നു. ഉദാഹരണത്തിന്, അസംസ്കൃത തുകലിനെ സംസ്കരിച്ച തുകലാക്കി മാറ്റുമ്പോൾ അവിടെ മൂല്യവർദ്ധനവ് ഉണ്ടാകുന്നു. ഈ സംസ്കരിച്ച തുകലിനെ, തുകൽ ബാഗുകൾ നിർമ്മിക്കുവാനായി വിവിധ ആകൃതികളിൽ മുറിച്ചെടുക്കുമ്പോൾ മൂല്യവർദ്ധനവിന്റെ മറ്റൊരു ഘട്ടമാകുന്നു. പിന്നീട് ഇവയെ ചേർത്തുതുന്നിയെടുത്ത് തുകൽ ബാഗാക്കി മാറ്റുമ്പോൾ വീണ്ടും മൂല്യവർദ്ധനവ് സംഭവിക്കുന്നു. അങ്ങനെ അത് തുടരുന്നു. ഉദാഹരണമായി, ഒരു കുപ്പി വെള്ളത്തിന്റെ ഫാക്ടറി വില നിലവിൽ 100 രൂപയായി സങ്കൽപ്പിക്കുക. ഇതിന്റെ കൂടെ എക്സൈസ് ഡ്യൂട്ടിയും സേവന നികുതിയും 10 രൂപ വീതം കൂട്ടുക. അങ്ങനെ 120 രൂപ വിലയാകുന്ന കുപ്പിവെള്ളത്തിനു മേൽ സംസ്ഥാനസർക്കാർ 10% വാറ്റ് ഈടാക്കുമെങ്കിൽ, കുപ്പിയുടെ വിൽപ്പനവില 132 രൂപയാകുന്നു. ഇതെന്തുകൊണ്ട്? കാരണം, ആദ്യത്തെയാൾ രണ്ടാമത്തെയാൾക്കു വിൽപ്പന നടത്തുമ്പോൾ അവിടെ വിൽപ്പന നികുതി കൂടി ചേർത്താണ് വിൽക്കുന്നത്. ഇനി രണ്ടാമത്തെയാൾ മൂന്നാമതൊരാൾക്കു മറിച്ചു വിൽക്കുമ്പോളും അവിടെ വിൽപ്പന നികുതി കൂട്ടിച്ചേർക്കപ്പെടുന്നു. അതായത്, രണ്ടാമത്തെയാൾ വിൽപ്പനനികുതി കണക്കാക്കുമ്പോൾ അവിടെ മുൻവിൽപ്പനയുടെ വിൽപ്പനനികുതി അടച്ചതും കണക്കിലെടുക്കുന്നു. അങ്ങനെ അത് നികുതിക്കു മേൽ നികുതി ആകുന്നു. ഈ തുടർച്ചയുടെ പ്രഭാവത്തെക്കുറിച്ച് കൂടുതൽ ഉൾക്കാഴ്ച വേണമെന്നുണ്ടെങ്കിൽ നമുക്കാ തുകൽബാഗിന്റെ നിർമ്മാണവും കമ്പോളത്തിലെ വിൽപ്പനയും തന്നെയെടുക്കാം. ഒരു യൂണിറ്റ് തുകൽബാഗ് നിർമ്മിക്കാനായി ഒരു യൂണിറ്റ് തുകലും ഒരു യൂണിറ്റ് അദ്ധ്വാനവും വേണമെന്നു സങ്കൽപ്പിക്കുക. കൂലി നിരക്ക് 100 രൂപയും, നികുതിക്കു മുമ്പേ ഒരു യൂണിറ്റ് തുകലിന്റെ വില 100 രൂപയും ആണെന്ന് വിചാരിക്കുക. ഇവിടെ തുകൽബാഗ് നിർമ്മാണത്തിലെ ലാഭപ്രതീക്ഷ 20 ശതമാനവും തുകലിന്റെയും തുകൽബാഗിന്റെയും ഉൽപ്പന്നത്തിന്റെ മൂല്യത്തിനു മേലുള്ള പരോക്ഷനികുതി നിരക്ക് 10ശതമാനം വീതവുമാണെങ്കിൽ, 277.2 രൂപയ്ക്കാകും ആ തുകൽ ബാഗ് വിൽക്കപ്പെടുക. അതായത്, തുകലിന്റെ വില 100 രൂപ, അതിന്മേലുള്ള 10% നികുതി, 100 രൂപ കൂലി – അങ്ങനെ 210 രൂപ. അതിന്മേൽ 20 ശതമാനം ലാഭം കണക്കാക്കുമ്പോൾ 42 രൂപ കൂടിച്ചേർന്ന് 252 രൂപ. ഇനി 10 ശതമാനം അന്തിമ വിൽപ്പന നികുതി കൂടി കണക്കാക്കുമ്പോൾ, 25.2 രൂപ. അങ്ങനെ ആകെ 277.2 രൂപ മൊത്തം വില. ഇതിൽ 35.2 രൂപ മൊത്തം നികുതി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇതിൽ തുകൽബാഗിന്റെ 25.2 രൂപ നികുതിയിൽ, 1.2 രൂപ നേരത്തേയടച്ച നികുതിക്കു മേലുള്ള നികുതിയാണ്. കാരണം തുകലിനു മേലുള്ള നികുതി, വില വർദ്ധിപ്പിക്കുകയും അതുവഴി തുകൽബാഗിന്റെ വില കൂട്ടുകയും ചെയ്തിരിക്കുന്നു. ഇത് തെളിയിക്കുന്നത്, മുൻകൂട്ടി അടയ്ക്കേണ്ടിവരുന്ന നികുതി, കൂടുതൽ നികുതി അടയ്ക്കുവാൻ നിർബന്ധിതമാക്കുന്നു. ഇതാണ് യുക്തിഹീനമായി വിലയിരുത്തുന്നത്. കാരണം നികുതി കണക്കാക്കുന്നത് വിതരണ ശൃംഖലയിലെ ഓരോ ഘട്ടത്തിലും നടക്കുന്ന മൂല്യവർദ്ധനവിനു മേലാകണം.

ഈ യുക്തിരാഹിത്യം ജിഎസ്ടി ഒഴിവാക്കും എന്ന് വാദിക്കുന്നു. നിലവിൽ എല്ലാ നികുതികളും ഉൽപ്പാദനഘട്ടത്തിൽ ചുമത്തപ്പെടുമ്പോൾ ജിഎസ്ടിയാകട്ടെ ഉദ്ദിഷ്ട സ്ഥാന സിദ്ധാന്തത്തിന്മേൽ, ഉപഭോഗാധിഷ്ഠിത നികുതിയാണ്. നിലവിലുള്ള പ്രക്രിയ പ്രകാരം, ഉത്പാദനകേന്ദ്രത്തിൽ നിന്നും ഉൽപ്പന്നങ്ങൾ നീക്കുമ്പോൾ എക്സൈസ് ഡ്യൂട്ടിയും വിൽപ്പനവേളയിൽ വാറ്റും ചുമത്തപ്പെടുമ്പോൾ, അന്തിമ ഉപഭോഗം നടക്കുന്നിടത്തു മാത്രമേ ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ ചരക്കു സേവന നികുതി ചുമത്തപ്പെടുന്നുള്ളു. മറ്റു വാക്കുകളിൽ, വിതരണത്തിന്റെ അവസരത്തിൽ മാത്രമേ ജിഎസ്ടി അടക്കേണ്ട ബാധ്യതയുണ്ടാകുന്നുള്ളു. വിതരണശൃംഖലയിലെ വിൽപ്പനയുടേയും വിതരണത്തിന്റെയും ഓരോ ഘട്ടത്തിലും മൂല്യവർദ്ധിത ചരക്കുകൾക്കും സേവനങ്ങൾക്കും മേൽ നികുതി ശേഖരിക്കപ്പെടുന്നു. ചരക്കുകളുടേയും സേവനങ്ങളുടേയും സമ്പാദനവേളയിൽ ഈടാക്കപ്പെടുന്ന ജിഎസ്ടി, അന്തിമ ഉത്പ്പന്നത്തിനുമേൽ ഒടുക്കേണ്ട ജിഎസ്ടിയിൽ നിന്നും കുറവു ചെയ്യുന്നു. ഉത്പാദകനും, മൊത്തവിൽപ്പനക്കാരും, ചില്ലറവിൽപ്പനക്കാരുമെല്ലാം നിർണ്ണയിക്കപ്പെട്ട ജിഎസ്ടി നിരക്കുകൾ അടയ്ക്കുമെങ്കിലും നികുതി ക്രെഡിറ്റ് സംവിധാനത്തിലൂടെ അത് തിരികെനേടുന്നു.

ഈ സംവിധാനം ലക്ഷ്യസ്ഥാനത്തിൽ അധിഷ്ഠിതമായതു കൊണ്ട് മൂന്നുതരം ജിഎസ്ടി ഉണ്ടാകും – സിജിഎസ്ടി അഥവാ കേന്ദ്ര ജിഎസ്ടി, എസ്ജിഎസ്ടി അഥവാ സംസ്ഥാന ജിഎസ്ടി, ഐജിഎസ്ടി അഥവാ അന്തർ സംസ്ഥാന ജിഎസ്ടി. ഒരു സംസ്ഥാനത്തിനകത്തു തന്നെ, ഉദാഹരണത്തിന്, കൊച്ചിയിൽ നിന്നും കൊല്ലത്തേക്ക് ചരക്കുകൾ നീങ്ങുകയാണെങ്കിൽ കേന്ദ്ര ജിഎസ്ടിയും സംസ്ഥാന ജിഎസ്ടിയും ഈടാക്കപ്പെടും. പിരിച്ചെടുക്കുന്ന നികുതിയുടെ ആനുപാതികവിഹിതം കേന്ദ്ര സംസ്ഥാന സർക്കാരുകളിലേക്ക് ചെന്നുചേരും. ഇനി കൊല്ലത്തുനിന്നും തൃശൂരേക്ക് ചരക്ക് പുനർവിൽപ്പന നടത്തിയാലോ, അപ്പോഴും സംസ്ഥാനത്തിനകത്തു തന്നെ. കേന്ദ്ര ജിഎസ്ടിയും സംസ്ഥാന ജിഎസ്ടിയും ഈടാക്കപ്പെടും. വിൽപ്പനവില വർദ്ധിക്കുന്നു, അതുകൊണ്ടു തന്നെ നികുതി ബാധ്യതയും. ഇനി ചരക്കുകൾ കോയമ്പത്തൂരിലേക്ക് നീങ്ങുകയാണെങ്കിൽ, അത് സംസ്ഥാനത്തിനു പുറത്തേക്കാകുന്നു, അവിടെ അന്തർ സംസ്ഥാന ജിഎസ്ടി മാത്രം ബാധകമാകുന്നു. ഇത് പൂർണ്ണമായും കേന്ദ്രസർക്കാരിനുള്ളതാണ്.

(ശേഷം 13-ാം പേജിൽ)

## പൊതുമേഖലാ വ്യവസായങ്ങളെ സംരക്ഷിക്കുക

### പ്രതിഷേധ സംഗമം




**കളമശ്ശേരിയിൽ നടന്ന പ്രതിഷേധ സംഗമം എംസിപിഐ (യു) സംസ്ഥാന സെക്രട്ടറി സഖാവ് ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്യുന്നു**

**പൊ**തുമേഖലാ വ്യവസായങ്ങളായ എഫ്എസിടി, എച്ച്എംടി, കൊച്ചിൻപോർട്ട്, കൊച്ചിൻ ഷിപ്പ്യാർഡ്, എച്ച്ഒസി തുടങ്ങിയവയെ സംരക്ഷിക്കണമെന്ന് കളമശ്ശേരി പ്രീമിയർ ജംഗ്ഷനിൽ ഇടതുപക്ഷ ഐക്യമുന്നണി(എൽയുഎഫ്) സംഘടിപ്പിച്ച പ്രതിഷേധ സംഗമം കേന്ദ്ര-സംസ്ഥാന സർക്കാരുകളോട് ആവശ്യപ്പെട്ടു.

എൽയുഎഫ് എറണാകുളം ജില്ലാകമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന സംഗമം എംസിപിഐ(യു) സംസ്ഥാന സെക്രട്ടറി ടി.എസ്.നാരായണൻമാസ്റ്റർ ഉദ്ഘാടനം ചെയ്തു. “രാജ്യത്തിന്റെയും സംസ്ഥാനത്തിന്റെയും നിലനിൽപ്പിനും മുന്നേറ്റത്തിനും വലിയ സംഭാവനകൾ ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങൾ മാറിമാറിവന്ന ഭരണക്കാർ അനുവർത്തിച്ച ആഗോളീകരണനയങ്ങളുടെ ഫലമായി തകർന്നിരിക്കുകയാണ്. നയവൈകല്യംമൂലം സൃഷ്ടിക്കപ്പെട്ട നഷ്ടത്തിന്റെ കണക്കുകൾപറഞ്ഞ് ഈ സ്ഥാപനങ്ങളുടെ കോടിക്കണക്കിന് രൂപയുടെ ആസ്തി സ്വകാര്യകുത്തകകൾക്ക് ചുളുവിൽ കൈമാറുകയെന്നതാണ് മോദിയും തുടർന്നുകൊണ്ടിരിക്കുന്നത്. ആയിരക്കണക്കിന് തൊഴിലാളികൾക്ക് നേരിട്ടും ലക്ഷങ്ങൾക്ക് പരോക്ഷമായും തൊഴിൽ നൽകിയിരുന്നവയാണ് ഈ വ്യവസായങ്ങൾ. മാത്രമല്ല, കാർഷിക-വ്യാവസായിക രംഗങ്ങളിലും കായിക-സാംസ്കാരിക രംഗങ്ങളിൽപോലും കേരളത്തെയും രാജ്യത്തെയും മുന്നോട്ടുനയിച്ച ഈ വ്യവസായങ്ങളെ സംരക്ഷിക്കാൻ നേരായി ചിന്തിക്കുന്ന മുഴുവൻ ആളുകളും ഒറ്റക്കെട്ടായി മുന്നോട്ടുവരണം” അദ്ദേഹം അഭ്യർത്ഥിച്ചു.

എൽയുഎഫ് ജില്ലാ ചെയർമാൻ ടി.കെ.സുധീർകുമാർ അദ്ധ്യക്ഷത വഹിച്ചു. യോഗത്തിൽ ആർഎംപി സംസ്ഥാന സെക്രട്ടേറിയറ്റംഗവും പാലിയേക്കര ടോൾവിരുദ്ധ സമരത്തിന്റെ നേതാവുമായ പി.ജെ.മോൻസി, എസ്യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗം ജെയിസൺ ജോസഫ്, എംസിപിഐ(യു) കേന്ദ്രകമ്മിറ്റിയംഗവും എൽയുഎഫ് സംസ്ഥാന വൈസ്ചെയർമാനുമായ കെ.ആർ.സദാനന്ദൻ എന്നിവർ പ്രസംഗിച്ചു. ജില്ലാ കൺവീനർ ഇ.കെ.മുരളി സ്വാഗതവും പി.എം.ദിനേശൻ കൃതജ്ഞതയും പറഞ്ഞു. ○

# GST മുതലാളിത്തത്തിൽ പരിഷ്ക്കാരങ്ങളെല്ലാം മുതലാളിവർഗ്ഗതാൽപ്പര്യം പേറുന്നു

(12-ാം പേജിൽ നിന്ന്)

ഇവിടെ വെളിവാകുന്നത്, അന്തിമവില അഥവാ ചില്ലറവിലയ്ക്കു മേൽ ചുമത്തപ്പെടുന്ന സംയോജിത ജിഎസ്ടിയിലൂടെയുള്ള മുഴുവൻ നികുതി തുകയും അന്തിമ ഉപഭോക്താവിൽ നിന്നാണ് ഈടാക്കുക. അന്തിമ വില, ചരക്കുനീക്കത്തെയും വിതരണം നടക്കുന്ന സ്ഥലത്തെയും അടിസ്ഥാനമാക്കിയാകും. അതനുസരിച്ച് വില ഉയരുകയും ചെയ്യാം. ജിഎസ്ടിയുടെ പ്രയോക്താക്കൾ അവകാശപ്പെടുന്നത്, വിവിധ നികുതികളെ ജിഎസ്ടിയിലൂടെ ഏകീകരിക്കുമ്പോൾ, സംവിധാനത്തിലെ ഇരട്ട നികുതികൾ ഒഴിവായി, ഉപഭോക്താവിന് അവസാന വില കുറയുമെന്നാണ്. അവർ പറയുന്നത്, ഉപഭോക്തൃ ഉത്പന്നങ്ങൾക്ക് ഇപ്പോഴത്തെ നികുതി ഘടനയിൽ ഉത്പാദനച്ചെലവിന്റെ ഏകദേശം 25-26% വരെ നികുതി, എക്സൈസ് ഡ്യൂട്ടിയും വാറ്റും മൂലം ഉപഭോക്താവ് കൊടുക്കേണ്ടി വരുന്നുവെന്നാണ്. ബൂർഷ്വാ സാമ്പത്തികശാസ്ത്രജ്ഞരും, നയരൂപീകരണത്തിന്റെ ഭാഗമായവരും പറയുന്നത്, ജിഎസ്ടി നിരക്ക് 18-22 ശതമാനത്തിലാകും എന്നാണ്. ഈ ഊഹത്തിന്റെ പുറത്ത് അവർ സമർത്ഥിക്കുന്നത്, ചരക്കുകൾക്കും സേവനങ്ങൾക്കും നേരിയ തോതിൽ വില കുറയുമെന്നാണ്. പക്ഷേ ജിഎസ്ടി നിയമത്തിൽ ഒരു അവിശ്വസനീയമായ വ്യവസ്ഥയുണ്ട്. നേരത്തേ ചൂണ്ടിക്കാട്ടിയതുപോലെ, നികുതിക്കുമേലുള്ള നികുതി ജിഎസ്ടി അവസാനിപ്പിക്കുമെന്നു പറയാനുള്ള കാരണം, ചരക്കുകളോ സേവനങ്ങളോ ഉത്പാദിപ്പിക്കുന്നതിനിടയിൽ വിൽക്കുന്നയാൾ ഒടുക്കേണ്ടി വന്നിട്ടുള്ളതായ നികുതിക്ക് പകരം, ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് (Input Tax Credit) നേടുവാൻ വാങ്ങുന്നയാൾക്ക് അവകാശമുണ്ടാകുമെന്നതാണ്. എന്നാൽ നിയമത്തിൽ പറയുന്നതു പ്രകാരം, വിൽപ്പന നടത്തുന്നയാൾ ഇങ്ങനെ ജിഎസ്ടി അടച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം വാങ്ങുന്നയാൾക്കായിരിക്കും. ഈ ശ്രമകരമായ നിബന്ധനയുടെ നടപ്പിലാക്കലിന്റെ പ്രായോഗികത സംശയമുണർത്തുകയാണ്. സ്വാഭാവികമായും ഉയരുന്ന ചോദ്യം, അങ്ങനെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് സാധ്യമല്ലെങ്കിൽ പിന്നെ നികുതിക്കുമേൽ നികുതി എന്നത് എങ്ങനെ ഒഴിവാക്കപ്പെടും എന്നതാണ്. മാത്രവുമല്ല, അങ്ങനെ നികുതിക്കുമേൽ നികുതി നിലനിൽക്കുകയാണെങ്കിൽ പിന്നെങ്ങനെയാണ് ഈ പരിഷ്കരിച്ച നികുതിസംവിധാനത്തിന് നിലവിലുള്ളതിനേക്കാൾ മേൽക്കോയ്മ അവകാശപ്പെടാനാകുക? ഈ പ്രധാന ചോദ്യങ്ങൾക്കെല്ലാം ഉത്തരം തേടുന്നതിന്, ചരക്ക്-സേവന നികുതിക്കുപിന്നിലെ തത്വത്തിന് എന്തെങ്കിലും പുതുമയുണ്ടോ എന്ന് അന്വേഷിക്കുന്നതും നന്നായിരിക്കും.

### ചരക്കു-സേവനനികുതിക്കു പിന്നിലെ ആശയത്തിന് എന്തെങ്കിലും പുതുമയുണ്ടോ?

നമുക്ക്, മൂല്യവർദ്ധിത നികുതി അഥവാ വാറ്റ് അവതരിപ്പിച്ച 2005 ഏപ്രിൽ 1 - ലേക്ക് ഒന്ന് തിരിച്ചു പോകാം. അതിനുമുമ്പ് നികുതിനയങ്ങളുടെ കർത്താക്കൾ വാദിച്ചത്, വരുമാന നികുതി, സ്വത്തു നികുതി, മുനിസിപ്പൽ നികുതികൾ തുടങ്ങിയ പ്രത്യക്ഷ നികുതികളിലൂടെ സമാഹരിക്കുന്ന വരുമാനം വികസനത്തിനാവശ്യമായ തുകയേക്കാൾ എത്രയോ കുറവാണെന്നാണ്. അപ്പോൾ, വരുമാനം കുറവായതുകൊണ്ട് പ്രത്യക്ഷ നികുതികൾ അടയ്ക്കാൻ കഴിവില്ലാതിരുന്ന പാവപ്പെട്ടവരെയുംകൂടി നികുതി അടയ്ക്കാൻ നിർബന്ധിതരാക്കി. അങ്ങനെ, ചരക്കുകളുടെയും സേവനങ്ങളുടെയും കമ്പോളവിലയുടെ ഭാഗമായി സാധാരണക്കാരും വഹിക്കേണ്ടി വരുന്ന പരോക്ഷനികുതിയുടെ സിദ്ധാന്തം ഉണ്ടായി. ബൂർഷ്വാ ഭരണകൂടം അന്ന് ഒളിപ്പിച്ചതും ഇപ്പോഴും ഒളിപ്പിച്ചുകൊണ്ടേയിരിക്കുന്നതുമായ വസ്തുതയെന്തെന്നാൽ, പൊതുഖജനാവിൽ പണമില്ലാതെയാകുന്നത് പ്രത്യക്ഷ നികുതിയിലൂടെയുള്ള ധനസമാഹരണത്തിലെ കുറവുകൊണ്ടല്ല. അതിന്റെ കാരണം, വമ്പൻ വ്യവസായികളും, കുത്തകകളും, അതിസമ്പന്നരുമൊക്കെ ശിക്ഷാഭീതി ലവലേശമില്ലാതെ നിയമം വളച്ചൊടിച്ച്, പൊതുഖജനാവിനെ വഞ്ചിച്ച്, വൻതോതിൽ നികുതിവെട്ടിപ്പും നികുതി ഒഴിവാക്കലും നടത്തുന്നതാണ്. ഇക്കൂട്ടർ, തങ്ങളുടെ യഥാർത്ഥ വരുമാനം ജാഗ്രതയോടെ ഒളിപ്പിക്കുകയും, സാമ്പത്തികവ്യവസ്ഥയെ ക്ഷീണിപ്പിക്കുന്ന തരത്തിൽ വൻതോതിൽ കള്ളപ്പണം സൃഷ്ടിക്കുകയും ചെയ്യുന്നു. ഇതിനൊക്കെ പുറമേ, വൻവ്യവസായികൾക്ക് അന്യായവും യുക്തിരഹിതവുമായ നികുതിയിളവുകൾ നൽകിയും, മനഃപൂർവം നികുതിവെട്ടിപ്പുനടത്തുന്ന വമ്പൻമാരോട് നീതീകരിക്കാനാകാത്ത ദാക്ഷിണ്യം കാണിച്ചും, സർക്കാർ തന്നെയാണ് വരുമാനത്തിൽ വൻതോതിൽ കുറവുവരുത്തുന്നത്. അപ്പോൾ, അടിക്കടി വർദ്ധിപ്പിക്കുന്ന പരോക്ഷനികുതികൾ അടിച്ചേൽപ്പിക്കാനുള്ള തീരുമാനം, നിർദ്ദയമായ മുതലാളിത്ത ചൂഷണത്താൽ പാപ്പരാക്കപ്പെട്ട ദശലക്ഷങ്ങളുടെ പോക്കറ്റുകൾ വീണ്ടും ചോർത്തുന്നു. ഇതിന് നിരത്തിയ കാരണങ്ങളാകട്ടെ, ദുർബലവും കുറ്റകരമായ വഞ്ചനയുമാണ്.

തുടർന്ന്, മുതലാളിത്ത-ആഗോളീകരണ-ഉദാരീകരണ നയങ്ങളുടെ ഭാഗമായി മൂല്യവർദ്ധിത നികുതി അഥവാ വാറ്റ് അവതരിപ്പിക്കപ്പെടുന്നു. അവിടെയും, വർദ്ധിച്ച പരോക്ഷനികുതികളുടെ ഭാരം സാധാരണക്കാരൻ ചുമലിലേറ്റാൻ നിർബന്ധിതമാകുന്ന നയമായിരുന്നു. കേന്ദ്രധനകാര്യമന്ത്രാലയം രൂപീകരിച്ച സംസ്ഥാന ധനകാര്യമന്ത്രിമാരുടെ ഉന്നതാധികാരസമിതി, 2005 ജനുവരി 17നു പുറത്തിറക്കിയ ധവളപത്രത്തിന്റെ ആമുഖം നോക്കാം. അന്നത്തെ പശ്ചിമ ബംഗാൾ ധനകാര്യമന്ത്രിയായിരുന്ന സിപിഐ(എം)ലെ അസിം ദാസ്ഗുപ്ത അധ്യക്ഷനായിരുന്ന ഈ സമിതി അവകാശപ്പെട്ടത് ഇങ്ങനെയായിരുന്നു, വാറ്റ്...മറ്റനേകം നികുതികളുടെ - ടേൺ ഓവർ ടാക്സ്, സർചാർജുകൾ തുടങ്ങിയവ, ദുരിതം ഒഴിവാക്കും... വാറ്റ് നികുതി അടവ് മെച്ചപ്പെടുത്തും...റവന്യൂ വളർച്ച ത്വരിതപ്പെടുത്തും...അങ്ങനെ സാധാരണക്കാരെ, വ്യാപാരികളെ, വ്യവസായികളെ,സർക്കാരിനെ ഒക്കെ സഹായിക്കും. വാറ്റ് അവതരിപ്പിച്ചപ്പോഴും വാദിച്ചത്, അപ്പോൾ നിലനിന്നിരുന്ന ഇരട്ടനികുതികളും, നികുതിക്കുമേലുള്ള നികുതിയുമൊക്കെ വിതരണ ശൃംഖലയുടെ ഓരോ ഘട്ടത്തിലും ഇൻപുട്ട് ടാക്സിനുമേൽ മാറ്റിവെക്കപ്പെട്ട ആനുകൂല്യങ്ങളാക്കി, വാറ്റ് സംവിധാനം ഇല്ലാതാക്കുമെന്നായിരുന്നു. യഥാർത്ഥത്തിൽ, 2004-ൽ അവതരിപ്പിക്കപ്പെട്ട സെൻവാറ്റ് (കേന്ദ്രവാറ്റ്) ക്രെഡിറ്റ് പദ്ധതിയിലും, ഉൽപാദനത്തിന്റെ ആദ്യഘട്ടങ്ങളിൽ അടച്ച എക്സൈസ് ഡ്യൂട്ടിയുടെ ക്രെഡിറ്റ്, ചരക്കുകളുടെ നീക്കത്തിനുള്ള എക്സൈസ് ഡ്യൂട്ടിയുടെ ബാധ്യതയിൽനിന്നും കുറവുചെയ്തിരുന്നു. ജിഎസ്ടിയും ഇതേ വാഗ്ദാനങ്ങളോടെ, പഴയ വീഞ്ഞ് പുതിയ കുപ്പിയിലാക്കിയതാണ്. നിരവധി നികുതികൾക്കുപകരം ഏകനികുതി എന്ന വ്യത്യാസം മാത്രം.

### വാറ്റ് ജനത്തിനെന്തെങ്കിലും ആശ്വാസം നൽകിയോ അതോ അവരുടെ ജീവിതം ദുസ്സഹമാക്കിയോ?

പക്ഷേ എന്താണ് സാധാരണജനത്തിന്റെ അനുഭവം? ഏതെങ്കിലും ഉറപ്പുകളും വാഗ്ദാനങ്ങളും സത്യമായോ? മറിച്ച്, അങ്ങേയറ്റം അഴിമതിഗ്രസ്തമായ നികുതി നിർവ്വഹണത്തെ - മരണാസന്നമായ മുതലാളിത്തത്തിന്റെ അനിവാര്യതയാണിത്, മെച്ചപ്പെടുത്തുവാനുള്ള എന്തെങ്കിലും നടപടികൾ ഉണ്ടായോ? നടത്തിപ്പിലെ ബുദ്ധിമുട്ടുകൾ വർദ്ധിച്ചത് കൂടുതൽ അന്യായങ്ങൾക്ക് വഴി തുറന്നു. നികുതിദായകർക്കുമേലുള്ള ഉപദ്രവം വർദ്ധിക്കുമ്പോൾ അതിനു പരിഹാരം കാണുന്നതിനായി, ഒന്നുകിൽ അഴിമതിക്കാരായ നികുതി ഉദ്യോഗസ്ഥർക്ക് കൈക്കൂലി കൊടുക്കാനോ, അല്ലെങ്കിൽ അഴിമതി നിറഞ്ഞ ഭരണത്തിന്റെ മൗനാനുവാദത്തോടെ നികുതി വെട്ടിക്കാനോ ശ്രമിക്കുന്നു. മറുവശത്ത്, ചരക്കുകളുടെയും സേവനങ്ങളുടെയും അടിസ്ഥാനവിലയിൽ വാറ്റ് നികുതി കൂട്ടിച്ചേർക്കുകയും, അന്തിമവിലയുടെകൂടെ ഉപഭോക്താവ് അതും അടയ്ക്കുകയും ചെയ്യുന്നു. ഇൻപുട്ട് ടാക്സ് ഉൾക്കൊള്ളിക്കുന്ന അത് സംബന്ധിയായ അവകാശവാദങ്ങൾ പൊള്ളയാണെന്നുതെളിഞ്ഞു. സാധാരണക്കാരെ ഞെക്കിപ്പിഴിഞ്ഞ് പരോക്ഷനികുതി വർദ്ധിപ്പിക്കാനുള്ള തന്ത്രപരമായ നീക്കം. ഇതു കാരണം, ജനങ്ങളുടെ ജീവിതം തകർത്തുകൊണ്ടിരിക്കുന്ന വിലക്കയറ്റത്തിന് യാതൊരു കുറവും ഉണ്ടാകുന്നില്ല. എന്തുകൊണ്ടാണ് വാറ്റ് നടപ്പിലാക്കാൻ കുത്തകകൾ വളരെ വ്യഗ്രത കാണിച്ചതെന്നും, അവരുടെ പിണിയാളുകളായ രാഷ്ട്രീയക്കാരും സാമ്പത്തികശാസ്ത്രജ്ഞരും അതിനെ വലിയ പുതുമയായി വിശേഷിപ്പിച്ചതെന്നും ഇപ്പോൾ വളരെ വ്യക്തമാണ്. വാറ്റിനെ സംബന്ധിച്ച ഞങ്ങളുടെ വിശകലനത്തിൽ (പ്രോലിറ്റേറിയൻ ഇറ - 2005 മാർച്ച് 1) , എത്രത്തോളം കൊടിയ അപകടം നിറഞ്ഞതാണ് വാറ്റിന്റെ അവതരണമെന്ന് ഞങ്ങൾ വിശദമാക്കിയിരുന്നു. നടമാടുന്ന സാമ്പത്തിക ഭീകരതക്കുമേൽ സാധാരണജനങ്ങൾ എത്രത്തോളം അതിന്റെ തിക്തഫലങ്ങൾ അനുഭവിക്കേണ്ടി വരുമെന്നും, വർദ്ധിച്ച ചെലവിന്റെ ഭാരം അന്തിമവിലയിൽ കയറ്റിവച്ചതിനാൽ സാധാരണ ഉപഭോക്താക്കളാകും ദുരിതം പേറേണ്ടിവരികയെന്നും ഞങ്ങൾ ചൂണ്ടിക്കാട്ടിയിരുന്നു. മാർക്സിസ്റ്റ് വിശകലനത്തിലും രീതിശാസ്ത്രത്തിലും അടിസ്ഥാനപ്പെടുത്തിയ ഞങ്ങളുടെ വിശദീകരണം എത്രത്തോളം ശരിയായിരുന്നു എന്ന്, ജനങ്ങൾ ഇപ്പോൾ അവരുടെ അനുഭവത്തിലൂടെ മനസ്സിലാക്കുന്നു.

### വാറ്റിന്റെ അനുഭവം ലോകമെമ്പാടും ഒരുപോലെ വിനാശകരമായിരുന്നു

വാറ്റ് അവതരിപ്പിക്കുന്ന സമയത്ത് അതിന്റെ പ്രായോജകർ പറഞ്ഞത്, വിവിധ രാജ്യങ്ങളിലെ അധ്വാനിക്കുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം അതിന്റെ അനുഭവം വളരെ പുരോഗമനകരം ആയിരുന്നു എന്നാണ്. അതിന് ഉദാഹരണമായി അവർ ചൂണ്ടിക്കാണിച്ച രാജ്യങ്ങളിലൊന്ന് ബ്രസീലായിരുന്നു. എന്നാൽ ഭീമമായ വിലവർദ്ധനവുമൂലം ഇപ്പോൾ ബ്രസീലിന്റെ സമ്പദ്ഘടന സമ്പൂർണ്ണ തകർച്ചയുടെ വക്കിലാണ്. ഇതിന്റെ പാഠം എന്തെന്നാൽ, ഏതെങ്കിലും സാമ്പത്തിക പുനഃസംഘടനയോ, സാമ്പത്തിക പരിഷ്കരണമോ, നികുതിഘടനയിലെ മാറ്റങ്ങളോ നമ്മൾ നോക്കിക്കാണുന്നത്, മുതലാളിത്തത്തിന്റെ അടിസ്ഥാനനിയമത്തിൽനിന്നും മാറിനിന്നുകൊണ്ടാണെങ്കിൽ, നികുതി പരിഷ്കരണംകൊണ്ട് ജനങ്ങൾക്ക് ലഭിച്ചേക്കാവുന്ന മെച്ചത്തെക്കുറിച്ചുള്ള തെറ്റായ ഊഹങ്ങളുണ്ടാക്കുന്ന തെറ്റിദ്ധാരണകളുടെ വലയത്തിൽ ഒരാൾ അകപ്പെടും എന്നത്

(ശേഷം 14-ാം പേജിൽ)

**മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്ന് പ്രവർത്തിപ്പിക്കണമെന്നാവശ്യപ്പെട്ട് കൊല്ലത്ത് എഐയുടിയുസി കശുവണ്ടിത്തൊഴിലാളി സെന്ററിന്റെ ആഭിമുഖ്യത്തിൽ**

## കശുവണ്ടി തൊഴിലാളികളുടെ കളക്ട്രേറ്റ് മാർച്ച്



കളക്ട്രേറ്റ്മാർച്ച് എഐയുടിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു

പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ ഉടൻ തുറക്കുക, അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഇടക്കാലാശ്വാസമായി 5000 രൂപ അനുവദിക്കുക, മിനിമം കൂലി നിഷേധമടക്കമുള്ള തൊഴിൽ നിയമ ലംഘനങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കശുവണ്ടി തൊഴിലാളി സെന്ററിന്റെ നേതൃത്വത്തിൽ തൊഴിലാളികൾ കൊല്ലം കലക്ട്രേറ്റിലേയ്ക്ക് മാർച്ചും ധർണ്ണയും നടത്തി.

എഐയുടിയുസി സംസ്ഥാന സെക്രട്ടറിവി.കെ.സദാനന്ദൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. ഫാക്ടറി ആക്റ്റും മറ്റ് തൊഴിൽ നിയമങ്ങളും ബാധകമായ കശുവണ്ടി രംഗത്ത് എല്ലാ നിയമങ്ങളും ലംഘിച്ചുകൊണ്ടാണ് ഫാക്ടറികൾ അടച്ചിട്ടിരിക്കുന്നതെന്നും ഇതിനെതിരെ തൊഴിൽ വകുപ്പ് കർശനമായ നടപടികൾ സ്വീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സർക്കാർ കാഷ്യൂകോർപ്പറേഷന്റെ ഏതാനും ഫാക്ടറികൾ തുറന്ന് പ്രശ്നം പരിഹരിച്ചുവെന്ന് വരുത്തി തീർക്കുന്നതിന് പകരം എല്ലാ ഫാക്ടറികളും തുറക്കാൻ നടപടി സ്വീകരിക്കുകയും ഇടക്കാലശ്വാസമുൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുകയും വേണമെന്നും അദ്ദേഹം പറഞ്ഞു.

കശുവണ്ടി തൊഴിലാളി സെന്റർ ജനറൽ സെക്രട്ടറി എസ്. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ എസ്‌യുസിഐ(സി)സംസ്ഥാന കമ്മിറ്റിയംഗം ഷൈല.കെ. ജോൺ, എഐയുടിയുസി കൊല്ലം ജില്ലാ സെക്രട്ടറി ബി.വിനോദ്, കശുവണ്ടി തൊഴിലാളി സെന്റർ സംസ്ഥാന കമ്മിറ്റിയംഗം ഓമനക്കുട്ടൻ തുടങ്ങിയവർ പ്രസംഗിച്ചു. യൂണിയൻ നേതാക്കളായ വി.ആന്റണി, ബി. രാമചന്ദ്രൻ, പി.പി.പ്രശാന്ത്, ഹരിദാസൻ, സതീശൻ, ശ്രീകുമാർ, രാധ, ഭാരതി, ഉഷ തുടങ്ങിയവർ കളക്ട്രേറ്റ് മാർച്ചിന് നേതൃത്വം നൽകി. ○

GST

# ഘടനാപരമായ പരിഷ്ക്കാരങ്ങളെല്ലാം ആഗോളീകരണത്തിന്റെ ഭാഗം

(13-ാം പേജിൽ നിന്ന്)

തീർച്ചയാണ്.

രണ്ടാമതായി, വാറ്റിനെ സംബന്ധിച്ച ചോദ്യത്തിലും മുതലാളിത്ത ലോകത്തിലെ സാമ്പത്തികശാസ്ത്രജ്ഞർക്കും നയകർത്താക്കൾക്കുമിടയിൽ അഭിപ്രായവ്യത്യാസങ്ങളുണ്ട്. വാറ്റ് വിരുദ്ധ ലോബി വാദിക്കുന്നത്, വാറ്റ് നടപ്പിലാക്കിയ രാജ്യങ്ങളിലെ ജനങ്ങൾക്ക് മറ്റ് രാജ്യങ്ങളിലെ ജനങ്ങളേക്കാൾ കൂടുതൽ നികുതിഭാരം പേറേണ്ടിവരുന്നു എന്നതാണ്. വിരോധാഭാസമെന്നു പറയട്ടെ, ഇന്ത്യൻ ഭരണാധികാരികളേക്കാൾ ഒരു ദശകം മുമ്പേതന്നെ സമാനമായ വാദഗതികളോടെ വാറ്റ് അവതരിപ്പിച്ചതിൽ മുൻപന്തിയിൽ നിന്നതാണ് യൂറോപ്യൻ യൂണിയനിലെ സാമ്രാജ്യത്വ ഭരണാധികാരികൾ. എന്നാലിന്ന്, കൊട്ടിഘോഷിക്കപ്പെട്ട യൂറോപ്യൻ യൂണിയൻ കടുത്ത സാമ്പത്തിക പ്രയാസങ്ങൾക്കു നടുവിലാണെന്നു മാത്രമല്ല, അവരുടെ നിലനിൽപ്പുതന്നെ ഭീഷണിയിലായിരിക്കുന്നു. ഇത് വാറ്റ് കാരണമാണെന്നല്ല. എന്നാൽ ഒരു സമ്പദ്ഘടനയിൽ വാറ്റ് ഉണ്ടോ ഇല്ലയോ എന്നത് അതിന്റെ മൊത്തത്തിലുള്ള സാമ്പത്തിക നിർവഹണത്തിലോ, ജനങ്ങളുടെ സാമ്പത്തികസാഹചര്യം മെച്ചപ്പെടുത്തുന്നതിലോ വലിയ വ്യത്യാസങ്ങൾ ഉണ്ടാക്കുന്നില്ല എന്നതാണ് കാണിക്കുന്നത്.

### ജിഎസ്ടിയുടെ ഫലവും വ്യത്യസ്തമാകില്ല

ജിഎസ്ടിയുടെ പൊള്ളത്തരത്തെക്കുറിച്ചു മനസ്സിലാക്കുവാൻ വാറ്റിനെ സംബന്ധിച്ച ഈ ചെറു ചർച്ച സഹായിക്കുമെന്ന് ഞങ്ങൾ കരുതുന്നു. ഇതിനകം 160-ഓളം രാജ്യങ്ങളിൽ ജിഎസ്ടിയോ വാറ്റോ നടപ്പാക്കിയിട്ടുണ്ട്. 1954-ൽ ജിഎസ്ടി അവതരിപ്പിച്ച ആദ്യരാജ്യം ഫ്രാൻസാണ്. അവിടത്തെ സാധാരണ ജനങ്ങൾക്ക് അത് ഏതു രീതിയിൽ ഗുണകരമായി? നികുതിഭാരം കുറഞ്ഞോ? വിലകൾ കുറഞ്ഞോ? വ്യക്തമായും ഉത്തരം ഇല്ല എന്നു തന്നെയാണ്. പകരം, ഈ ഏകീകൃത നികുതിഘടനയുടെ പിന്നിലെ തലച്ചോറുകൾ കണക്കുകൾ നിരത്തി എന്തൊക്കെ അവകാശപ്പെട്ടാലും, ജിഎസ്ടി കച്ചവടത്തിൽ ലാഭം പെരുപ്പിക്കാനാണ് സഹായിച്ചിട്ടുള്ളത്. ഒന്നാമതായി, ജിഎസ്ടി ലക്ഷ്യസ്ഥാനത്തിൽ അടിസ്ഥാനമാക്കിയ നികുതിയാണ്. ജിഎസ്ടിയുടെ വക്കീലന്മാരുടെ വാദമെന്തെന്നാൽ, ഉപഭോഗത്തിനുമേലുള്ള നികുതിയാണ് ഉത്പാദനത്തിനുമേൽ നികുതി ചുമത്തുന്നതിലും ബുദ്ധിപരം. കാരണം ഒരു വ്യക്തി സ്വയമേവയാണ് ഒരു ഉത്പന്നമോ സേവനമോ വാങ്ങി ഉപയോഗിക്കുന്നത്. അതുകൊണ്ടു തന്നെ നികുതി അടക്കേണ്ടതുണ്ട്. അവർ അഭിപ്രായപ്പെടുന്നത്, വരുമാനനികുതിയിലോ പ്രത്യക്ഷനികുതികളിലോ ഒരാൾ സമ്പാദിക്കുന്നോ ചെലവാക്കുന്നോ എന്നു നോക്കാതെ അയാളെ ശിക്ഷിക്കുകയാണ്. എന്നാൽ ഉപഭോഗത്തിൽ ഊന്നിയ ആശയത്തിൽ, ഒരാൾക്ക് അയാളുടെ താത്പര്യത്തിൽ ചെയ്യുന്ന ഉപഭോഗത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി മാത്രമേ ഉണ്ടാകുന്നുള്ളൂ. ഇതാണ് ഈ നിർദ്ദേശത്തിന്റെ മർമ്മഭാഗം. പരമാവധി ലാഭം നേടാനായി, ചരക്കുകളോ സേവനങ്ങളോ ഉൽപാദിപ്പിക്കുന്ന ഒരു മുതലാളിത്ത ഉൽപാദകനെയോ നിക്ഷേപകനെയോ ശിക്ഷിക്കാൻ പാടില്ല. എന്നാൽ ജീവൻ നിലനിർത്തുന്നതിനായാൽ പോലും, ഉപഭോഗം നടത്തുന്ന സാധാരണക്കാരനെ ശിക്ഷിക്കാം. മരണാസന്നമായ ഇന്നത്തെ മുതലാളിത്തത്തിന്റെ ബൂർഷ്വാ സാമ്പത്തികശാസ്ത്ര നിഘണ്ടുവിൽ മാത്രം കാണാൻ കഴിയുന്ന, കപടമായ വാദഗതികളെ പിന്തുണക്കുവാനായി ഒരു ബ്ലോഗർ ഇന്റർനെറ്റിൽ നൽകിയ, സെൽഫോണുകളുടെ വിൽപ്പനയെ അടിസ്ഥാനമാക്കിയ രണ്ട് താരതമ്യ പട്ടികകൾ നോക്കാം.

നമ്മൾ ശ്രദ്ധയോടെ പരിശോധിച്ചാൽ, ജിഎസ്ടിക്കു കീഴിലാണ് വിതരണക്കാരൻ കൂടുതൽ ലാഭം ഉണ്ടാക്കുന്നതെന്ന് കാണാൻ കഴിയും. ജിഎസ്ടിയിൽ ബില്ലോടു കൂടിയ വിൽപ്പനവില 17400 രൂപയും ജിഎസ്ടിക്കു പുറത്ത് അത് 15600 രൂപയുമാകുന്നു.

| | Present Scenario | | After GST | |
|---|---|---|---|---|
| | With Invoice | Without Invoice | With Invoice | Without Invoice |
| Manufacturer to distributor | | | | |
| Sale price of phone | 10,000 | 11,000 | 10,000 | 11,000 |
| Add: Excise Duty @ 12% | 1,200 | - | - | - |
| Add: VAT @ 4% | 448 | - | - | - |
| Add: GST @ 16% | - | - | 1,600 | - |
| Final payment | 11,648 | 11,000 | 11,600 | 11,000 |
| | | | | |
| Distributor to wholesaler | | | | |
| Sale price of phone | 15,000 | 15,000 | 15,000 | 15,000 |
| Add: VAT @ 4% | 600 | - | - | - |
| Add: GST @ 16% | - | - | 2,400 | - |
| Final Receipt | 15,600 | 15,000 | 17,400 | 15,000 |
| | | | | |
| Payment of Tax by distributor | 152 | - | 800 | - |
| | | | | |
| Net profit to distributor | | | | |
| Sale price | 15,600 | 15,000 | 17,400 | 15,000 |
| Less: Purchase cost | 11,648 | 11,000 | 11,600 | 11,000 |
| Less: Net tax paid | 152 | - | 800 | - |
| Net profit to distributor | 3,800 | 4,000 | 5,000 | 4,000 |
| | | | | |
| Final Result | Distributor will prefer without Invoice | | Distributor will prefer with Invoice | |

സാമാന്യബോധമുള്ള ഏതൊരാൾക്കും മനസ്സിലാകും കമ്പോളത്തിൽ നിന്നും വാങ്ങുന്ന ഒരു സാധാരണ ഉപഭോക്താവ് ഇവിടെ കൂടുതൽ വില നൽകേണ്ടി വരുമെന്ന്. ഇന്ന് വാറ്റ് മൂലം എന്താണ് സംഭവിക്കുന്നത്? 15 ശതമാനം വരെ മൊത്തം നികുതിഘടകമായി അന്തിമവിലയിൽ ചേർക്കുകയാണ്. ഇവിടെ വാങ്ങുന്നയാളിനെ സംബന്ധിച്ചിടത്തോളം ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉണ്ടോ, ഇരട്ട നികുതി ഒഴിവാക്കിയോ എന്നൊന്നും പരിശോധിക്കാൻ യാതൊരു മാർഗ്ഗവുമില്ല. ജിഎസ്ടിയിലും ഇതേ സംവിധാനം തന്നെ പ്രവർത്തിക്കും. വിതരണശൃംഖലയുടെ ഏതു ഘട്ടത്തിൽ, ആര് എത്ര നിരക്കിൽ നികുതി അടക്കുന്നു എന്നത് അവിടെ വിഷയമാകുന്നില്ല. ഒരു നിരീക്ഷകന്റെ അഭിപ്രായത്തിൽ, ഇന്ന് 15% നിരക്കിൽ നികുതി ഈടാക്കുന്ന സേവനങ്ങൾക്ക് ജിഎസ്ടി വരുമ്പോൾ 18-22 ശതമാനമോ അതിലും കൂടുതലോ ആയി നികുതി ഉയരുന്നതിനാൽ, വില കൂടുമെന്നു പ്രതീക്ഷിക്കുന്നു. മാത്രവുമല്ല, ഇപ്പോൾത്തന്നെ ഉയർന്ന നിരക്കുകളിലുള്ള പരോക്ഷനികുതിക്കുമേൽ വിവിധ പേരുകളിൽ സെസ്സുകൾ അടിച്ചേൽപ്പിക്കുന്ന പ്രവണത സർക്കാരുകൾക്കുണ്ട്. കഴിഞ്ഞ ബജറ്റുകളിൽ അടിച്ചേൽപ്പിക്കപ്പെട്ട സ്വച്ഛ ഭാരത് സെസ്സ്, കൃഷികല്ല്യാൺ സെസ്സ് എന്നിവ തന്നെ ഉദാഹരണം. ജിഎസ്ടിക്കു കീഴിലും സെസ്സുകൾ തുടരുമോ എന്നതിൽ വ്യക്തതയില്ല. അങ്ങനെ തുടർന്നാൽ അക്ഷരാർത്ഥത്തിൽ ജനം ചോര വാർന്നു വിളറി വെളുക്കും.

### ഒരു ഏഷ്യൻ രാജ്യത്തെ ജിഎസ്ടി അനുഭവം

ഭരണകൂടം എന്തൊക്കെ അവകാശപ്പെട്ടാലും ശരി, വാറ്റു പോലെ ജിഎസ്ടിയും മറ്റ് രാജ്യങ്ങളിലെ ജനങ്ങൾക്ക് വിനാശകരമെന്ന് തെളിയിക്കപ്പെട്ടതാണ്. ലഭ്യമായ വിവരങ്ങൾ പ്രകാരം, ജിഎസ്ടി നടപ്പാക്കിയ മലേഷ്യയിൽ, സാധാരണജനങ്ങൾ, വിശേഷിച്ചും കൂലിപ്പണിക്കാർ, ഒന്നിനു പിറകേ ഒന്നായി കുതിച്ചു കയറുന്ന വിലകൾ കാരണം ദുരിതമനുഭവിക്കുകയാണ്. നിത്യജീവിതത്തിന്റെ ഭാഗമായുള്ളതിനെല്ലാം വിലകയറുന്നു. മലേഷ്യയിലെ രണ്ടാമത്തെ വലിയ നഗരമായ പെനാങ്ങിൽ, 45 വർഷമായി പ്രവർത്തിച്ചുവന്ന കട പോലും അടുത്തിടെ അടച്ചുപൂട്ടുകയുണ്ടായി. കാരണം അതിന്റെ ഉടമസ്ഥന് ജിഎസ്ടിയുടെ സങ്കീർണ്ണതയുമായി ഒത്തുപോകാനോ ഒരു അക്കൗണ്ടന്റിനെ നിയമിക്കുവാനുള്ള പ്രാപ്തിയോ ഉണ്ടായിരുന്നില്ല. രണ്ടാമതായി, ജിഎസ്ടി നടപ്പായതിനു ശേഷം കച്ചവടക്കാരാകട്ടെ, വർദ്ധിച്ച വിലകൾ സന്തോഷപൂർവം, ഇതിൽ നഷ്ടം സഹിക്കുന്ന ഉപഭോക്താക്കളുടെ മേലേക്ക് ചൊരിയുകയാണ്. താഴ്ന്ന വരുമാനക്കാരായവർ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ പാടുപെടുന്നു. ചിലർ കളവിലേക്കും കൊള്ളിവെപ്പിലേക്കും തിരിയുന്നു, സാമൂഹിക സാഹചര്യം തന്നെ കലുഷിതമാകുന്നു. (2015 മാർച്ച് 31-ന്റെ malaysian-chinesenews-.com)

### ജിഎസ്ടി നടപ്പാക്കാൻ എന്തുകൊണ്ട് ഭാരതസർക്കാർ ഇത്ര ആവേശം കാണിക്കുന്നു

സ്വാഭാവികമായും ഇവിടെ ഒരാൾ ചോദിക്കുക, പിന്നെ എന്തുകൊണ്ട് ജിഎസ്ടി എന്നാണ്. ഉത്തരം എളുപ്പമാണ്. ഇന്ത്യൻ കുത്തകകളുടെ വർഗ്ഗപരമായ ആവശ്യമാണത്. നികുതി പിരിവിന്റെ അധികാരത്തെ കേന്ദ്രീകരിച്ച്, നികുതി കണക്കാക്കലുമായി ബന്ധപ്പെട്ട സങ്കീർണ്ണ പ്രക്രിയകളിൽ നിന്നും വ്യവസായ ലോകത്തിനും, കോർപ്പറേറ്റ് ഭീമന്മാർക്കും, വൻകിട കച്ചവടക്കാർക്കും ആശ്വാസം നൽകുകയെന്നതാണ് ഇതിന്റെ ഉദ്ദേശം എന്നു കാണാം. പകരം അവർ ജിഎസ്ടിയുടെ രൂപത്തിൽ ഏകീകരിച്ച നികുതി അടയ്ക്കുകയും, പിന്നീടത് ഉപഭോക്താവിന്റെ കീശയിൽ നിന്നും, ഇപ്പോഴുള്ള വാറ്റും സർവീസ് ടാക്സും പോലെ, എളുപ്പത്തിൽ തിരിച്ചുപിടിക്കുകയും ചെയ്യും. ഇത് നികുതി തർക്കങ്ങൾക്കു മേലുള്ള കോടതി വ്യവഹാരങ്ങൾ കുറയ്ക്കും. പ്രത്യേകിച്ചും നേരിട്ടുള്ള വിദേശനിക്ഷേപം വഴിയും, കൂട്ടു സംരംഭങ്ങൾ വഴിയും ഇന്ത്യൻ വിപണിയിലേക്ക് വിദേശസ്ഥാപനങ്ങൾ കടന്നു വരുമ്പോൾ. വാസ്തവത്തിൽ, നികുതി നിയമങ്ങൾ ലഘൂകരിക്കാൻ വിദേശ കുത്തകകളും ആവശ്യപ്പെടുന്നു. കാരണം, ഇന്ത്യയിലെ വ്യാപാരത്തിൽ നിന്നുള്ള ലാഭം വർദ്ധിപ്പിക്കുന്നതിലും അത് കടത്തിക്കൊണ്ടു പോകുന്നതിലും യാതൊരു തടസ്സവും അവർ ആഗ്രഹിക്കുന്നില്ല. പ്രത്യേകിച്ചും, അടുത്തിടെ നേരിട്ടുള്ള വിദേശ നിക്ഷേപം ഉദാരമാക്കിയ പ്രതിരോധം, ചില്ലറ വിൽപ്പന, ഔഷധമേഖല, വിദ്യാഭ്യാസം, സാമ്പത്തികമേഖല തുടങ്ങിയവയിലേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്നവർ, ജിഎസ്ടിക്കായി സമ്മർദ്ദം ചെലുത്തിയിരുന്നു. വിദേശ മൂലധനത്തിന് ഈ ആനുകൂല്യം നൽകാൻ ആഗ്രഹിക്കുന്ന, ഭരിക്കുന്ന ഇന്ത്യൻ കുത്തകകളും തത്തുല്യമായി ഇത് തന്നെ ആവശ്യപ്പെടുന്നു. കാരണം, അതിലൂടെ അവരുടെ അന്താരാഷ്ട്ര നിക്ഷേപങ്ങൾക്കും സമാനമായ ആനുകൂല്യങ്ങൾ വിലപേശി നേടിയെടുക്കാനാകും. ഒപ്പം, ആഭ്യന്തരവ്യാപാരത്തിൽ എല്ലാ നേട്ടങ്ങളും ആസ്വദിക്കാനുമാകും. അപ്പോൾ ഈ പദ്ധതി മുഴുവനായും ജനങ്ങളുടെ താത്പര്യത്തിനു വിരുദ്ധവും, അടിച്ചമർത്തി ഭരിക്കുന്ന മുതലാളിവർഗ്ഗത്തിന്റെ വർഗ്ഗതാത്പര്യത്തിന് അനുഗുണമായി രൂപകൽപ്പന ചെയ്തതുമാണ്.

### ജിഎസ്ടിയുടെ ജനവിരുദ്ധസ്വഭാവം ഒരു വ്യവസ്ഥാപിത പ്രതിപക്ഷകക്ഷിയും ചൂണ്ടിക്കാട്ടിയില്ല

ഇവിടെ ശ്രദ്ധിക്കേണ്ടതെന്തെന്നാൽ, ചരക്കു-സേവന നികുതിക്കെതിരെ നേരിയ എതിർപ്പുകൾ ഉയർത്തിയ കക്ഷികളിൽ ഒന്നു പോലും, ജനതാത്പര്യത്തിനു വിരുദ്ധമായ ജിഎസ്ടിക്കെതിരേ ഇത്തരം ചോദ്യങ്ങളൊന്നും ഉയർത്തിയില്ല. അവരുടെ എതിർപ്പുകളൊക്കെത്തന്നെയും, സംസ്ഥാനങ്ങൾക്കുവേണ്ടി മാറ്റിവെക്കപ്പെടുന്ന ജിഎസ്ടി വരുമാനത്തിന്റെ ശതമാനത്തെ ചുറ്റിപ്പറ്റിയായിരുന്നു. കൂടാതെ, സംസ്ഥാനങ്ങൾക്ക് അവരുടേതായ നികുതികൾ ഏർപ്പെടുത്തി അധിക വരുമാനം കണ്ടെത്താനാകുമോ, എന്നൊക്കെയുള്ള ചോദ്യങ്ങളാണ് ഉണ്ടായിരുന്നത്. സിപിഐ(എം)ന്റെ പോലും ആകെ എതിർപ്പ്, ജിഎസ്ടി നിലവിൽ വന്നു കഴിഞ്ഞാൽ, സംസ്ഥാനസർക്കാരുകൾക്ക് വിഭവ സമാഹരണത്തിനായി അവശേഷിക്കുന്ന അധികാരങ്ങളും നഷ്ടപ്പെട്ടു പോകും എന്നതായിരുന്നു. ദേശീയ ദുരന്തങ്ങൾ ഉണ്ടാകുമ്പോഴും, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ള വികസന പദ്ധതികൾ നടപ്പാക്കാനും, ഫണ്ടിനായി സംസ്ഥാന സർക്കാരുകൾക്ക് ഇനി കേന്ദ്രസർക്കാരിന്റെ ദയക്കായി കാത്തുനിൽക്കണം. അതുകൊണ്ടു തന്നെ, ജിഎസ്ടി നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്കുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കുന്നതിനുള്ള സംവിധാനം കൃത്യമായി ഉണ്ടാകേണ്ടതുണ്ട്. എന്നാലിപ്പോൾ, തന്റെ സർക്കാരിന് ജിഎസ്ടി നിയമത്തോട് എതിർപ്പില്ലെന്ന് കേരളത്തിന്റെ മുഖ്യമന്ത്രി, പിണറായി വിജയൻ പ്രസ്താവിച്ചു കഴിഞ്ഞിരിക്കുന്നു. അതായത്, സിപിഐ (എം) നേരത്തെ പൊതുജനത്തെ ബോധ്യപ്പെടുത്താനെന്നോണം പ്രകടിപ്പിച്ച ചെറിയ എതിർപ്പു പോലും ഇപ്പോൾ നിലനിൽക്കുന്നില്ലെന്നു കരുതണം. സഹിക്കാൻ വിധിക്കപ്പെട്ട ജനങ്ങളെ കൂടുതൽ ദുരിതത്തിലേക്കു തള്ളിവിടാനായി നടപ്പിലാക്കുന്ന ജിഎസ്ടിക്കു മേൽ ഉരുത്തിരിഞ്ഞ സമവായത്തിന്റെ ഭാഗമായി അവരും മാറിക്കഴിഞ്ഞിരിക്കുന്നു.

### ജനങ്ങൾ പ്രതിരോധിക്കണം

ഉലയുന്ന സാമ്പത്തിക അടിത്തറയെ തകർച്ചയിൽ നിന്നും രക്ഷിക്കാനായി, തങ്ങളുടെ സാമ്പത്തിക ശക്തിവർദ്ധിപ്പിക്കാനുള്ള അവസാനശ്രമത്തിനായി ഇറങ്ങിത്തിരിച്ചിരിക്കുന്ന, ഇന്ത്യയിലെ ഭരണവർഗ്ഗമായ മുതലാളിവർഗ്ഗം, അതിനായി തുടങ്ങിവെച്ച വൻതോതിലുള്ള സാമ്പത്തിക പരിഷ്കരണ പ്രക്രിയയുടെ അവിഭാജ്യഘടകമാണ് ഏകീകൃത നികുതി സംവിധാനമായ ജിഎസ്ടി എന്നത് വ്യക്തമാകുകയാണ്. പട്ടിണിയും ദുരിതവുമനുഭവിക്കുന്ന അധ്വാനിക്കുന്ന ജനങ്ങൾക്കുമേലുള്ള ഒരു തുറന്ന യുദ്ധം, അല്ലെങ്കിൽ ഒരു കടുത്ത ആക്രമണം തന്നെയായി മാറുകയാണിത്. ഇപ്പോൾ മുതലാളിത്തത്തിന്റെ ഏറ്റവും വിശ്വസ്തനായ രാഷ്ട്രീയ കാര്യദർശി എന്ന നിലയിൽ, ഈ പദ്ധതി നടപ്പിലാക്കിയെടുക്കാനുള്ള ഉത്തരവാദിത്തം ബിജെപിക്കാണ്. തങ്ങളുടെ മുൻഗാമിയായ കോൺഗ്രസിന്റെ അനുഭവത്തിൽ നിന്നും പാഠം പഠിച്ച്, മിക്കവാറും എല്ലാ വോട്ട് അധിഷ്ഠിത-അധികാര രാഷ്ട്രീയ-പാർലമെന്ററി കക്ഷികളുടെയും പിന്തുണ ഇതിനായി അവർ നേടിയെടുത്തു. ഈ സാഹചര്യത്തിൽ, ഇത്തരം രാക്ഷസസമാനമായ സാമ്പത്തികപരിഷ്കരണങ്ങൾക്കെതിരെ, ബോധപൂർവം പ്രതിഷേധമുയർത്തി, ശരിയായ നേതൃത്വത്തിനുകീഴിൽ സുശക്തവും സുസംഘടിതവുമായി നീണ്ടുനിൽക്കുന്ന പ്രക്ഷോഭം അഴിച്ചുവിടുക എന്നതല്ലാതെ ജനങ്ങൾക്ക് മറ്റൊരു വഴിയില്ല.

ഇവിടെ, മാർക്സിസം-ലെനിനിസം-ശിബ്ദാസ് ഘോഷ് ചിന്തയുടെ മഹത്തായ ആശയങ്ങളാൽ നയിക്കപ്പെടുന്ന സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്) പാർട്ടിയാണ്, ജിഎസ്ടിയെ സംബന്ധിക്കുന്ന മേൽപ്പറഞ്ഞ നിരീക്ഷണങ്ങൾ അവതരിപ്പിക്കുന്നത്. ഈ നിലപാട് വ്യതിരിക്തവും തികച്ചും ജനപക്ഷത്തു നിൽക്കുന്നതുമാണ്. ജിഎസ്ടിയും മറ്റ് പരിഷ്കരണ അജണ്ടകളും നടപ്പാക്കുന്നതിലെ ഹീനമായ ലക്ഷ്യങ്ങൾ തുറന്നു കാട്ടുവാനായി യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി മുന്നോട്ടു വരാൻ എല്ലാ ജനങ്ങളോടും ഞങ്ങൾ ആഹ്വാനം ചെയ്യുന്നു. ○

Date of Posting 9 th & 10 th of every month at RMS, Trivandrum.
Date of publishing 01/09/2016
REGISTERED
R. N. 24773/1992
P.R. No. KL/TV(N)/452/2015-2017

# UNITY
MALAYALAM MONTHLY

Vol 43 No.5
Price : Rs 5.00
September 2016

### എഐഡിഎസ്ഒ സംഘടിപ്പിക്കുന്ന

# 9-ാമത് സംസ്ഥാന വിദ്യാർത്ഥി സമ്മേളനം സ്വാഗത സംഘം രൂപീകരിച്ചു




**സ്വാഗതസംഘം രൂപീകരണ സമ്മേളനം കൊല്ലത്ത് പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്യുന്നു**

‘Save education, save culture’ എന്ന മുദ്ര്യാവാക്യമുയർത്തിക്കൊണ്ട് ഒക്ടോബർ 7,8,9 തീയതികളിൽ എഐഡിഎസ്ഒ കൊല്ലത്ത് സംഘടിപ്പിക്കുന്ന സംസ്ഥാന വിദ്യാർത്ഥി സമ്മേളനത്തിന്റെ സ്വാഗതസംഘം രൂപീകരിച്ചു. കൊല്ലം ശ്രീകണ്ഠൻ നായർ സ്മാരക ഹാളിൽ നടന്ന സ്വാഗത സംഘം രൂപീകരണ സമ്മേളനം പ്രശസ്ത കവി കുരീപ്പുഴ ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. പൊതുവിദ്യാഭ്യാസം സംരക്ഷിക്കപ്പെടേണ്ടത് സാമൂഹ്യ ആവശ്യകതയാണെന്നും കേരളീയ പൊതുസമൂഹത്തിൽ മതേതരബോധം വളർന്നുവന്നതിൽ പൊതുവിദ്യാലയങ്ങളുടെ പങ്ക് നിർണായകമാണെന്നും അതിനാൽ പൊതുസമൂഹത്തിന്റെ കൂട്ടായ ഇടപെടലുകളിലൂടെ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കപ്പെടണമെന്നും സ്കൂളുകൾ അടച്ചുപൂട്ടാനുള്ള ശ്രമങ്ങളെ പരാജയപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് ഇ.എൻ.ശാന്തിരാജ് അധ്യക്ഷത വഹിച്ച യോഗത്തിൽ സംസ്ഥാന സെക്രട്ടറി ബിനുബേബി വിഷയാവതരണം നടത്തി. കേരളശബ്ദം മാനേജിങ് എഡിറ്റർ ബി.എ.രാജാകൃഷ്ണൻ സംസ്ഥാന സമ്മേളനത്തിന്റെ ലോഗോ പ്രകാശനം നിർവ്വഹിച്ചു. ബ്രേക്ത്രൂ സയൻസ് സൊസൈറ്റി ജില്ലാ പ്രസിഡന്റ് ടെന്നിസൺ, എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ജില്ലാ സെക്രട്ടറി ജി.എസ്.പത്മകുമാർ, ജനകീയ പ്രതിരോധസമിതി ജില്ലാ വൈസ് പ്രസിഡന്റ് കെ.ഒ.മാത്യു പണിക്കർ, എഐഎംഎസ്എസ് സംസ്ഥാന സെക്രട്ടറി ഷൈല കെ. ജോൺ എന്നിവർ പ്രസംഗിച്ചു. എഐഡിഎസ്ഒ ജില്ലാ പ്രസിഡന്റ് മാനവ് ജ്യോതി സ്വാഗതവും ജില്ലാ വൈസ് പ്രസിഡന്റ് രാഹുൽ ആർ.നന്ദിയും രേഖപ്പെടുത്തി. സ്വാഗതസംഘത്തിന്റെ പാനൽ സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം വി.ഡി.സന്തോഷ് അവതരിപ്പിച്ചു.

കുരീപ്പുഴ ശ്രീകുമാർ, ബി.എ. രാജാകൃഷ്ണൻ എന്നിവർ രക്ഷാധികാരികളും എ.ജെയിംസ് പ്രസിഡന്റും ടെന്നിസൺ വൈസ് പ്രസിഡൻറും മാനവ് ജ്യോതി സെക്രട്ടറിയുമായി 60 അംഗ സ്വാഗതസംഘത്തിന് സമ്മേളനം രൂപം നൽകി. ○

# സംസ്ഥാന സേവ് എജ്യൂക്കേഷൻ സമ്മേളനം






**ആഗസ്റ്റ് 20 ന് തിരുവനന്തപുരത്ത് നടന്ന സംസ്ഥാന സേവ് എജ്യൂക്കേഷൻ സമ്മേളനം ഡോ.കെ.കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്യുന്നു**

**വി**ദ്യാഭ്യാസ രംഗത്തെ വാണിജ്യ-വർഗ്ഗീയ-ഫാസിസ്റ്റ് നയങ്ങൾക്കെതിരെ അഖിലേന്ത്യാ സേവ് എജ്യൂക്കേഷൻ കമ്മിറ്റി കേരളാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനതല സേവ് എജ്യൂക്കേഷൻ സമ്മേളനം തിരുവനന്തപുരത്ത് ആഗസ്റ്റ് 20 ന് സംഘടിപ്പിക്കപ്പെട്ടു. വിദ്യാഭ്യാസ രംഗം നേരിടുന്ന സുപ്രധാനമായ പ്രശ്നങ്ങൾക്കെതിരായി വിദ്യാഭ്യാസ സംരക്ഷണ സമരം വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച സമ്മേളനത്തിൽ കേരളത്തിലെ എല്ലാ ജില്ലകളിൽ നിന്നുമുള്ള പ്രാതിനിധ്യം ഉണ്ടായിരുന്നു.

ബാങ്ക് എംപ്ലോയീസ് യൂണിയൻ ഹാളിൽചേർന്ന സമ്മേളനം പ്രശസ്ത ചരിത്രകാരനും കോഴിക്കോട് സർവ്വകലാശാല മുൻ വൈസ് ചാൻസലറുമായ ഡോ.കെ.കെ.എൻ.കുറുപ്പ് ഉദ്ഘാടനം ചെയ്തു. ദേശീയ വിദ്യാഭ്യാസ രംഗം ആഗോളനിക്ഷേപകർക്ക് തുറന്നുകൊടുക്കാനുള്ള നിർദ്ദേശങ്ങളാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയരേഖയിൽ ഉൾപ്പെട്ടിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. 1986 മുതൽ കോൺഗ്രസ് സർക്കാരുകൾ കൊണ്ടുവന്ന ദേശീയ വിദ്യാഭ്യാസ നയപരിപ്രേക്ഷ്യം തന്നെയാണ് ബി.ജെ.പി. സർക്കാരിനുമുള്ളത്. എന്നു മാത്രമല്ല, വിദ്യാഭ്യാസ രംഗത്തെ അടിമുടി വർഗ്ഗീയവൽക്കരിക്കാൻ ഇന്ത്യയുടെ യഥാർത്ഥ ചരിത്രത്തെ പൂർണ്ണമായും തിരുത്തിയെഴുതാനുള്ള അപകടകരമായ നീക്കങ്ങളാണ് കേന്ദ്ര മാനവ-വിഭവ വികസന മന്ത്രാലയം നടത്തിക്കൊണ്ടിരിക്കുന്നത്-അദ്ദേഹം പറഞ്ഞു.

സേവ് എജ്യൂക്കേഷൻ കമ്മിറ്റി വൈസ് പ്രസിഡന്റ് ഡോ. വി. വേണുഗോപാൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ മുഖ്യ പ്രമേയം അവതരിപ്പിച്ചു. പൊതു വിദ്യാഭ്യാസ രംഗത്തെ രക്ഷിക്കണമെങ്കിൽ വികലമായ പാഠ്യപദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്നും ഉന്നത നിലവാരമുള്ള പാഠ്യപദ്ധതി രൂപപ്പെടുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അക്ഷരമറിയാത്തവരെ സൃഷ്ടിക്കുന്ന പഠന സമ്പ്രദായം അടിമുടി പൊളിച്ചെഴുതണമെന്നും അദ്ദേഹം പറഞ്ഞു.

സ്കൂൾ വിദ്യാഭ്യാസത്തെയും ഉന്നത വിദ്യാഭ്യാസത്തെയും തൊഴിലധിഷ്ഠിതമാക്കാനും വർഗ്ഗീയവൽക്കരിക്കാനും കേന്ദ്രസർക്കാരിന്റെ വരുതിയിലാക്കാനും ലക്ഷ്യമിടുന്ന ദേശീയ വിദ്യാഭ്യാസ നയം 2016 പിൻവലിക്കുക, സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം തകർത്ത ആൾപ്രമോഷൻ സമ്പ്രദായവും ഡിപിഇപി, എസ്എസ്എ പാഠ്യപദ്ധതികളും പിൻവലിക്കുക, ഉന്നത നിലവാരമുള്ള പാഠ്യപദ്ധതി നടപ്പിലാക്കുക, സർക്കാർ എയിഡഡ് സ്കൂളുകൾ അടച്ചുപൂട്ടരുത്; അവ സർക്കാർ ഏറ്റെടുക്കുക, ലാഭനഷ്ടത്തിന്റെ അടിസ്ഥാനത്തിൽ സ്കൂളുകളെ തരംതിരിക്കുന്നത് അവസാനിപ്പിക്കുക, കല ഐച്ഛികമായി പഠിച്ചവരെ സ്കൂളുകളിൽ കലാഅധ്യാപകരായി സ്ഥിരനിയമനം നടത്തുക, ഉന്നത വിദ്യാഭ്യാസ രംഗത്തെ കമ്പോളവൽക്കരണം അവസാനിപ്പിക്കുക, സ്വയം ഭരണ കോളേജുകളും സ്വകാര്യ സർവ്വകലാശാലകളും അനുവദിക്കരുത് വിദ്യാഭ്യാസ രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കരുത്, അടിസ്ഥാന ശാസ്ത്ര-മാനവിക-ഭാഷാ വിഷയങ്ങളെ നിരാകരിച്ച് ബിരുദ-ബിരുദാനന്തര കോഴ്സുകൾ തൊഴിലധിഷ്ഠിതമാക്കാനുള്ള നീക്കം ഉപേക്ഷിക്കുക, സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന എല്ലാ തസ്തികകളിലും പിഎസ്‌സി വഴി സ്ഥിരനിയമനം നടത്തുക, സ്വാശ്രയ വിദ്യാഭ്യാസ നയത്തിലൂടെ സാമ്പത്തിക ചുമതല സർക്കാർ കയ്യൊഴിഞ്ഞ് വിദ്യാർത്ഥികളെ കടക്കെണിയിലാക്കുന്ന നയം അവസാനിപ്പിക്കുക. വിദ്യാഭ്യാസ വായ്പ സമ്പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുക, നീറ്റ് നടപ്പിലാക്കരുത്, മെഡിക്കൽ-എൻജിനീയറിംഗ് പ്രവേശനത്തിൽ ഉൾപ്പെടെ മെറിറ്റ് കർശനമായി പാലിക്കുക, പ്രൈവറ്റ് രജിസ്ട്രേഷൻ നിലനിർത്തുക, പാരലൽ വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുക തുടങ്ങിയ ആവശ്യങ്ങൾ സമ്മേളനം ഉന്നയിക്കുകയുണ്ടായി. പ്രൊഫ.എൻ.സി. ഹരിദാസ്, അഡ്വ. ബി.കെ. രാജഗോപാൽ, പ്രൊഫ. കെ.വി.തോമസ്കുട്ടി, കായിക്കര ബാബു, ജി. നാരായണൻ, ശശികുമാർ എന്നിവർ പ്രസംഗിച്ചു. സേവ് എജ്യൂക്കേഷൻ കമ്മിറ്റി അഖിലേന്ത്യാ പ്രസിഡന്റായിരുന്ന അന്തരിച്ച ഡോ.എൻ.എ കരീമിന് ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ടുള്ള അനുസ്മരണ പ്രമേയം അഡ്വ.ഇ.എൻ.ശാന്തിരാജ് അവതരിപ്പിച്ചു. പുതിയ സംസ്ഥാന സേവ് എജ്യൂക്കേഷൻ കമ്മിറ്റി പാനൽ പാർത്ഥസാരഥി വർമ്മ അവതരിപ്പിച്ചു. ഡോ.കെ.കെ.എൻ കുറുപ്പ് ഉപദേശകനും പ്രൊഫ.കെ.ബി. ഉണ്ണിത്താൻ പ്രസിഡന്റും എം.ഷാജർഖാൻ സെക്രട്ടറിയുമായി പുതിയ സംസ്ഥാന കമ്മിറ്റിയെ സമ്മേളനം തെരഞ്ഞെടുത്തു. ഡോ.എ.കെ.രാമകൃഷ്ണൻ, പ്രൊഫ.കെ. അരവിന്ദാക്ഷൻ, ഡോ.വി.വേണുഗോപാൽ,ഡോ.കെ.എം.സീതി, അഡ്വ. മഞ്ചേരി സുന്ദർരാജ്, ഡോ.പി.എസ്.പണിക്കർ, ഡോ.എം. ശാർങ്ധരൻ എന്നിവർ വൈസ് പ്രസിഡന്റുമാരായി. ഓഫീസ് സെക്രട്ടറിയായി ഡോ. ഇ ശ്രീകുമാരനെയും ട്രഷററായി പ്രൊഫ.പി.എൻ.തങ്കച്ചനെയയും തെരഞ്ഞെടുത്തു. സേവ് എജ്യൂക്കേഷൻ പ്രസ്ഥാനം സംസ്ഥാന വ്യാപകമായി വളർത്തിയെടുക്കാനുള്ള കർമ്മപരിപാടികൾക്ക് സമ്മേളനം രൂപം നൽകി. ○

**2016 ഒക്ടോബർ**
**7,8,9**
**കൊല്ലം**

**‘SAVE EDUCATION, SAVE CULTURE’**
**എഐഡിഎസ്ഒ സംഘടിപ്പിക്കുന്ന**
**9-ാം സംസ്ഥാന വിദ്യാർത്ഥി സമ്മേളനം**

Edited, Printed & Published by C. K. Lukose, SUCI(C) Office, T.C. 12/1242, Law College Jn, Kunnukuzhy, Trivandrum - 695 035. *Ph:* 0471-2307151;
*E-mail:* unitymagazine@gmail.com; *Website:* **www.kerala.sucicommunist.org** on behalf of Kerala State Committee, SUCI(C).
Printed at Cochin Printech Pvt Ltd, Kochi.